
# ലോകവാണി

LOKAVANI ★ ★ ★ MADRAS.



പുസ്തകം 1 വില 4 അണ ലക്കം 10

## അടുത്ത ലക്കത്തിൽ

അടുത്ത ലക്കം ആഗസ്റ്റ് 15-ാം നു- സ്വാതന്ത്ര്യദിന വിശേഷാൽപതിപ്പായി പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രത്യേകലേഖനങ്ങൾ, ഏകാങ്കനാടകങ്ങൾ, ചെറുകഥകൾ ഇവ പ്രതീക്ഷിക്കുക


# WILFRED PEREIRA LTD.

**(Qualified Chemists)**

കാസം (ആസ്ത്മാ), ശ്വാസകോശം സംബന്ധിച്ചുള്ള രോഗങ്ങൾ ഇവയ്ക്കു കൈകണ്ട ഔഷധം.

## ബ്രോങ്കാസ്ത്മിൻ എല്ലിക്സീർ

വില കുപ്പി ഒന്നിന്ന് 3 ക. 4 ണ.

★

ശിശുക്കൾക്ക് സിദ്ധൌഷധം

ഞെട്ടൽ, അമ്ലപിത്തം, മുതലായ രോഗങ്ങൾക്കും, പല്ലു വരുമ്പോഴുള്ള അസുഖങ്ങൾക്കും പ്രത്യേകം ഗുണകരമായ

## ഗ്രൈപ്പ്വാൻഡ്

വില കുപ്പി ഒന്നിന്ന് 1 ക. 4 ണ.

മൊത്തമായും ചില്ലറയായും വില്ക്കുന്ന സ്ഥലം.

WILFRED PEREIRA LTD. Head Office, MADRAS

ശാഖകൾ :— കോയമ്പത്തൂർ, ഊട്ടക്കമണ്ട്, കണ്ണൂർ, കൊടൈക്കനാൽ, കൊട്ടഗിരി.

# ലോകവാണി

## ഉള്ളടക്കം

മുഖചിത്രം : തോമ്മസ് ഡ്യൂയി.

1. മലയാളലിപികൾ പരിഷ്ക്കരിക്കണമോ? : ജെ. മാത്യൂസ്.
2. ഞാനും എൻെറ വീണയും (കവിത) : ഇടയാറന്മുള കെ. എം. വറുഗീസ് ബി. എ. എൽ. ററി.
3. കേരളത്തിലെ കീററ്സ് : ജെ. എസ്സ്. കോട്ടൂർ.
4. പുസ്തകങ്ങൾ-'സുഖത്തിൻെറ പിന്നാലെ' : ഈശ്വരവാരിയർ.
5. ജീവചരിത്രസരണി— മാർക്ക് ടൈയിൻ : കെ. എം. ജി.
6. നോവലിനെപ്പററി : കെ. വി. കുര്യാക്കോസ്.
7. കടത്തുകാരൻ (ചെറുകഥ) : നിമ്മൽ ജേക്കബ്.
8. കുറപ്പിൻെറ ഭാഗ്യം : 'സർവ്വവ്യാപി'.
9. കഷായം : വാഗ്ഭടൻ.
10. തോമ്മസ് ഡ്യൂയി : ജി. പി.
11. ലോകാവലോകം : ഡാക്ടർ പി. സി. അലക്സാണ്ടർ.
12. വായനക്കാർ ലോകവാണിയിൽ.

—:0:—

**കുടകൾ**

ഇംഗ്ലീഷ് ഉരുക്ക പാത്തിക്കമ്പി, ജലം ചോരാത്ത പുറംശീല, മനോഹരവും പൊട്ടാത്തതുമായ സെലുലോയിഡു കാലുകൾ— ആകെപ്പാടേ നല്ല ബലവും ഭംഗിയുമുള്ള കുടകൾ, ഒന്നാംതരം കുടശ്ശീലകൾ ഇവ മൊത്തമായി വില്പാനുണ്ട്.

അപേക്ഷിക്കുക :

**NATIONAL UMBRELLAS LTD.,**
104, Varada Muthappan Street,
Post Box No. 1368,
Madras-1.

National Book Stall, KALARIKAL BAZAAR, KOTTAYAM.

ഒന്നാം തരം ആയുർവ്വേദ ഔഷധങ്ങൾക്കു്

## വൈദ്യരത്നം P. S. വാരിയരുടെ

# ആര്യവൈദ്യശാല

(Established 1902)

ഏററവും വിശ്വാസയോഗ്യം — അത്യന്തം ഫലപ്രദം

ഹെഡ്ഡ് ആപ്പീസ് : കോട്ടയ്ക്കൽ (S. Malabar.)

ശാഖകൾ :

കോഴിക്കോട്ട് (Phone No. 155), പാലക്കാട്ട്, തിരൂർ, ഈറോഡ്.

ആയുർവ്വേദവിധിപ്രകാരമുള്ള എല്ലാ മരുന്നുകളും ഇവിടെ എപ്പോഴും തയ്യാറുണ്ടു്. മററു വൈദ്യന്മാർ വിധിക്കുന്ന പ്രത്യേക യോഗങ്ങൾ, യോഗമുറ അറിയിച്ചു തന്നാൽ, മിതമായ ചെലവിൽ ഇവിടെ തയ്യാറാക്കിക്കൊടുക്കുന്നതാണു്.

ധാര, പിഴിച്ചിൽ, നവരക്കിഴി, വസ്തി മുതലായ പ്രത്യേക ചികിത്സകൾ നിഷ്കൃഷ്ടയോടെ, കോട്ടയ്ക്കൽ വെച്ചു നടത്തിക്കൊടുക്കുന്നതാണു്. തപാൽ മുഖേനയോ, റയിൽ വഴിക്കൊ മരുന്നുകളാവശ്യപ്പെടുന്നവർ ഹെഡ്ഡാപ്പീസിലേക്കു നേരിട്ടു് എഴുതേണ്ടതാണു്. കൂടുതൽ വിവരങ്ങൾക്കും ഔഷധപ്പട്ടികയ്ക്കും ആവശ്യപ്പെടുക.

മാനേജർ.

---

# ലോകവാണി

## ( ഒരു പ്രതിപക്ഷപത്രിക )

മാസന്തോറും 1, 15 എന്നീ തീയതികളിൽ
പ്രസിദ്ധപ്പെടുത്തുന്നതാണു്.

കേരളത്തിലെ പേരുകേട്ട എല്ലാസാഹിത്യകാരന്മാരും ലോകവാണിയിൽ എഴുതുന്നുണ്ടു്.

ഒററ പ്രതി 4 ണ. വരിസംഖ്യ ഒരു വർഷത്തേക്കു 6 ക.

കേരളത്തിനുള്ളിലും വെളിയിലും ഏജൻറന്മാരെ ആവശ്യമുണ്ടു്.

വ്യവസ്ഥകൾക്കു് ഉടനേ എഴുതുക :

*The Manager,*
**Lokavani Office,**
**TAMBARAM.**

# ലോകവാണി

വാല്യം 1  1-8-1948  ലക്കം 10


## ലിപി പരിഷ്കാരം

പുരോഗമനകാംക്ഷിയായ മനുഷ്യൻ നിലവിലിരിക്കുന്ന പലതും പരിഷ്കരിക്കാൻ ഉത്സാഹം പ്രദർശിപ്പിക്കുന്നു. ലാഭവും, സൗകര്യവും, കൂടുതൽ പ്രയോജനവുമാണ് എല്ലാ പരിഷ്കാരത്തിനും പ്രചോദകങ്ങളായിരിക്കേണ്ടതു്. ഇതിനിടയ്ക്കു കേവലം പുതുമയ്ക്കുവേണ്ടിയുള്ള പരിഷ്കാരങ്ങളും വെമ്പലോടു മുന്നോട്ടു കുതിക്കാറുണ്ടു്. അവയേയാണു നാം പ്രത്യേകം സൂക്ഷിക്കേണ്ടതു്. ലിപി പരിഷ്കാരം പൊതുജനങ്ങളുടെ ശ്രദ്ധയേ ആകർഷിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ, തൽസംബന്ധമായി ഇതുവരെ ഉന്നയിച്ചിട്ടുള്ള അഭിപ്രായങ്ങളേ ഒന്നു പരിശോധിക്കുന്നതു് അസ്ഥാനത്താകയില്ലല്ലോ.

ഭാരതീയഭാഷകൾക്കെല്ലാം ഒരു പൊതു ലിപി ഉണ്ടായിരിക്കണമെന്നും, അതു് ഇംഗ്ലീഷുഭാഷ ഉപയോഗിക്കുന്ന റോമൻലിപി തന്നെ ആയിരിക്കുന്നതു നന്നായിരിക്കുമെന്നും ഈ അടുത്ത കാലത്തു ചില രാഷ്ട്രീയ നേതാക്കന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഈ അഭിപ്രായത്തിന്റെ പൂർവ്വഭാഗത്തോടു യോജിക്കുന്ന ചില ഭാഷാപണ്ഡിതന്മാർ അതു നാഗരിലിപി ആയിരിക്കയാണു ഉത്തമമെന്നു പ്രസ്താവിച്ചിട്ടുള്ളതായും കാണുന്നു. ഭാഷകൾ പഠിക്കുന്നതിനു ലിപിവൈജാത്യം ഒരു ബാധകമായി നിൽക്കരുതെന്നുള്ളതാണു പൊതുലിപി സ്വീകരിക്കണമെന്നു പറയുന്നതിന്റെ അടിസ്ഥാനം.(1) ഇങ്ങനെയിരിക്കുന്ന ഘട്ടത്തിൽ, മലയാളഭാഷയുടെ ലിപി വ്യവസ്ഥയിൽ ഒരു സമൂലപരിവർത്തനം ഉണ്ടാകേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ചില പത്രാധിപന്മാർ മുന്നോട്ടു വന്നിരിക്കയാണു്.

ലോകമിത്രം പത്രാധിപർ ശ്രീ. എൻ. കെ. നാരായണൻ (മയ്യനാടു്) മലയാളഭാഷയുടെ സകല ആവശ്യങ്ങളും പത്തു ലിപികൾ കൊണ്ടു നിർവ്വഹിക്കത്തക്കവണ്ണം ഒരു കണ്ടുപിടിത്തം ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ പ്രഖ്യാപനം ചെയ്തിരിക്കുന്നു. പല പത്രങ്ങളും പ്രസിദ്ധീകരിച്ചിരുന്ന ഈ പദ്ധതി സശ്രദ്ധം വായിച്ചുനോക്കിയെങ്കിലും, അതിന്റെ 16 കൂട്ടം ഗുണ

(1) പ്രബന്ധചന്ദ്രിക പുറം— ഭാരതത്തിലെ ഭാഷാപ്രശ്നം.

ങ്ങൾ മനസ്സിലാക്കിയെന്നല്ലാതെ ആ കണ്ടുപിടിത്തം എന്താണെന്നു് ഇതു വരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അതു് ഒരു വലിയ രഹസ്യമായി അദ്ദേഹം വെച്ചുകൊണ്ടിരിക്കയായിരിക്കാം. ഏതായാലും തിരുവിതാംകൂർ, കൊച്ചി, മദ്രാസ് എന്നീ ഗവണ്മെൻറുകളെ അദ്ദേഹം അറിയിച്ചിട്ടുണ്ടു്. പൊതുജനങ്ങളുടെ വിമർശത്തിനു അതു വിഷയമാക്കാത്തതിൻെറ രഹസ്യം അറിയുന്നില്ല. മരുന്നു വില്പനക്കാരൻെറ സർവ്വരോഗ സംഹാരി പോലും ഒരു സാമ്പിൾ കിട്ടാതിരിക്കയില്ല. ഏതായാലും 20-ൽ പരം കൊല്ലത്തെ ആലോചനയുടെ ഫലമായി കണ്ടുപിടിച്ച ഈ പുതിയ പദ്ധതി വിശദീകരിക്കുന്നതിനു മുമ്പേ നമുക്കു് അതിനേക്കുറിച്ചു് ഒന്നും പറയാൻ നിവൃത്തിയില്ല.

ഇങ്ങനെയിരിക്കുമ്പോഴാണു് ഇക്കഴിഞ്ഞ ജൂലായി 20-ാംനു- പതാക പത്രാധിപർ ശ്രീ. ടി. എസ്സ്. ഭട്ടതിരിപ്പാട് ചില അവകാശവാദങ്ങളുമായി വന്നിരിക്കുന്നതു്. പത്തു ലിപികൾ കൊണ്ടു ഭാരതഭാഷകളുടെയെല്ലാം ആവശ്യം നിർവ്വഹിക്കാമെന്നു സ്ഥാപിച്ചുകൊണ്ടു് അദ്ദേഹം ഒരു പുസ്തകം രണ്ടുവർഷം മുമ്പു പ്രസിദ്ധീകരിച്ചിരുന്നുവത്രേ. ഇപ്പോൾ അദ്ദേഹം തന്നേ പറയുന്നു പത്തു് ആവശ്യമില്ല കേവലം എട്ടു മാത്രം മതി എന്നു്. ഭാഗ്യവശാൽ ഇദ്ദേഹം പ്രസ്തുത പദ്ധതി വിശദീകരിച്ചിട്ടുണ്ടു്. അ, ക, ച, ട, ത, പ, ര, ശ എന്ന എട്ടക്ഷരങ്ങളുടെ തലയിൽ പലവിധത്തിൽ കുത്തും വെട്ടും ഏല്പിച്ചു് പലതാക്കുകയെന്നുള്ളതാണു് അതിൻെറ തത്വരഹസ്യം. ഇതെങ്ങിനെയും സഹിക്കാമെന്നു വെയ്ക്കുക. അടുത്ത കണ്ടുപിടിത്തം കുറെ ഭയങ്കരംതന്നെ അതിൻെറ ഉപജ്ഞാതാവു ശ്രീ. എം. പി. നമ്പീശനാണു്. (പത്രാധിപരാണോ എന്നു നിശ്ചയമില്ല). അദ്ദേഹം പറയുന്നതു് ഒരു ഒററ അക്ഷരം മതിയെന്നാണു്. 'അ' എന്ന അക്ഷരത്തേ പലവിധത്തിൽ നിർത്തിയും ഇരുത്തിയും കിടത്തിയും എട്ടാക്കിയ ശേഷം കുത്തും വെട്ടും കെട്ടി വെച്ചാൽ മതിയെന്നാണു്. 'അ'യ്ക്കു വരുന്ന കഷ്ടപ്പാട്! ഇത്രയും നാൾ നമ്മേ സേവിച്ച ഈ ആദ്യക്ഷരത്തോടു് ഇത്തരം കടുംകൈയ്യു് ചെയ്യുന്നതു ശരിയല്ലെന്നു തോന്നിയ കേരളഭൂഷണം പത്രാധിപർ, ഒരു വട്ടം (o) ഇട്ടു കാര്യം നിർവ്വഹിച്ചാൽ മതി എന്നു പറഞ്ഞതപ്പോൾ, നമ്പൂരിയുടെ വളയമില്ലാച്ചാട്ടത്തോളം എത്തിക്കഴിഞ്ഞു. ഇതാണു് ലിപി പരിഷ്കാരത്തിൻെറ ഗതി.

ഇതൊക്കെ കേട്ടപ്പോൾ പണ്ടു ചില മൈറെസ്സുകൾ വിദ്യാർത്ഥികൾ രഹസ്യക[...]കൾ എഴുതുന്നതിനായി കണ്ടുപിടി[...] പദ്ധതിയാണു് ഓർമ്മ വരുന്നതു്. അവർ ഒരക്ഷരവും എടുക്കാതെ മുഴുവൻ അക്കങ്ങൾ കൊണ്ടു നിർവ്വഹിച്ചു. 1 മുതൽ 9 വരെയുള്ള അക്കങ്ങളുടെ മുകളിൽ രണ്ടു തരം ചിഹ്നങ്ങൾ ഇടുമ്പോൾ (9x3) 27 സങ്കേതങ്ങൾ ലഭിക്കുന്നു. ഇംഗ്ലീഷിലെ 26 അക്ഷരങ്ങൾ മാത്രമേ അവക്കു് ആവശ്യമുണ്ടായിരുന്നുള്ളു. ഇതിൽ ഉപരിയായ എന്തു മേന്മയാണു നാം ഈ പുതിയ കണ്ടുപിടിത്തങ്ങളിൽ കാണുന്നതു്!

## ലിപി കണ്ണിനുള്ള സങ്കേതമാണു്

മനസ്സിൻെറ ആവിഷ്കാരത്തിനുള്ള ഉപകരണമാണു ഭാഷ. അതിനു പയോഗിക്കുന്ന സങ്കേതങ്ങളാണു പല

തരം ശബ്ദങ്ങൾ. ഭാഷാശബ്ദങ്ങളും ലിപികളും ഏതോ ഒരു സമർത്ഥൻ ഒരു ദിവസം അങ്ങു കണ്ടുപിടിച്ചതല്ല. മനുഷ്യന്റെ നൈസർഗ്ഗികമായ ആവശ്യത്തിൽ നിന്നും ആവിർഭവിച്ചതും, വളരെ ശതവർഷങ്ങളായി പരിഷ്കരിച്ചു പരിഷ്കരിച്ചു ഒരു രൂപത്തിൽ എത്തിയിട്ടുള്ളതുമാണ് ഇന്നു നമുക്കു ലഭിച്ചിട്ടുള്ള സങ്കേതങ്ങൾ. അതുകൊണ്ട് അവ സർവ്വസമ്പൂർണ്ണങ്ങളാണെന്നോ ഇനി പരിഷ്കരിക്കേണ്ട ആവശ്യമില്ലെന്നോ ഇവിടെ സൂചിപ്പിക്കുന്നില്ല എങ്കിലും പരിഷ്കാരനിർദ്ദേശങ്ങൾ അവധാനപൂർവ്വം ആലോചിച്ചു ചെയ്യേണ്ടതാണെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. ശബ്ദമുണ്ടാക്കുന്നതിനുള്ള ശക്തി മിക്കവാറും എല്ലാ മൃഗങ്ങൾക്കും ഉണ്ടെങ്കിലും, മനുഷ്യനെപ്പോലെ ഇത്ര സമൃദ്ധമായ തോതിൽ മറ്റൊരു മൃഗവും പ്രസ്തുത ശക്തി വെളിപ്പെടുത്തുന്നില്ല. എന്നാൽ പ്രാചീനമനുഷ്യനു നമ്മെപ്പോലെ ഇത്ര സ്പഷ്ടമായോ, വിവിധമായോ ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ സാധിച്ചിരുന്നെന്നു തോന്നുന്നില്ല. 'ചുട്ടി'–'കുട്ടി' എന്ന രണ്ടു ശബ്ദങ്ങൾ തമ്മിൽ വലിയ ഭേദമൊന്നും ഇല്ലെങ്കിലും, അവ തിരിച്ചറിയത്തക്കവണ്ണം പറയാൻ ഇന്നാർക്കും പ്രയാസമില്ല. പക്ഷേ പണ്ട് സൂക്ഷ്മമായുള്ള വ്യത്യാസങ്ങൾ അറിയത്തക്കവണ്ണം ഉച്ചാരണത്തിനു വ്യക്തത ഉണ്ടായിരുന്നില്ല. അങ്ങനെ അവ്യക്തമായി നിർദ്ദേശിക്കുന്നതിനു മാത്രം സഹായകമായിരുന്ന ശബ്ദസമൂഹത്തിൽ നിന്നു വളരെക്കാലം കൊണ്ടു വ്യക്തതരമായി ശാബ്ദികഭാഷ ഉണ്ടായി. ഓരോ ശബ്ദത്തിനും, ശബ്ദസമൂഹത്തിനും സങ്കേതപ്രകാരം ഖണ്ഡിതമായ അർത്ഥവും ഉണ്ടായി.

ഇപ്രകാരം ഭാഷ ശബ്ദനിഷ്ഠമായി വളരെക്കാലം കഴിഞ്ഞുവെങ്കിലും, ക്രമേണ ആ സങ്കേതത്തിനുള്ള ദൗർബ്ബല്യം മനുഷ്യനു ബോധപ്പെട്ടു. കാരണം മനുഷ്യന്റെ ഓർമ്മശക്തിയെ ആശ്രയിച്ചാണ് അതിന്റെ ആയുസ്സു സ്ഥിതിചെയ്തിരുന്നതു്. ഒടുവിൽ ഭാഷ കാലത്തിൽ നിന്നും സ്ഥലത്തിലേക്കു പരിവർത്തനം ചെയ്തു. ആ പരിവർത്തനത്തിനു് ഒരു പുതിയ ദൃശ്യസങ്കേതം ആവശ്യമായിരുന്നു. അതാണു ലിപി. അങ്ങനെ കാലത്തിൽ നിന്നും സ്ഥലത്തിലേക്കു പകർന്ന ഭാഷ ചിരഞ്ജീവി ആയിത്തീരുകയും ചെയ്തു. അതുകൊണ്ട്, ഭാഷയുടെ കാലസംബന്ധമായ ഘടകത്തിനു് ഉള്ള പ്രത്യേക വിലയും നിലയും നശിച്ചിട്ടില്ല ; ഒരു കാലത്തും നശിക്കുകയുമില്ല.

കാലത്തിൽ വർത്തിക്കുന്ന ശബ്ദങ്ങൾക്കു പകരമായി സ്ഥലത്തിൽ വർത്തിക്കുന്ന പ്രത്യേക സങ്കേതങ്ങളാണു ലിപികൾ. അപ്പോൾ ഓരോ ശബ്ദത്തിനും, ഓരോ സങ്കേതം (ലിപി) വേണമെന്നു സിദ്ധിക്കുന്നു. ലിപികൾ കുറയ്ക്കണമെന്നു വാദിക്കുന്ന ആളുകൾ ശബ്ദങ്ങൾ കുറയ്ക്കണമെന്നു പറയുന്നില്ല. (അങ്ങനെ ശഠിച്ചാൽ ഭാഷ തന്നെ ഭേദപ്പെടുത്തുകയേ നിവൃത്തിയുള്ളല്ലോ.) അതിനാൽ ശബ്ദങ്ങളൊന്നും ഭേദപ്പെടുത്താതെ, അവയുടെ സങ്കേതങ്ങളുടെ എണ്ണം കുറയ്ക്കാനുള്ള ശ്രമമാണ് അവർ ചെയ്യുന്നതു്. സങ്കേതങ്ങളുടെ (ലിപികളുടെ) എണ്ണം മാത്രം കുറയ്ക്കുക എന്നതു യുക്തിസഹമല്ല. പക്ഷേ അതിനുള്ള ചിഹ്നങ്ങൾ ലഘൂകരിക്കാൻ സാധിക്കുന്നതാണ്. 'ക' എന്ന അക്ഷരം എഴുതി മുകളിൽ ഒരു വരയിട്ടാൽ (ക̄), ഗ എന്നാകട്ടെ

എന്നൊരാൾ പറയുന്നു. അപ്പോൾ 'ക'യ്ക്കും, 'ഗ'യ്ക്കും ഒരേ ലിപി മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്നാണ് അയാളുടെ ഭാവം. പക്ഷേ ഇവിടെയും രണ്ടു സങ്കേതങ്ങൾ തന്നെയുണ്ട്. കാരണം ആ വര ഒരു പുതിയ സങ്കേതം ആകുന്നു. മുകളിൽ ചേർക്കുന്ന കുത്തുകളും വരകളും ഒന്നും പുതിയ സങ്കേതങ്ങളല്ല എന്നാണ് ഇവരുടെ വിചാരം. അവിടെയാണു പിശകു പററിയിരിക്കുന്നത്. കുത്തുകളും വരകളും റോമൻലിപികളുടെ മുകളിൽ ചേർത്ത് ഉച്ചാരണഭേദങ്ങൾ കാണിക്കുന്ന സമ്പ്രദായം വളരെ പഴക്കമുള്ളതാണ്. അത് ഒരു പുതിയ കണ്ടുപിടിത്തമാണെന്നു വിചാരിക്കുന്നതും അഭിലഷണീയമല്ല.

## ലാഭമെവിടെ?

ഇതോടു ചേർത്തു മറെറാന്നുകൂടെ പറയാനുണ്ട്. കുത്തും, വരയും ഒററ നോട്ടത്തിൽ ഏററവും ലളിതമായ ചിഹ്നങ്ങളാണെന്നു തോന്നിയേക്കാമെങ്കിലും, പ്രയോഗത്തിൽ അങ്ങനെയല്ല എന്നു തെളിയുന്നതാണ്. അച്ചടിയിലാണെങ്കിൽ കുത്തായാലും വരയായാലും ഒരു അച്ചു കൂടി എടുത്തു മുകളിൽ വെയ്ക്കേണ്ടതായിട്ടാണിരിക്കുന്നത്. (പ്രത്യേക ക്രമീകരണം കൂടാതെ മുകളിൽ ചേർക്കുന്നതു അസാദ്ധ്യവുമാണ്.) ഇപ്പോഴത്തെ കുത്തുകൾ തെളിയാതിരുന്നാൽ തന്നെയും, ഒരു മട്ടിൽ വായിച്ചു ശരിയാക്കാം. പക്ഷേ ഈ പുതിയ കുത്തുകൾ തെളിയാതെ വന്നാൽ കാര്യം അപകടത്തിലാവും. എഴുതിപ്പോകുമ്പോൾ പേന പൊക്കി കുത്തോ വരയോ ഇടുന്നതു, തുടർച്ചയായി വരച്ചുപോകുന്നതിനേക്കാൾ ശ്രമകരമാണ്. എന്റെ അഭിപ്രായം ലിപിസമൂഹം പ്രഥമവും പ്രധാനവുമായി കൈ കൊണ്ടു എഴുതാനുള്ളതാണെന്നത്രേ. അപ്പോൾ എഴുത്തിലുള്ള സൗകര്യവും ലാഭവുമാണു ആദ്യം നോക്കേണ്ടത്. അതിനാൽ മലയാളലിപികളുടെ വളവുവളരെ അനുഗ്രഹകരമാണെന്നു തോന്നുന്നു. പക്ഷേ അതിന്റെ ചില വളവുകളും ചുരുട്ടിക്കെട്ടുകളും ലഘൂകരിച്ചാൽ നന്നായിരിക്കും. അച്ചടിയും, ടൈപ്പടിയും ഒക്കെ രണ്ടാമതുവരുന്ന കാര്യങ്ങളാണ്. യന്ത്രത്തിനു വേണ്ടി എന്റെ കൈയുടെ സൗകര്യം ബലികഴിപ്പാൻ ഞാൻ ഒരുക്കമില്ല. എന്റെ കൈകളെ സേവിക്കുകയാണു യന്ത്രത്തിന്റെ കർത്തവ്യം. ഇപ്പോഴത്തെ യന്ത്രങ്ങൾ അതിനു പര്യാപ്തങ്ങളല്ലെങ്കിൽ, ബുദ്ധിയുള്ള മലയാളികൾ പുതിയ യന്ത്രങ്ങൾ കണ്ടുപിടിക്കട്ടെ. ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന 26 ലിപികളെ പ്രശംസിക്കുന്ന ആളുകൾ, അവരുടെ ഓരോ ലിപിക്കും 4 രൂപങ്ങൾ ഉള്ള കാര്യം ഓർക്കാറില്ല. വലിയക്ഷരം, ചെറിയക്ഷരം, അച്ചടിയക്ഷരം, എഴുത്തക്ഷരം എന്നിങ്ങനെ 4 തരത്തിൽ ഉള്ളതു ആകെ ചേർക്കുമ്പോൾ 104 ലിപികളായിക്കഴിഞ്ഞു. അവ തമ്മിൽ രൂപസാമ്യമുണ്ടെന്നു സമ്മതിക്കുന്നു. എങ്കിലും അച്ചടിയിലെ അച്ചടക്കവും വളവില്ലായ്മയും കൈയ്യെഴുത്തിൽ സാദ്ധ്യമല്ല എന്നവർ സമ്മതിച്ചുകഴിഞ്ഞില്ലേ?

## മലയാളത്തിലെ വ്യവസ്ഥ.

ഈ ലക്കത്തിലുള്ള ശ്രീ. ജെ. മാത്യൂസിന്റെ ലേഖനത്തിൽ, ലിപിവ്യവസ്ഥയിലുള്ള ചില അശാസ്ത്രീയതകളെ ചൂണ്ടിക്കാണിക്കയും, റോമൻ ലിപികൾ സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നു അഭിപ്രായപ്പെടുകയും

ചെയ്തിരിക്കുന്നു. വ്യഞ്ജനങ്ങളോടു ചേരുന്ന സ്വരചിഹ്നം പലവിധത്തിൽ ഇരിക്കുന്നു, കൂട്ടക്ഷരങ്ങൾ ഉണ്ടാകുന്നതിനു ഖണ്ഡിതമായ ഒരു വ്യവസ്ഥയില്ല, ഉച്ചാരണത്തിന്റെ പൗർവ്വാപര്യം എഴുത്തിൽ ദീക്ഷിക്കുന്നില്ല, കൂട്ടക്ഷരത്തിനും ചില്ലിനുമൊക്കെ പ്രത്യേകം ലിപികൾ ഉള്ളതുകൊണ്ടു ആകെത്തുക വളരെ വർദ്ധിച്ചിരിക്കുന്നു എന്നിത്രയുമാണു ഇപ്പോഴത്തെ ലിപിവ്യവസ്ഥയുള്ള ന്യൂനതകളായി അദ്ദേഹം എടുത്തു കാണിച്ചിട്ടുള്ളതു്. വിസ്തരിച്ചു ഇവയെക്കുറിച്ചു വിമർശിക്കുന്നതിനു സൗകര്യമില്ല, എങ്കിലും ഒരു ഭാഗം പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. 'കു' എന്നെഴുതുന്നതിനു പകരം 'കഉ' എന്നെഴുതിയാൽ പോരേ എന്നാണു അദ്ദേഹം ചോദിക്കുന്നതു്. സ്ഥലം അല്പം കൂടുതൽ എടുക്കുന്നുണ്ടെങ്കിലും കുനിപ്പിന്റെ കഥ വിശേഷിച്ചു പഠിക്കേണ്ടതില്ല എന്നൊരു ലാഭമുണ്ടു്. വ്യഞ്ജനങ്ങൾ ഒക്കെ സാധാരണ എഴുതുമ്പോലെ ചേർക്കുമ്പോൾ ശുദ്ധസ്വരം ചേരാത്ത വ്യഞ്ജനങ്ങളായി കണക്കാക്കിയാൽ, 'ക്ഉ' എന്നു് എഴുതേണ്ട ആവശ്യവുമില്ല. അപ്പോൾ 'കൊട്ടാരത്തിൽ ശങ്കുണ്ണി', 'കൊടടാരതതിൽ ശങകുണണി' ആയി മാത്രം നിൽക്കയില്ല; കുറേക്കൂടെ നീണ്ടു 'കഒടടആരഅതതഇല ശഅങകഉണണഇ' എന്നായിത്തീരും. ഈ മൂന്നിൽ ഒടുവിലത്തേതാണു കൂടുതൽ ശാസ്ത്രീയം എന്നു ഒരുവിധത്തിൽ സമ്മതിക്കണം. ലാഭനഷ്ടങ്ങൾ ശരിക്കു നോക്കാതെ ലഘുവായ നിയമങ്ങൾ ഉണ്ടാക്കി അതനുസരിച്ചു കാര്യങ്ങൾ വരുന്നതുപോലെ കൊണ്ടുപോകണമോ, അതോ ലാഭനഷ്ടങ്ങൾ നിർണ്ണയിച്ചു ഏററവും ലാഭകരമായിട്ടുള്ളതിനു ചേർന്ന നിയമങ്ങൾ സൃഷ്ടിച്ചു അതു ശാസ്ത്രീയമായി ഗണിക്കണമോ എന്നുള്ള പ്രധാന ചോദ്യമാണു് ഇവിടെ ചോദിക്കാനുള്ളതു്. ഈ ഉദാഹരണത്തിൽ 13 ലിപികൾ 19 ആയിത്തീരുന്നു. ഒരു ലാഭത്തിനു ഒരു നഷ്ടവുമുണ്ടു്. പക്ഷേ അധികലാഭം പെരും ചേരമാണെന്നുള്ള ചൊല്ലും ഓർക്കേണ്ടതാണു്.

ഇനി റോമൻ ലിപി (ഉച്ചാരണഭേദക്കുറികളോടുകൂടിയതു്) സ്വീകരിക്കുന്ന പക്ഷം ഈ 'ശങ്കുണ്ണി' വീണ്ടും ഇതുപോലെ 19 ലിപിയിൽ തന്നെ കിടന്നു നീളുന്നതായി കാണാം. (Kottarathil Sankunni). എന്നാൽ പിന്നെ നമ്മുടേതുതന്നെ പോരെ – സായ്പിന്റെ ലിപികൾ കടമെടുക്കുന്നതെന്തിനാണു്? അച്ചടിയിലും ടൈപ്പ്റൈറ്ററിലും ഉള്ള സൗകര്യമാണെങ്കിൽ, ഉച്ചാരണഭേദക്കുറികളുടെ കാര്യം വരുമ്പോൾ പിന്നെ മിണ്ടാൻ നിവൃത്തിയുമില്ല. പിന്നെ എന്താണു ലാഭം - എന്താണു സൗകര്യം? എന്താണു കൂടുതൽ പ്രയോജനം?

മഹാപണ്ഡിതനായ ബർനാഡ്ഷാ റോമൻലിപിയുടെ അശാസ്ത്രീയതയേയും, അതു ഉപയോഗിക്കുന്നതുമൂലമുള്ള വമ്പിച്ച സമയനഷ്ടത്തേയും പററി ഉദ്വേഗത്തോടു വിമർശിക്കുമ്പോൾ, നാം കണ്ണുമടച്ചു അതിനെ ആലിംഗനം ചെയ്വാൻ വെമ്പുകയാണോ? ഇത്രയും പറഞ്ഞതുകൊണ്ടു നമ്മുടെ ലിപിവ്യവസ്ഥ ഒരു വിധത്തിലും പരിഷ്കരിക്കേണ്ട ആവശ്യമില്ല എന്നു പറയുന്നതായി ധരിക്കരുതെന്നപേക്ഷ. സാർവലൗകികശാസ്ത്രസംജ്ഞകൾ നാം സ്വീകരിച്ചു പ്രയോഗിക്കാൻ തുടങ്ങുമ്പോൾ പ്രത്യേകിച്ചും ചില പരിഷ്കാരങ്ങൾ ആ

# തിരുവിതാംകൂറിലെ രാഷ്ട്രീയ മണ്ഡലം

തിരുവിതാംകൂറിലെ മന്ത്രിസഭ വികസിപ്പിക്കുകയും, രണ്ടു മന്ത്രിമാർ രാജി വെയ്ക്കുകയും ചെയ്തു എന്ന വാർത്ത ഒരേ സമയത്താണു പ്രചരിച്ചതു്. സ്വാർത്ഥമതികളായ ചില വ്യക്തികളെ ഒഴിച്ചു, രാജ്യക്ഷേമകാംക്ഷികളായ എല്ലാവരേയും കഠിനമായ നൈരാശ്യത്തിൽ നീററിയ വാർത്തകളാണു മന്ത്രിസഭാകുഴപ്പം സംബന്ധിച്ചു കേട്ടുകൊണ്ടിരുന്നതു്. ഈ സ്തംഭനാവസ്ഥ മാററുന്നതിന്നായി പല പ്രമുഖവ്യക്തികളും ഹൃദയപൂർവ്വം പരിശ്രമിച്ചിരുന്നു. ഒടുവിൽ മന്ത്രിമാർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ തീരുകയും ശ്രീ. കേശവനും ശ്രീ. വറുഗീസ്സും രാജി പിൻവലിക്കുകയും ചെയ്തിരിക്കുന്നു. ജനകീയഭരണത്തിൽ വിശ്വാസമുള്ള സകല മനുഷ്യരേയും സന്തോഷിപ്പിക്കുന്ന ഒരു വാർത്തയാണു് ഇതു്. ഈ പരീക്ഷണഘട്ടം പിളർപ്പിൽ കലാശിക്കാതെ തരണം ചെയ്തു ഒരു സൗഹാർദ്ദ മനോഭാവത്തിൽ എത്തിച്ചേരുന്നതിനു കാരണം മന്ത്രിമാരുടെ സഹിഷ്ണുതയും, നട്ടെല്ലുള്ള ചില പ്രമാണികളുടെ സഹകരണവുമാണു്. അവരേയെല്ലാം അനുമോദിക്കുന്നു.

ഉത്തരവാദിത്വവും, അധികാരവും, ധാരാളം ജോലിയും ഒരു വ്യക്തിക്കു ഉണ്ടാകുമ്പോൾ അതോടു ചേർന്നു ചില രോഗങ്ങളും അറിയാതെ അയാളുടെ മനസ്സിൽ കടന്നുകൂടുന്നു. അധികാരഭ്രമം, മർക്കടമുഷ്ടി, ഗർവ്വു് ഇവയുടെ അണുക്കളാണു സാധാരണ കടന്നുകൂടുന്നതു്. ആത്മപരിശോധനമൂലവും, അഭ്യുദയകാംക്ഷികളായ സുഹൃത്തുക്കളുടെ തുറന്ന വിമർശനം മൂലവും രോഗാണുക്കൾ വല്ലാതെ വ്യാപിക്കാതെ നിയന്ത്രണത്തിൽ നിർത്താൻ കഴിയുന്നതാണ്. പക്ഷേ ഇക്കാര്യങ്ങളിൽ ശ്രദ്ധിക്കാതെ മുമ്പോട്ടു പോയാൽ, കാലതാമസം കൂടാതെ ഒരു ശസ്ത്രക്രിയ തന്നെ ചെയ്യേണ്ടി വരും. അപ്പോഴും അതു അപായകരമല്ലെങ്കിൽ തന്നെ തികച്ചും അസുഖകരമായിരിക്കും. ഈ സത്യം സാമുദായികമണ്ഡലങ്ങളിലും, രാഷ്ട്രീയമണ്ഡലങ്ങളിലും നേതൃത്വം വഹിക്കുന്നവർക്കു പുത്തരിയല്ലെങ്കിലും, ഈ ആവർത്തനം കൊണ്ടു ഗുണമല്ലാതെ ദോഷമുണ്ടാകാൻ ഇടയില്ല.

—*—

വശ്യമായി വരും. പക്ഷെ ഇതൊക്കെ ചെപ്പടിവിദ്യപോലെ സാധിച്ചുകളയാമെന്നു് ആരും വ്യാമോഹിച്ചുപോകരുതു് എന്നു മാത്രം പറഞ്ഞുകൊണ്ടു ഇപ്പോൾ നിർത്തുന്നു.

——

# മലയാളലിപികൾ പരിഷ്കരിക്കണമോ?

ജെ. മാത്യൂസ്.

മലയാള ലിപികൾ പരിഷ്കരിക്കണമോ? വേണം വേണമെന്നു് ഒരു നൂറാവൃത്തി പറകയും എഴുതുകയും ചെയ്തുകഴിഞ്ഞെങ്കിലും പ്രയോഗപഥത്തിൽ ഒരടിയെങ്കിലും മുൻവച്ചിട്ടുള്ളതായി അറിയുന്നില്ല. ഗവൺമെൻറിൻെറ നേതൃത്വത്തിലല്ലാതെ ഒന്നും സാധിക്കുന്ന മട്ടില്ല. ഗവൺമെൻറാകട്ടെ പൊറുതിമുട്ടിയെങ്കിലേ എന്തെങ്കിലും ചെയ്യൂ താനും. ഭാഗ്യദോഷത്തിനു് മലയാളിക്കു് മൂന്നു ഭരണക്കൂടങ്ങളുടെ പടിവാതുക്കൽ കാത്തുകിടക്കേണ്ടിയുമിരിക്കുന്നു. എങ്കിലും അവ ജനകീയ ഭരണക്കൂടങ്ങളായി രൂപമെടുത്തുകഴിഞ്ഞിരിക്കയാൽ ഇനിയും ഭരണീയരുടെയും ഭരണകർത്താക്കളുടെയും ആവശ്യങ്ങൾ അഭിന്നമായി ഗണിക്കപ്പെടാമെന്നുള്ളതിനാൽ ആശയ്ക്കു വഴിയുണ്ടു്.

ലിപിപരിഷ്കരണ വിഷയമായി ഇന്നോളം പ്രകടിതമായിട്ടുള്ള പ്രധാന അഭിപ്രായഗതികളെ കൂട്ടിപ്പിടിച്ചു വിമർശിക്കാനാണീലേഖനം മൂലം മുതിരുന്നതു്. അക്ഷരമാലാപരിഷ്കരണം എന്നൊരാശയം കൂടി ചിലടത്തൊക്കെ ഈയിടയായി പ്രകാശിച്ചുകാണുന്നു. അതിനുള്ള മുറവിളിക്കു അത്രതന്നെ ശക്തിയില്ല. അഭിമാനം കൊള്ളാൻ വക തരുന്ന ഒരു അക്ഷരമാലയാണു് മലയാളത്തിൻേറതു്. സംസ്കൃതത്തിലും ദ്രാവിഡത്തിലുമുള്ള എല്ലാ അക്ഷരങ്ങളും മലയാളത്തിൽ നടപ്പുണ്ടെന്നുള്ളതാണു് അതിൻെറ മെച്ചം. ഇപ്പോഴുള്ള അക്ഷരങ്ങൾ എണ്ണത്തിൽ കുറയ്ക്കണമെന്നാരും വാദിക്കുമെന്നു തോന്നുന്നില്ല(1) നേരേമറിച്ചു് ഏതാനും എണ്ണം കൂടി വേണമെന്നേ പറഞ്ഞുകേട്ടിട്ടുള്ളു. മലയാളത്തിൽ ഏതുതരം സാഹിത്യവ്യവസായത്തിനും പോരുന്നതാണു് ഇപ്പോഴത്തെ അക്ഷരമാല. ചില വിദേശ്യ ശബ്ദങ്ങൾ സ്വീകരിക്കുമ്പോൾ മാത്രമേ കൂടുതൽ അക്ഷരങ്ങൾ വേണ്ടിവരൂ. സാങ്കേതികശബ്ദങ്ങൾ ഇംഗ്ലീഷിൽ നിന്നുംമററും തത്സമരൂപത്തിൽ എടുക്കയാണെങ്കിൽ Z, F എന്നീ രണ്ടക്ഷരങ്ങളുടെ പോരായ്മ കൂടെക്കൂടെ അനുഭവപ്പെടും. ഇവ രണ്ടുംകൂടി ചേർത്താൽ നമ്മുടെ അക്ഷരമാല ഇന്ത്യൻ ഭാഷകളിൽ വെച്ചു ഏററം പരിപൂർണ്ണമെന്നു പറയാവുന്ന നിലയിൽ എത്തിച്ചേരുമെന്നു തോന്നുന്നു. Zനു് പകരം സകാരം ഉപയോഗിക്കുന്ന ഇപ്പോഴത്തെ പതിവു തുടർന്നുപോയാൽ പന്തികേടു വല്ലതുമുണ്ടോ? ശാസ്ത്രീയ സംജ്ഞകളിൽ Z-ം സകാരവും അർത്ഥഭേദം കുറിക്കാൻ ഉപയോഗ

(1) എണ്ണത്തിൽ കുറയ്ക്കണമെന്ന വാദവും വന്നിട്ടുണ്ടു് — പ.)

പ്പെടുന്നുണ്ടെങ്കിൽ Z കൂട്ടത്തിലെടുത്തേ പററൂ. ഇക്കാൎയ്യം ശാസ്ത്രസംജ്ഞകൾ കൈകാൎയ്യം ചെയ്യുന്നവർ പറഞ്ഞുതരേണ്ടതാണു്. ഈ ലേഖകനു് അറിവുള്ളിടത്തോളം Zനു് പകരം സകാരം എടുത്താൽ അൎത്ഥവ്യത്യാസത്തിനു് വകയൊന്നുമില്ല തന്നെ. രണ്ടു പ്രധാന വൎണ്ണങ്ങൾക്കിടയിൽ ഈഷദ് ഭേദമുള്ള നിരവധി ഒച്ചകൾ കരണഭേദം വഴിക്കും സ്ഥാനഭേദം വഴിക്കും ഉളവാക്കുവാൻ നമ്മുടെ കുരലിനുള്ള കഴിവു് വിസ്മയനീയമാണു്. ആവക ഒച്ചകളെല്ലാം അക്ഷരമാലയിൽ അടിച്ചുകയററിയിട്ടാവശ്യമില്ല. ഭാഷയിൽ സാമാന്യവും വൈശേഷികവുമായ വ്യവഹാരത്തിനു് അത്യന്താപേക്ഷിതമായ പ്രധാന വൎണ്ണങ്ങൾ മാത്രം എടുത്താൽ മതി.

ചുരുക്കത്തിൽ നമ്മുടെ അക്ഷരമാലയിൽ വലിയ പരിഷ്കാരമൊന്നും കൂടാതെ നിൽക്കാം. പരിഷ്കരിക്കേണ്ടതു നമ്മുടെ ലിപിസമുദായമാണു്. 'അവയുടെ വളവും പുളവും കുനിപ്പും ചുരുട്ടിക്കെട്ടും സമയനഷ്ടം വരുത്തുന്ന മററു വൈഷമ്യങ്ങളും' മാററിക്കിട്ടിയതു കൊണ്ടുമാത്രം പരിഷ്കൃതലിപിയാകുന്നില്ല. അശാസ്ത്രീയമായ പല കെട്ടുപാടുകളും നമ്മുടെ ലിപിസമുദായത്തിനുണ്ടു്. അവയെല്ലാം പരിഹരിക്കപ്പെടേണ്ടതാണു്. അവയിൽ മുഖ്യമായവ അടിയിൽ എടുത്തു കാണിക്കുന്നു :—

1. രണ്ടുവൎണ്ണങ്ങൾ ഒരേ ലിപി കൊണ്ടെഴുതിക്കാണിക്കുന്ന പതിവു് ചുരുക്കമായിട്ടെങ്കിലും ഉണ്ടു്. 'നിറപറ'കളിലെ റകാരവും 'എൻെറനിൻെറ'കളിലെ റകാരവും രണ്ടു വൎണ്ണങ്ങളാണെന്നു് ഏതൊരു മലയാളിയും നിഷ്പ്രയാസം മനസ്സിലാകുമല്ലോ. കൂടാതെ 'പനതിന'കളിലെ നകാരവും 'നിണനില'ങ്ങളിലെ നകാരവും വേറെ വേറെ ഒച്ചകളെയാണു കുറിക്കുന്നതു്. 'പനതിന'കളിലെ നകാരത്തിനും 'എൻെറനിൻെറ' കളിലെ റകാരത്തിനും പുതിയ ലിപികൾ ഏൎപ്പെടുത്തണം. ഈ 'റ'കാരം ഇംഗ്ലീഷിലെ 't'യുടെ ഉച്ചാരണത്തോടു സമാനമാകയാൽ ഇംഗ്ലീഷ് സാങ്കേതികസംജ്ഞകൾ മലയാളത്തിലെടുക്കുമ്പോൾ കുഴപ്പമേൎപ്പെടാതിരിക്കണമെങ്കിൽ പുതിയ ലിപി കണ്ടുപിടിക്കതന്നെ വേണം.

2. ഒരേ വൎണ്ണം തന്നെ അനേകം ലിപി കൊണ്ടെഴുതിക്കാണിക്കുന്നുണ്ടു്. സ്വരങ്ങൾ തനിയെ നിന്നാൽ ഒരുവിധവും വ്യഞ്ജനങ്ങൾക്കു പിന്നിൽ കൂടിച്ചേൎന്നു വന്നാൽ മറെറാരു വിധവുമാണു് എഴുതുന്നതു്. 'കാലാ'യിൽ ആകാരവും 'ഫിരി'യിൽ ഇകാരവും 'പു,തു,രു'കളിൽ ഉകാരവും 'കൈതൈ'കളിൽ ഐകാരവും എഴുതിയിരിക്കുന്നതെങ്ങനെയെന്നു നോക്കുക. വ്യഞ്ജനങ്ങളിലും ഈ കുഴപ്പത്തിനു് കുറവൊന്നുമില്ല.

ഉദാ :— ക്യ . യ്യ = യകാരം.<br>
ഗ്ര . ർ = രേഫം.<br>
ക്ല . ൽ = ലകാരം.<br>
ക്വ . വ്വ = വകാരം.<br>
ൾ = ളകാരം<br>
ം = മകാരം.<br>
ബ്ബ, വ്വ = ബവങ്ങൾ.

ക്ക, ങ്ങ, ഞ്ഞ, ട്ട, ത്ത, ന്ന തുടങ്ങിയ ഇരട്ടിപ്പുകളിൽ ലിപികൾക്കു അംഗഭംഗവും നേരിടുന്നു. ച്ച, യ്യ, ബ്ബ,- വ്വ എന്നിതുകളിൽ പല വൎണ്ണങ്ങൾക്കൊരേ ലിപി എഴുതുന്നു എന്നുള്ള ദോഷം കൂടിയുണ്ടു്.

3. ഉച്ചാരണത്തിലെ മുൻപിൻ ക്രമം ലിപികൾ എല്ലായിടത്തും അനുസരിച്ചു നടക്കുന്നില്ലെന്നുള്ളതാണ് വേറൊരു ന്യൂനത. 'കെ' എന്നതിന്റെ ഉച്ചാരണത്തിൽ കകാരം മുൻപും എകാരം പിൻപുമാണ്; എഴുത്തിലാകട്ടെ നേരെമറിച്ചുമാണ്. കേ, കൈ, കൊ, കോ, കൌ ഇവകളിലും ഈ തകരാറുതന്നെയുണ്ട്. ഉച്ചാരണത്തിലെ പൗർവാപര്യം എഴുത്തിലും ദീക്ഷിച്ചെങ്കിലേ എഴുത്തു പഠിക്കയും പഠിപ്പിക്കയും സുഖകരമാവൂ.

4. <u>എഴുത്തുകളുടെ ആധിക്യം.</u>

'ക' 'ഉ' എന്ന രണ്ടും എഴുതാൻ പഠിച്ചാൽ 'കു' എന്ന് എഴുതാനാവില്ല. അതുപോലെ 'പ'യും 'റ'യും പഠിച്ചാൽ പോരാ 'പ്ര' വേറേ പഠിക്കണം. സ്വരങ്ങൾക്കൊരെഴുത്ത്, വ്യഞ്ജനസ്വരങ്ങൾ ചേർന്നുവന്നാൽ ഒരെഴുത്ത്, ചില്ലുകൾക്കൊരെഴുത്ത്, കൂട്ടക്ഷരങ്ങൾക്കൊരെഴുത്ത് എന്നിങ്ങനെ പോയി അച്ചുകളുടെ എണ്ണം വല്ലാതെ വീർത്തുപോയിട്ടുണ്ട്. ഇതു അച്ചടിയിൽ എത്രമാത്രം വൈഷമ്യജനകമാണെന്ന് പറയേണ്ടതില്ലല്ലോ. യാന്ത്രികസൗകര്യങ്ങൾക്കുവേണ്ടി അക്ഷരമാലയിൽ കുറവുചെയ്യണമെന്നില്ല; ചെയ്കയുമരുത്. ലിപിസമുദായം ശാസ്ത്രയുക്തമാംവണ്ണം പുതുക്കിയാൽമതി. 'ക്ക' എന്ന ലിപികൾ 'ക്‌ക' എന്ന് പിരിച്ചെഴുതിയാൽ ഒരച്ചിന്റെ സ്ഥാനത്തു മൂന്നെണ്ണം ഉപയോഗിക്കേണ്ടിവരുമെന്നുള്ളതു് സ്ഥലനഷ്ടം മാത്രം അടിസ്ഥാനമാക്കിയുള്ള ഒരു ഭയപ്പാടാണ്. ശാസ്ത്രീയമായ ലിപിവിന്യാസത്തിൽ ചന്ദ്രക്കലാചിഹ്നം ആവിശ്യപ്പെടുകയില്ല. (2) പിന്നെ 'ക' എന്ന ഒരേ അച്ചുകൊണ്ട് 'ക്ക'യും അടിക്കാമെന്നുള്ള സൗകര്യം ഗണ്യമല്ലേ? ഇപ്പോഴത്തെ സമുദായത്തിൽ ക, റ, ക്ര, ക്‌, ക്ക ഇവകൾക്കെല്ലാം വേറെ വേറെ അച്ച് വേണം. ശാസ്ത്രീയമായ ഒരു സമ്പ്രദായത്തിൽ 'ക' 'റ' എന്ന രണ്ടു അച്ച് മാത്രം മതി ഈ അഞ്ചും എഴുതുവാൻ. ഈ ലാഭം ചില്ലറയൊന്നുമല്ല. 'കൊട്ടാരത്തിൽ ശങ്കുണ്ണി' എന്നതിനേക്കാൾ 'കൊടടാരതതിൽ ശങകുണണി' എന്ന <u>വട്ടെഴുത്തു</u> രീതിയാണ് കൂടുതൽ ശാസ്ത്രീയം എന്നു സമ്മതിക്കണം. 'എഴുതുന്നതിനും പഠിക്കുന്നതിനുമുള്ള സൗകര്യമാണ് പ്രഥമമായും പ്രധാനമായും നോക്കേണ്ട'തെങ്കിൽ തീർച്ചയായും ലിപികളുടെ എണ്ണം കുറയ്ക്കുകതന്നെ വേണം. അതോടൊപ്പം 'അനാവശ്യമായ വളച്ചുകെട്ടുകൾ' നീക്കാൻ ഒന്നു ചെത്തിമുറിച്ചു മിനുക്കുകയും ആവാം. അച്ചടിയിൽ ഒരു സമൂലപരിവർത്തനത്തിന് നാം തയ്യാറാണെങ്കിൽ ഒരു പതിനഞ്ചച്ചുകൾകൊണ്ട് (ചിഹ്നങ്ങൾ ഒഴികെ) മലയാളത്തിലെ എല്ലാ അച്ചടിയും നടത്താനുള്ള സാധ്യതകളുണ്ടെന്നും പറഞ്ഞു വയ്ക്കട്ടെ.

മേൽപറഞ്ഞ കുഴപ്പങ്ങൾക്കെല്ലാം പരിഹാരമാർഗ്ഗം റോമൻ ലിപികൾ സ്വീകരിക്കയാണ്. ഇക്കാര്യത്തിൽ ചിലർക്കെല്ലാം ചില ആശങ്കകൾ ഉള്ളതായികാണുന്നു. നിലവിലുള്ള റോമൻ ലിപികൾ ഇളക്കപ്പെരുക്കങ്ങൾ ഒന്നും കൂടാതെ അപ്പാടെ സ്വീകരിക്കാൻ പറ്റുകയില്ല. ഇംഗ്ലീഷിൽ സ്പെല്ലിങ്ങ് എന്നു പറയുന്ന ലിപി വ്യവസ്ഥ, ഏറ്റവും അശാ

2) ഇതു വിശദമാക്കേണ്ടതാണു. പത്രാധിപക്കുറിപ്പുകൾ നോക്കുക — പ.)

സ്ത്രീയമായ ഒന്നാണു്. റോമൻ ലിപികളുടെ ഇറക്കുമതിയിൽ ഈ വഷളത്തം വലിച്ചുവെയ്ക്കാൻ ഇടയാകാതിരുന്നാൽ പോരേ? കൂടാതെ അവ അപൂർണ്ണവുമാണു്; നമ്മുടെ ഭാഷയിലാവശ്യമുള്ള എല്ലാ ഒച്ചകളേയും കുറിക്കാൻ ലിപികൾ തികയാതെ വരും. റോമൻലിപികൾ എടുത്തു് അവയിൽ ഓരോന്നിനും ഭാഷയിൽ ഇന്ന വർണ്ണം എന്നു നിയമനം ചെയ്യണം. ദീർഘങ്ങൾ, 'ഋഌ'ക്കൾ, വിസർഗ്ഗം, 'തട'വർഗ്ഗങ്ങൾ 'ങഞ'ങ്ങൾ 'റളഴ'ങ്ങൾ 'ശഷ'കൾ ഇവയ്ക്കു നേരായി ഇംഗ്ലീഷ് എഴുത്തില്ല. അതിനു് സമാനോച്ചാരണങ്ങളായ വർണ്ണങ്ങളുടെ ലിപികളിൽ ഉച്ചാരണഭേദക്കുറികൾ (Diacritical marks) ഇട്ടു പുതുലിപികൾ ഉണ്ടാക്കാവുന്നതാണു്. ഉദാഹരണത്തിനു് അകാരത്തിനു് 'a' എന്നു് ലിപി നിശ്ചയിച്ചു കഴിഞ്ഞാൽ അതിന്റെ ദീർഘം 'a' എന്നു് മുകളിൽ വരയിട്ടെഴുതാം. 'രല'കൾക്കു് 'rl' എന്നു് ലിപികളെടുത്താൽ 'ഋഌ'കൾക്കു് ‘r° l°’ എന്നു ചന്ദ്രക്കലയണിയിച്ചു എഴുത്തുണ്ടാക്കാം. ഇംഗ്ലീഷിലെ 'വലിയക്ഷരം ചെറിയക്ഷരം' എന്നുള്ള ഭേദവും മലയാളത്തിൽ പരിത്യജിക്കാവുന്നതാണു്. ചെറിയക്ഷരം സാർവ്വത്രികമായിട്ടുപയോഗിക്കാം.

ഈ പദ്ധതിക്കെന്താണു ലാഭം? ഉച്ചാരണക്കുറികളിട്ട പുതു ലിപികൾ സൃഷ്ടിച്ചാൽ ഇപ്പോഴുള്ള ഇംഗ്ലീഷ് അച്ചുകൂടവും ടൈപ്പ്റൈട്ടറും മലയാളത്തിനു് കൊള്ളാതെ വരികയില്ലേ? വരും. എങ്കിലും ഏററവും ശാസ്ത്രീയമായ ഒരു ലിപി സമ്പ്രദായം നമുക്കു കിട്ടുന്നു എന്നുള്ളതു് ഏററവും വലിയ ഒരനുഗ്രഹമാണു്. തന്മൂലം എഴുത്തും വായനയും പഠിക്കയും പഠിപ്പിക്കയും ചെയ്യാനുള്ള ഇന്നത്തെ ക്ലേശങ്ങൾ എത്രയോ ലഘൂകരിക്കപ്പെടും. നവീന രീതിയിലുള്ള അച്ചടിവേലകൾക്കുള്ള സാധ്യതകൾ ഒരു നൂറു മടങ്ങു വർദ്ധിക്കയും ചെയ്യും.

—:o:—

വിഡ്ഢികളെന്നു പ്രസിദ്ധരായിരുന്ന രണ്ടുപേർ തമ്മിൽ ഒരു വാദപ്രതിവാദത്തിലേർപ്പെട്ടു. സൂര്യനെക്കൊണ്ടാണോ ചന്ദ്രനെക്കൊണ്ടാണോ മനുഷ്യനു് ഏററവും കൂടുതൽ പ്രയോജനം എന്നുള്ളതായിരുന്നു വാദവിഷയം.

ഒന്നാമൻ—ചന്ദ്രനേക്കാൾ എത്രയോ ശക്തിയേറിയ വെളിച്ചമാണു സൂര്യൻ നൽകുന്നതു്?

രണ്ടാമൻ—അതു ശരിതന്നെ. പക്ഷേ ചന്ദ്രനെക്കൊണ്ടാണു കൂടുതൽ പ്രയോജനം.

ഒന്നാമൻ—ആങ്ഹാ. കാരണം?

രണ്ടാമൻ—പറയാം. നമുക്കു വെളിച്ചം ആവശ്യമുള്ളതു് ഇരുട്ടുള്ളപ്പോഴല്ലേ? അപ്പോൾ പ്രകാശിക്കുന്നതു ചന്ദ്രനാണു്. നേരേമറിച്ചു സൂര്യൻ പ്രകാശിക്കുന്നതോ? നല്ല പകൽ സമയത്തു, വേണ്ടുവോളം വെളിച്ചമുള്ളപ്പോൾ. അതുകൊണ്ടു് എന്തു പ്രയോജനം?

(വിജയഭാനു)

# ഞാനും എൻെറ വീണയും

ഇടയാറന്മുള കെ. എം. വറുഗീസ് ബി. എ; എൽ. ററി.

വീണയും കൈയിൽതന്നു കാന്തശീതളം മിഴി-
ക്കോണിണ്ണ യെൻ നേക്കയച്ചോതിനാൻ യജമാനൻ:-
" പോക നീ, മറുനാട്ടിൽ മേവുമെൻ കിടാങ്ങൾക്ക
ശോകമോഹങ്ങൾ നീക്കും സന്ദേശമറിയിക്കാൻ ;
തഞ്ചമായ് വീണമീട്ടി ത്തെരുവീഥികൾതോറും
സഞ്ചരിക്ക നീ, മനംകവരും ഗാനം പാടി."

സന്ദേശമെന്താണെന്നു മെങ്ങനെയാ ദിക്കിൽ ഞാൻ
ചെന്നീടുമെന്നും ചോദിച്ചറിവാൻ കഴിഞ്ഞീല !

ആനന്ദബാഷ്പം ചിന്നി,യഞ്ജലിപുരസ്സര-
മാനതാസ്യനായ്, വിട വാങ്ങുവാൻ നിന്നീടവെ,
ഇന്ദ്രിയജ്ഞാനാതീതമായൊരു സുഷുപ്തിയിൽ
വിദ്രുതം ലയിച്ചേതോ ദീപ്തിയാൽ മറഞ്ഞു ഞാൻ.

ആ നിത്യപ്രഭാസിന്ധുവീചികളാവാമെന്നെ-
യാനയിച്ചതീമന്നിൽ നവ്യമാം വേഷം നല്കി !!

വന്നുചേരേണ്ടും ദിക്കിൽ വന്നണഞ്ഞെന്നാകിലും
പിന്നെ ഞാനോത്തീലേതും സ്വാമിതൻ നിദേശങ്ങൾ.
പാരിലെൻ പാദസ്പശമുണ്ടായ മുഹൂത്തം തൊ-
ട്ടോരോരോ മനോഹരരൂപത്തിലാരാലെത്തി,
സൈ്വരമായ് മേളിക്കുവാൻ മാറാതെ ചുററിപ്പററും
സൈരിണിയാകും മായ നൽകിടും മദിരയാൽ,
കേവലമുന്മത്തനായ് ത്തിണ്ടാടി നടന്നു ഞാൻ
ജീവിതക്കിനാവൃതന്നൂടുപാതയിലെങ്ങും.
ധമ്മവുമധമ്മവുമെന്നാളും പടവെട്ടും
കമ്മമാഗ്ഗത്തിലെല്ലാ മവർതൻ ഹിതംപോലെ,
അധമ്മപാർശ്വം ചേൻ കാമഖഡ്ഗവും കൈക്കൊ-
ണ്ടടരാടി ഞാൻ ഹന്ത! വീണുപോയഴൽക്കണ്ടിൽ !!

ഒഴുകിപ്പോയേൻ ക്രമാൽ ഭീകരതമസ്സാകും
പുഴയിൽക്കൂടിയേതോ ശൂന്യലോകത്തിലേക്കായ് ;
ആഴത്തിന്നാഴത്തിൽനിന്നുദ്ഗളിക്കയായപ്പോ-
ഴരിയോരാദ്ധ്യാത്മിക തേജസ്സിൻ മയൂഖങ്ങൾ !!

നീങ്ങിപ്പോയ് മായയ്ക്കുള്ള മഞ്ജുള നിചോളിമം ;
നീണ്ടിപ്പോയവൾക്കെഴും ലാവണ്യപ്പകിട്ടുകൾ ;
കണ്ടു ഞാൻ വിശദമായിരുളും വെളിച്ചവും
കണ്ടു ഞാൻ പ്രപഞ്ചത്തിൻ ചൈതന്യമഹാസത്യം !!

വേടൻെറ വലയ്ക്കുള്ളിൽ കുരുങ്ങിക്കുഴങ്ങിയ
വാനിൻെറ പൊന്നോമനപ്പൈങ്കിളിക്കൊടിയിതാ,
സ്വാതന്ത്ര്യം കൈവരിച്ചു, നാകകുഞ്ജങ്ങൾതോറ-
മാതങ്കാപേതം പാറിപ്പറന്നു കളിക്കുന്നു !!

ആകവേ ഭാഗ്യം! ഭാഗ്യം!—പണ്ടെങ്ങോ കൈവിട്ടതാം
നാകീയമണിവീണ കൈവന്നിതല്ലോ വീണ്ടും ;
ഈ മനോഹരി യല്ലാതില്ലാരുമിപ്പോഴെനി-
ക്കീ മന്നിൽ, വിശ്വസിച്ചു വികാരം പകരുവാൻ.
അസ്ഫുടമാകുന്നോരെൻ കരളിൻ തുടിപ്പുക-
ളപ്പോഴേ സുസൂക്ഷ്മമായ് സംഗ്രഹിച്ചവയെല്ലാം,
ഇന്നിവൾ ലോകത്തിന്നു നല്കുന്നു, മധുവുററ-
സുന്ദരനാദബ്രഹ്മവിജ്ഞാന ഗീതങ്ങളായ്

ഒന്നല്ലി, കരൾ ഞങ്ങൾക്കെന്നാളുമതുപോലെ
ഭിന്നവുമല്ലാ പാർത്താൽ ജീവിതലക്ഷ്യങ്ങളും
വന്നു ഞങ്ങളീ മണ്ണിൽ ദിവ്യമാം പരാനന്ദ-
കന്ദളങ്ങളെ വിളിച്ചുണർത്തി നിന്നീടുവാൻ ;
ഭോഗത്തിൻ കൊടുങ്കാട്ടിലാപതിച്ചുഴലാളും
ലോകത്തെ ജ്ജഗദീശരാജ്യത്തിലെത്തിക്കുവാൻ ;
സന്തതം പാടും ഞങ്ങൾ—ശാന്തിയാം മന്ദാകിനി
ദിങ്മുഖങ്ങളിൽ നിന്നു തുളുമ്പിയൊഴുകുവാൻ !!

—*—

# കേരളത്തിലെ കീററ്സ്

ജെ. എസ്. കോട്ടൂർ.

ആദ്യന്തം വികാരപൂർണ്ണമായ ഒരു ജീവിതം നയിച്ച്, വികാരഭരിതമായ കവിതകൾ കൊണ്ട് അനുവാചകരെയും വികാരഭരിതരാക്കിയ ഒരു കവിയാണ് കീററ്സ്. മലയാളപദ്യസാഹിത്യത്തിൽ മററാരെയും കാൾ വികാരസമ്പൂർണ്ണമായ കവിതകൾ രചിച്ച ചങ്ങമ്പുഴ കേരളത്തിലെ കീററ്സാണ്. അല്ലെങ്കിൽ, കീററ്സ് ആംഗലസാഹിത്യത്തിലെ ചങ്ങമ്പുഴ എന്നായിക്കൊള്ളട്ടെ. ഇവ രണ്ടും തമ്മിൽ അർത്ഥത്തിൽ വലിയ അന്തരമുണ്ടെന്നു തോന്നുന്നില്ല. കുത്തിയൊഴുകുന്ന വികാരം ഇരുവരിലും ഒരുപോലെയുള്ള ഘടകമായിരുന്നു. അതാണ് ഇരുവരെയും ഒന്നു തട്ടിച്ചു നോക്കുവാൻ പ്രേരിപ്പിക്കുന്നതു്.

വ്യക്തിപ്രഭാവമാണു ധനത്തിനും പ്രതാപത്തിനും മുകളിൽ നില്ക്കുന്നതു് എന്ന തത്വം സാഹിത്യത്തിലും വ്യക്തമാണ്. സർവ്വേശ്വരനായ സ്രഷ്ടാവിന്റെ അപദാനങ്ങളെ മാത്രം പ്രകീർത്തിച്ചുകൊണ്ട് വിശ്വസാഹിത്യം സംതൃപ്തയായി കാലം കഴിക്കുമ്പോൾ ചിലർ അവിടെ ഒരു വ്യതിയാനം ഉണ്ടാക്കി. തല്ക്കാലത്തേക്ക് ഈശ്വരനെ ഒന്നകററി നിർത്തിയിട്ട്, ലോകത്തിൽ അന്തസ്സാരവിഹീനങ്ങളായി തള്ളിയിരുന്നവയെ അവർ അവരുടെ കൃതികൾക്കു വിഷയമാക്കി. ഇങ്ങനെ ചെയ്തവർ വ്യക്തിപ്രഭാവം തികഞ്ഞ ചില വ്യക്തികളായിരുന്നതുകൊണ്ട് അവരുടെ പ്രവൃത്തി ലോകത്തിന്റെ ശ്രദ്ധയെ ആകർഷിച്ചു. അതോടുകൂടെ പരമലളിതവും വെറും സാധാരണവുമായ വിഷയങ്ങളെ തേടി വിശ്വസാഹിത്യം ലോകത്തിലേക്കിറങ്ങി. രാജസദസ്സിൽനിന്നും ജനതാമദ്ധ്യത്തിലേക്കു വന്ന സാഹിത്യം ലോകത്തിന്റെ പൊതുസ്വത്തായി. അപ്പോൾ അതിനെ പോററി പുലർത്തി പരിപോഷിപ്പിക്കുവാൻ അനേകർ പാഞ്ഞെത്തി. പെട്ടെന്നു ചിലർ ഓടിക്കിതച്ചു വിയർത്തൊലിച്ചു വന്നു് എന്തോ പുലമ്പിത്തുടങ്ങി. അവരുടെ ഞരമ്പുകൾ വികാരവിജൃംഭണത്താൽ പിടയ്ക്കുന്നുണ്ടായിരുന്നു. അവരുടെ ഹൃദയം ആവേശത്താൽ ഇളകി മറിഞ്ഞു് അതിവേഗത്തിൽ തുടിക്കയായി ; മുഖം രക്തവർണ്ണമായി. അവർ പറയുന്നതെന്തെന്നു് ആർക്കും വേണ്ടതുപോലെ മനസ്സിലായില്ല. അവർ ഓടിയണച്ചു വന്നു് ക്ഷീണപരവശരായി താഴെയിരുന്നു. മന്ദസ്വരത്തിൽ അവർ അവരുടെ ഗാനം തുടങ്ങി. സംഗീതമാധുരിയാൽ ആകൃഷ്ടരായ ജനതതി അവരുടെ ചുററും തടിച്ചുകൂടി. സകൗതുകം അവർ ശ്രദ്ധിച്ചു. അപ്പോൾ അവർക്കു മനസ്സിലായി, തങ്ങളെക്കുറിച്ചു തന്നെയാണു ഈ പാട്ടുകളെന്നു്—തങ്ങളുടെ ഹൃദയാന്തർഭാഗത്തു് ഓമനിച്ചുവച്ചിരുന്ന ചില നേരിയ വികാരങ്ങളെക്കുറിച്ചാണ് ഇവർ പാടുന്നതെന്നു്. കേൾവിക്കാർ രോമാഞ്ചം കൊണ്ടു. ആന

ന്ദാനുഭൂതിയിലാണ്ടു് അവരുടെ നയനങ്ങഠം താനേ അടഞ്ഞു. അറിയാതെ തന്നേ അവർ നിസർഗ്ഗസുന്ദരങ്ങളായ ആ ഗാനങ്ങഠം ഏററുപാടി. പക്ഷേ ഗായകരുടെ ക്ഷീണം പൂർവ്വാധികം വർദ്ധിച്ചിരുന്നു. അവരുടെ ശബ്ദത്തിൻെറ മുഴപ്പും കൊഴുപ്പും കുറഞ്ഞു വന്നു. അവരുടെ ഗാനം ക്രമാധികം മന്ദഗതിയെ പ്രാപിച്ചു. വികാരാവേശത്തിൻെറ തിരത്തള്ളലിൽ പെട്ട ആ കുസുമങ്ങഠംക്കു് ദീർഘനേരം ആ നിലയിൽ നിൽക്കാൻ കഴിഞ്ഞില്ല. അല്പസമയത്തിനുള്ളിൽ അവ ഞെട്ടററു നിലം പതിച്ചു. അങ്ങനെ അകാലത്തിൽ ഞെട്ടററ ഒരു കുസുമമാണു് കീററ്സ്. അതുപോലെ അകാലത്തിൽ ഞെട്ടററ ഒരു കുസുമമാണു ചങ്ങമ്പുഴ.

പക്ഷേ ഈ ഗായകന്മാർ എവിടെനിന്നു് എന്തിനുവേണ്ടി വന്നുവെന്നു ആരും ചോദിച്ചില്ല. ഗാനം ആസ്വദിച്ചുകൊണ്ടിരുന്നപ്പോഠം ഗായകരുടെ ആത്മാർത്ഥതയെപ്പററി ചിന്തിക്കുവാൻ ആരും ബദ്ധപ്പെട്ടില്ല. ചങ്ങമ്പുഴയെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിൻെറ വികാരം ആത്മാർത്ഥതയിൽ നിന്നാണോ ഉത്ഭവിച്ചതെന്നു് ചിലർ സംശയിച്ചേക്കാം. എങ്കിലും അതിൻെറ ആകർഷകത്വം ആരും നിഷേധിക്കയില്ല. വികാരം, ആത്മാർത്ഥത തുടങ്ങിയ ഘടകങ്ങളെ പിന്നിലാക്കിക്കൊണ്ടു് ഭംഗിയുള്ള ഭാഷ തലയുയർത്തി നിൽക്കുന്നു. വെറും പദമാധുര്യം കൊണ്ടു തന്നെ അദ്ദേഹത്തിൻെറ കവിതയ്ക്കു് ഒരു ഹൃദയദ്രവീകരണശക്തി സിദ്ധിക്കുന്നു. പ്രേമഗായകനായ ചങ്ങമ്പുഴയല്ല, ചിന്തകനായ ചങ്ങമ്പുഴയല്ല, മറിച്ചു്, പൂർവ്വരീതി ഉപേക്ഷിച്ചിട്ടു് സുവൃത്തങ്ങളിൽക്കൂടെ മധുരമനോഹരങ്ങളായ പദങ്ങഠം കോർത്തിണക്കി സ്വാഭിപ്രായം പ്രകടിപ്പിച്ച ചങ്ങമ്പുഴയാണു് യഥാർത്ഥ പുരോഗമനകാരി.

ചങ്ങമ്പുഴ ഒരു വലിയ ചിന്തകനല്ല. ആ നിലയിൽ അദ്ദേഹത്തെ അധികമാരും സ്മരിക്കുകയുമില്ല. ചങ്ങമ്പുഴയുടെ കവിതകളിൽ വിചാരത്തിൻെറ പ്രൌഢി കുറവാണു്. പക്ഷേ ഈ കുറവിനെ പരിഹരിക്കുവാൻ പര്യാപ്തമായ ഗുണങ്ങഠം അദ്ദേഹത്തിൻെറ കാവ്യത്തിനുണ്ടു്. ചിന്തകനായ ചങ്ങമ്പുഴയേക്കാഠം സഹൃദയനായ ചങ്ങമ്പുഴയെ ആയിരിക്കും ലോകം കൂടുതൽ ഇഷ്ടപ്പെടുന്നതു്. സുഖാനുഭൂതികഠംക്കായി ചങ്ങമ്പുഴ ചിലപ്പോഠം ആദർശങ്ങളെയും പ്രമാണങ്ങളെയും കൈവെടിയാറുണ്ടെങ്കിലും, എന്തോ കാരണത്താൽ അതിനെ നിസ്സാരീകരിക്കാൻ നാം പ്രേരിതരാകുന്നു. അതൊന്നും ദുരുദ്ദേശപരമല്ലെന്നും മനസ്സിൻെറ ദൌർബ്ബല്യം നിമിത്തമാണു അദ്ദേഹം അതിനു വഴിപ്പെട്ടതെന്നും വിശ്വസിക്കുവാൻ നാം ഇഷ്ടപ്പെടുന്നു. ചങ്ങമ്പുഴയുടെ ഹൃദയദൌർബല്യവും അതിൻെറ ഫലങ്ങളും ശരിയായി അറിഞ്ഞിട്ടും ലോകം അദ്ദേഹത്തിൻെറ കവനപാടവത്തിനു മുമ്പിൽ തല കുനിക്കുന്നുവെന്നതു ശ്രദ്ധേയമായ ഒരു സംഗതിയാണു്. ഒരു കവിയുടെ കാവ്യഗുണത്തിനു നല്കാവുന്ന ഏററവും വലിയ ബഹുമതിയാണതു്. ചങ്ങമ്പുഴ അതർഹിക്കുന്നുമുണ്ടു്.

ഹൃദയത്തിൽ മുളച്ചു്, ഹൃദയത്തിൽ വളർന്നു്, ഹൃദയത്തിൽ പൂർണ്ണത പ്രാപിച്ച കവിതകളാണു ചങ്ങമ്പുഴയുടേതെന്നു് അനുവാചകർക്കു് അനുഭവ

പ്പെട്ടം. സാധാരണത്വമാണ് അതിൻെറ വിജയപതാക. ലാളിത്യം അതിൻെറ കീർത്തിമുദ്ര്യും. സംസ്കൃതത്തിൻെറ സഹായമില്ലാതെയും മലയാളത്തിന്ന് ഒരു വ്യക്തിത്വമുണ്ടാകാമെന്നു ചങ്ങമ്പുഴ കാണിച്ചു തന്നു. അതാണ്:

മലയപ്പുലയനാ മാടത്തിൻ മുററത്തു
മഴ വന്ന നാളൊരു വാഴ നട്ടു.......

എന്നു തുടങ്ങുന്ന "വാഴക്കല"യും,

അടിയൻെറ വീട്ടിലെ പട്ടിണി–
തീക്കുവാ–
നവിടത്തേക്കാവില്ല തമ്പുരാനേ!

തുടങ്ങിയ വരികളും വെളിപ്പെടുത്തുന്നതു്. ചങ്ങമ്പുഴയുടെ വിജയരഹസ്യങ്ങളിലൊന്നാണിതു്. ഈ ഒരു കാര്യത്തിലാണു കൈരളി ചങ്ങമ്പുഴയോടു് ഏററവും കടപ്പെട്ടിരിക്കുന്നതെന്നു തോന്നുന്നു. അല്പജ്ഞാനികളായ സാധാരണക്കാരുടെയിടയിൽ ചങ്ങമ്പുഴയ്ക്കു് അസാധാരണമായ പ്രാമാണ്യവും പ്രധാന്യവും കൈവന്നതു്, ചില പണ്ഡിതപ്രമാണികളുടെ പുച്ഛത്തിനു കാരണമായെങ്കിൽ അതു കാവ്യത്തിൻെറ കുറവുകൊണ്ടല്ല.

ശുദ്ധമനസ്കനും വികാരഭരിതനുമായ കീററ്സ് ഒരു കൃതിയെഴുതി. പല കുററങ്ങളും ഉണ്ടായിരുന്ന ഒരു കൃതി. അതു ലോകത്തിലേക്ക് എത്തിനോക്കിയ ഉടൻ ഒരു വിമർശകവ്യാഘ്രം അതിൻെറമേൽ ചാടി വീണു. കവിയുടെ മരണത്തിനു കാരണമായി എന്നുപോലും സംശയിക്കത്തക്കവണ്ണം അത്ര നിശിതമായിരുന്നു ആ വിമർശനശരങ്ങൾ. നാമ്പു കൂമ്പിയ ആ കവിഹൃദയത്തെ അവർ നുള്ളിക്കളഞ്ഞു. അധികം താമസിയാതെ ആ കരുന്നു് കരിഞ്ഞുണങ്ങിപ്പോയി. അതേ വ്യാഘ്രം തന്നെയാണു ചങ്ങമ്പുഴയുടെ നേരെയും പല്ലിറുമ്മിയതു്. മാനസികവ്യാപാരങ്ങളിലെന്നപോലെ ലൗകികാനുഭവങ്ങളിലും ഏതാണ്ടൊരു സാമ്യം കീററ്സും ചങ്ങമ്പുഴയും തമ്മിൽ ഉണ്ടായിരുന്നതായി തോന്നുന്നു. ഇരുവരുടെയും കവിത വികാരസംപൂർണ്ണമാണ്, സംഗീതാത്മകമാണ്. എഴുതിയപ്പോൾ കവികൾക്കുണ്ടായിരുന്ന വികാരാവേശം വായിക്കുന്നവരുടെ ഹൃദയത്തിലും ഉളവാകുന്നുവെന്നതാണ് ഈ കാവ്യങ്ങളുടെ ഒന്നാമത്തെ ഗുണം.

ചിറ പൊട്ടിയൊഴുകുന്ന വികാരത്തെ ഒന്നു തടഞ്ഞു നിർത്തി ക്രമപ്പെടുത്തി ഒരു നിശ്ചിതവഴിയിൽക്കൂടെ തിരിച്ചു വിടുകയെന്നതു് അത്ര ക്ഷിപ്രസാദ്ധ്യമല്ല. എന്നാൽ അതാണ് കീററ്സും ചങ്ങമ്പുഴയും എത്രയും ശ്ലാഘനീയമായ രീതിയിൽ നിർവ്വഹിച്ചതു്. പാറക്കെട്ടുകളിൽ കൂടെ കുത്തിയൊലിച്ചു ഊക്കോടെ ആഞ്ഞലച്ചു പോകുന്ന ഒരു മഹാ പ്രവാഹമല്ല അവരുടെ കാവ്യം; സമഭൂമിയിൽ അതിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള ചാലിൽ കൂടെ ദ്രുതഗതിയിൽ ഒഴുകി കടന്നുപോകുന്ന ഒരു നദിയാണ് അതു്. അല്പകാലത്തിനുള്ളിൽ മേന്മയേറിയ സംഭാവനകൊണ്ടു് സാഹിത്യത്തെ അനുഗ്രഹിച്ച കീററ്സിൻെറയും ചങ്ങമ്പുഴയുടെയും കവിതകൾ ശരിക്കു താരതമ്യം ചെയ്തു പഠിക്കുന്നതു രസാവഹവും പ്രയോജനകരവും ആയിരിക്കും.

— o —




# സുഖത്തിന്റെ പിന്നാലെ

ഈശ്വരവാരിയർ.

പാത്രസൃഷ്ടിയുടെ തന്മയത്വം, ലളിതമായ ആശയം; ഋജുവായ ചിന്താഗതി ഇവയാൽ അടുത്തകാലത്തു മലയാളത്തിലുണ്ടായ വായിക്കാൻ കൊള്ളാവുന്ന നല്ല പുസ്തകങ്ങളിൽ ഒന്നാണു് 'സുഖത്തിന്റെ പിന്നാലെ' എന്ന ഈ ചെറിയ ആഖ്യായിക. നമുക്കു സുപരിചിതങ്ങളായ സംഭവങ്ങളും കഥാപാത്രങ്ങളുമാണതിലധികവും. കമനീയമായ കലാഭംഗിയിൽ മുങ്ങിയ ഇതിലെ പ്രതിപാദനരീതി രസകരമായിരിക്കുന്നു. ഒരേ ഇരുപ്പിൽ പുസ്തകം മുഴുവനും വായിച്ചുതീർക്കാൻ ഏതു സഹൃദയനും സാധിക്കും.

പ്രസിദ്ധ സാഹിത്യകാരനായ ശ്രീ. വി. യസ്. ഖാണ്ഡേക്കരുടെ മറാഠി നോവലിന്റെ ഒരു സ്വതന്ത്ര വിവർത്തനമാണിതു്. ഇതെഴുതുന്ന ആൾക്കു് മറാഠിയറിയാത്തതുകൊണ്ടു തർജ്ജമയെപ്പററി താരതമ്യപ്പെടുത്തിയൊന്നും പറയാനാവില്ല. വിവർത്തകൻ മറാഠിയിൽ നിന്നോ, അതോ വേറെയേതെങ്കിലും ഭാഷയിൽ നിന്നോ വിവർത്തനം ചെയ്തതെന്നറിയുന്നുമില്ല. ഏതായാലും ഭാഷയെപ്പററി, അവതാരികയിൽ ശ്രീ. സി. എച്ച്. കുഞ്ഞപ്പ ഇങ്ങനെയെഴുതിയിരിക്കുന്നതിനോടാരും വിസമ്മതിക്കയില്ല.

"ഈ പുസ്തകം ഒരു തർജ്ജമയാണെന്നു ഗ്രന്ഥകർത്താവു തന്നെ വിളിച്ചുപറയുന്നില്ലെങ്കിൽ തർജ്ജമയാണെന്നു ഗ്രഹിക്കാൻ പ്രയാസമുണ്ടു്. ഭാഷ അത്രയും ഭംഗിയായിട്ടുണ്ടു്."

വാക്കുകളും, വാക്യങ്ങളും, രീതികളും വിവർത്തകനു മലയാളഭാഷയിലുള്ള മർമ്മജ്ഞത വിളിച്ചുപറയുന്നുണ്ടു്.

'സുഖത്തിന്റെ പിന്നാലെ' എന്ന ഈ കഥ നാടകീയമായ രീതിയിൽ രചിക്കപ്പെട്ടതാണു്. സാധാരണയായി നോവലുകളിൽ കഥികന്റെ സ്വാതന്ത്ര്യമാണു് കഥയിലെ സംഭവങ്ങൾക്കും പാത്രങ്ങൾക്കും വിചിത്ര

വിവർത്തകൻ :— വിദ്വാൻ പി. ആർ. വാരിയർ.

മായ പാശ്ചാത്തലമൊരുക്കാറുള്ളതു്. വായനക്കാരുടെ മസ്തിഷ്കത്തിനു മുഷ്ടാന്ന മൂട്ടാതിരിക്കുകയെന്നതു ആഖ്യായികാകാരന്മാൎക്കു തീരെ സുഖകരമല്ല. ഈ സ്വാതന്ത്ര്യം ശ്രീ. വി. യസ്. ഖാണ്ഡേക്കർ സ്വീകരിച്ചിട്ടില്ല. സംഭവങ്ങളെ ഏതാണ്ടു കഥാപാത്രങ്ങളുടെ 'മനോഗത' രൂപത്തിൽ ഈ ഗ്രന്ഥത്തിൽ സംഘടിപ്പിച്ചിരിക്കയാണു്. ഈ രീതിയേളുപ്പത്തിൽ എഴുതി ഫലിപ്പിക്കുവാൻ പ്രയാസമാണു്. എന്നാൽ ശ്രീ. ഖാണ്ഡേക്കർ ഈ ഉദ്യമത്തിൽ നൂറുശതമാനവും വിജയം നേടിയിരിക്കുന്നു. വളച്ചു നീട്ടിവലിച്ചുള്ള വൎണ്ണനകളുടെ ക്രൂരിരുട്ടിൽ മിന്നാമിനുങ്ങുകളെപ്പോലെ ഇളിച്ചുകാട്ടുന്ന സംഭവങ്ങളേക്കാൾ, നവീനലോകമിഷ്ടപ്പെടുക നിരാഡംബരവും ഋജുവുമായ ഈ രീതിയാണെന്നെനിക്കു തോന്നുന്നു. മനശ്ശാസ്ത്രത്തോടു ക്രൂടുതൽ ക്രൂടുതൽ ബന്ധപ്പെട്ടുവരുന്ന നവീന സാഹിത്യത്തിൽ ഈ രീതി ക്രൂടുതൽ നിലനേടാനിടയുണ്ടു്.

കഥാഗുംഭനമെന്ന പേരിൽ ഒളിഞ്ഞു കിടക്കുന്ന — 'തൂങ്ങി ചത്തതുമില്ലവൻ' എന്ന ഏച്ചുപ്പാടുകളൊന്നും ഇല്ലാത്തതിനാൽ ബാലിശബുദ്ധികൾക്കു് ഒരുപക്ഷെ ഈ രീതി രസിച്ചില്ലെന്നുവരാം. കഥാപാത്രങ്ങൾ സംഭവങ്ങളെ സ്വയം വിശദീകരിക്കുന്ന ഈ നാടകീയമായ രീതിയിൽ ഏതായാലും അത്തരം കസൎത്തുകൾക്കിടമില്ല. അപ്പോൾ കഥാപാത്രങ്ങളുടെ സ്വാഭാവികതയാണു് 'സുഖത്തിൻെറ പിന്നാലെ' എന്ന കഥയിലെ ഏററവും വലിയ രാസയോഗം. മിതമായൊരു ഹാസ്യരസം ഏതാണ്ടീകഥയിലങ്ങോളമിങ്ങോളം തികച്ചും ഔചിത്യബോധത്തോടെ മിനുക്കുപണി ചെയ്തിരിക്കുന്നു. അങ്ങനെ വായനക്കാരെ ഒരു സുഖസവാരിയിൽ കൂടിത്തന്നെ കഥാവസാനത്തിലെത്തിക്കുവാൻ ഗ്രന്ഥകാരനു സാധിച്ചിട്ടുണ്ടു്.

ചെറുപ്പന്നേ വിധവയായ ഉഷ എന്ന ബാലിക, ഭൎത്തൃസഹോദരൻെറ ആക്രമണത്തിൽ നിന്നു കുതറിയോടി, ഗത്യന്തരം കാണാതെ ജീവഹാനി വരുത്താനൊരുങ്ങുന്നു. പക്ഷെ, സ്ഥിതിയറിഞ്ഞു ആനന്ദനെന്നൊരു യുവാവു് അവളെ തടഞ്ഞു, തൻെറ വീട്ടിലേക്കു കൊണ്ടുപോയി. ഉഷ, ആനന്ദനിൽ മനസാ സ്വജീവിതമൎപ്പിച്ചുവെങ്കിലും സംഭവഗതികൾ വളഞ്ഞു പുളഞ്ഞു കലങ്ങിയൊഴുകാൻ തുടങ്ങി. ആനന്ദൻ വേറെ ഒരു പൊതുപ്രവൎത്തകയെ വിവാഹം കഴിക്കാൻ നിൎബ്ബന്ധിതനായി. പക്ഷെ അവൾ ആനന്ദനിൽ ആനന്ദം കാണുന്നില്ല. പ്രതികൂലമായ ചുററുപാടുകളിൽ ഉഷയും ആനന്ദനും മാണിക്യവും വളരെ അലയുന്നു.

അവസാനം ആദൎശോജ്വലമായ ഒരുഷസ്സിൻെറ ആവിർഭാവത്തിൽ ഉഷയുടെ പ്രേമം വിരിഞ്ഞു വിലസി. മാണിക്യമാകട്ടെ സ്വന്തം ചെയ്തികളുടെ അന്ധകാരത്തിനിടയിൽ മറഞ്ഞുപോകയും ചെയ്യുന്നു. ഇതാണീഗ്രന്ഥത്തിലെ കഥയുടെ ചുരുക്കം.

ഓപ്പ, ഉഷ, ആനന്ദൻ, മാണിക്യം തുടങ്ങിയ ഒരോ പാത്രത്തിന്നും സ്വന്തം വ്യക്തിത്വമുണ്ടു്. ഓപ്പയെപ്പോലെ പേരിനു വേണ്ടി പൊതുരംഗത്തിലിറങ്ങിയ പ്രസംഗവ്യാപാരികളെ നാം ധാരാളം കണ്ടിട്ടുണ്ടാകും.

കാമത്തിൽനിന്നു പ്രേമത്തിലേക്കും കള്ളനാട്യത്തിൽനിന്നു യഥാൎത്ഥ സേ

വനത്തിലേക്കും ഉള്ള ഒരു തീത്ഥയാത്രയാണ് 'സുഖത്തിൻെറ പിന്നാലെ' എന്ന കഥ. വളരെ വളരെ നേരിയ ഒരാത്മീയതയുടെ നൂലിൽ ബന്ധിച്ച ഒരു മനോഹര മാല്യമാണിപ്പുസ്തകമെന്നു പറയാൻ തോന്നുന്നു.

അവതാരികാകാരൻ സൂചിപ്പിച്ചപോലെ നമ്മുടെ ഭാഷയിൽ ഇനിയും നല്ല നോവലുകൾ ഉണ്ടാകേണ്ടതുണ്ടു. വിശ്വ സാഹിത്യത്തിൽ നിന്നു പല വിശിഷ്ട ഗ്രന്ഥങ്ങളും വിവത്തനം ചെയ്യേണ്ടിയുമിരിക്കുന്നു. ഈ സന്ദഭത്തിൽ ഒരു കായ്യം കൂടി വ്യക്തമാക്കാനാഗ്രഹമുണ്ടു്. ഭാഷാസാഹിത്യകാരന്മാരിൽ നട്ടെല്ലുള്ളവരുടെ എണ്ണം വളരെ കുറവാണ്. തജ്ജമകളും അനുകരണങ്ങളും അത്യാവശ്യം ചോരണങ്ങളും ചൂഷണങ്ങളും നടത്തുവാൻ പലരും ശ്രമിക്കുന്നുണ്ട്. ഈ നില മലയാളത്തിൻേറയും മലയാളികളുടെയും ധാമ്മികമായ അധഃപതനവും, അടിമത്തവും കുറിയ്ക്കുന്നില്ലേ എന്നു ന്യായമായി സംശയിക്കേണ്ടിയിരിക്കുന്നു.

നോവലെഴുത്തുകാരെപ്പററി പറയുമ്പോൾ 'ബഷീർ' തുടങ്ങി കൈവിരലിലെണ്ണാവുന്ന കുറച്ചുപേരേ നമ്മുടെ നാട്ടിലുള്ളവെന്നു പറയേണ്ടിവരും. അതുകൊണ്ടു നമ്മുടെ സാഹിത്യകാരന്മാർ സ്വതന്ത്രമായി ചിന്തിക്കാൻ തുടങ്ങേണ്ടിയിരിക്കുന്നു. നമ്മുടെ ദേശത്തിൻെറ മണ്ണിൽ മുളച്ചുതഴച്ചാൽ ഭാവനയെന്താ പൂത്തു ഫലിക്കില്ലേ? സി. വി. യുടെ നോവലുകൾക്കപ്പുറം സ്ഥലമില്ലെന്ന നിലയല്ലേ ഇന്നു നമ്മുടേതു്?

ഇരുപത്തഞ്ചു വയസ്സുപോലും ആയിട്ടില്ലാത്ത ശ്രീ. പി. ആർ. വാരിയരുടെ ഈ സാഹിതീമാല്യം നന്മണം നിറഞ്ഞു മേന്മയിയന്നതാണെന്നും ഇത്തരം ഗ്രന്ഥങ്ങൾ എത്രയും ആവശ്യമാണെന്നും പറയുന്നതോടൊപ്പം, ഇത്തരം കെല്പുള്ള യുവസാഹിത്യകാരന്മാർ സ്വന്തം കൃതികൾ കൂടി സൃഷ്ടിക്കുവാൻ പരിശ്രമിക്കുന്നതവക്കും നാടിനും കൂടുതൽ ആവശ്യമാണെന്നുകൂടി പറയാതെ തരമില്ല.

അല്പം ചില അച്ചടിപ്പിശകുകൾ കഴിച്ചാൽ മാതൃഭൂമിയുടെ ഒരു പ്രസിദ്ധീകരണമായ ഈ പുസ്തകം ആകൃതിയിലും, അതിലധികവും ഉള്ളടക്കത്തിലും ആകഷകമാണ്. ചുരുക്കത്തിൽ ആരും വായിക്കേണ്ടുന്ന ഒരു നല്ല പുസ്തകം — ധാമ്മികമായും കലാപരമായും മേന്മയുള്ള ഒരു പാഠ്യപുസ്തകം തന്നെയാണ് ഇതു്.

—:0:—

പ്രിൻസിപ്പാൾ— (ചേരാൻ വന്നകുട്ടിയോടു്)— നിങ്ങൾ എവിടെ നിന്നു് വരുന്നു.

കുട്ടി— അടുത്ത മുറിയിൽ നിന്നു സാർ.

(തളിപ്പു്)

# ജീവചരിത്രസരണി

## മാക്ക് ട്വയിൻ

(കെ. എം. ജി.)

ജീവിതത്തെ അതിന്റെ അവസാനം വരെ അടിമുടി സ്പർശിക്കുന്ന മഹാസംഭവങ്ങൾ ചിലപ്പോൾ ഒററനോട്ടത്തിലാണു നടക്കുന്നതു്. ചില വ്യക്തികളെ ആദ്യമായിക്കാണുമ്പോൾ വളരെക്കാലമായി നമുക്കു നഷ്ടപ്പെട്ടിരുന്ന ഏതോ നിധി തിരിച്ചു കീട്ടിയ ഒരു സന്തോഷം അനുഭവപ്പെടുന്നു. ആ പ്രഥമദർശനസമയത്തു ഹൃദയാന്തരീക്ഷത്തിൽ ഒരു കൊള്ളിമീൻ മിന്നി മറയുകയാണു ചെയ്യുന്നതു്. മുമ്പജ്ഞാതമായിരുന്ന ചിലതൊക്കെ കാണാൻ അപ്പോൾ നമുക്കു സാധിച്ചു എന്നു് ഒരു തോന്നൽ ഉണ്ടാകുമെങ്കിലും ഉത്തരക്ഷണത്തിൽ നാം പൂവ്വസ്ഥിതിയിൽ എത്തിച്ചേരുന്നു.

യുവാവായ മാക്ക് ട്വയിൻ തന്റെ സ്നേഹിതന്റെ മുറിയിൽ കയറിച്ചെന്നപ്പോൾ മേശപ്പുറത്തു കണ്ട ആ സുന്ദരിയുടെ ചിത്രമാണു അയാളുടെ ജീവിതത്തിൽ ആസകലം കൊള്ളിമീൻ വീശിയതു്. ഒളിവിയാ ലാങ്ഡൻ ആ സുഹൃത്തിന്റെ സഹോദരിയാണു്. അവളുടെ ചിത്രം കണ്ടപ്പോൾ, മാക്ക് ട്വയിൻ അഭിനിവേശം കൊണ്ടു മതിമറന്നു. അവൾ തന്നേ തന്റെ ജീവിതസഖി എന്നു് അയാൾ നിശ്ചയിച്ചു. അതിൽ പിന്നെ അനേകം തവണ അയാൾ സ്നേഹിതന്റെ മുറിയിൽ പോയി ആ ചിത്രം ആദരവോടും, അഭിമാനത്തോടും, ആവേശത്തോടും നോക്കി വന്നു.

ഒടുവിൽ ഒരു വിരുന്നുസൽക്കാരസമയത്തു ട്വയിൻ തന്റെ പ്രേമധാമത്തെ നേരിട്ടു കണ്ടുമുട്ടി. അതിൽ പിന്നെ അദ്ദേഹത്തിനു് അവളെ വിസ്മരിക്കാൻ കഴിഞ്ഞിട്ടില്ല. കുറേ നാളുകൾക്കു ശേഷം ഒളിവിയായുടെ ഭവനത്തിലേക്കു് ഒരു അതിഥിയായി ട്വയിൻ ക്ഷണിക്കപ്പെട്ടു. ഏതാനും ദിവസങ്ങൾക്കു ശേഷം, ട്വയിൻ സ്ഥലം വിടേണ്ട സമയം ആയപ്പോൾ ഒരു ചെറിയ കൗശലം പ്രയോഗിച്ചു. വണ്ടിയിൽ ട്വയിൻ ഇരിക്കേണ്ട സീററ്, മറിഞ്ഞു് ആൾ തെറിച്ചു താഴെ വീഴത്തക്കവണ്ണം വണ്ടിക്കാരനോടു ശുപാർശ ചെയ്തു് ഒരു പണി ചെയ്തു വെച്ചിരുന്നു. പെട്ടി അടുക്കി വണ്ടിയിൽ വെച്ചു് എല്ലാവരോടും യാത്ര പറഞ്ഞു. വണ്ടി

യിൽ കയറി കൈ കാട്ടി സലാം ചെയ്തപ്പോഠം, കുതിര മുമ്പോട്ടു ഒന്നു കുതിക്കയും ടൈയിൻ തെറിച്ചു താഴെ വീഴുകയും ഒന്നിച്ചു കഴിഞ്ഞു. ടൈയിൻ കണ്ണുമടച്ചു പകുതി മരിച്ചതുപോലെ കിടന്നു. അപ്പോഠം അവരെല്ലാം ഓടിയെത്തി അതിഥിയെ വീട്ടിനുള്ളിൽ കൊണ്ടുപോയി കിടത്തി വേണ്ട ശുശ്രൂഷകഠം ചെയ്തു. അങ്ങനെ രണ്ടാഴ്ച മുഴുവൻ ടൈയിൻ-കിടക്കയിൽ തന്നേ കഴിച്ചുകൂട്ടി. വിശേഷിച്ചു യാതൊരു ക്ഷീണവും തട്ടാതിരുന്ന ടൈയിൻ തൻെറ പ്രിയപ്പെട്ട ഒളിവിയായുടെ സ്നേഹമസൃണമായ ശുശ്രൂഷകളും, മധുരോദാരമായ സംഭാഷണങ്ങളും അനുഭവിച്ചുകൊണ്ടു് അവിടെ സുഖമായി കഴിഞ്ഞുകൂടി. ഇതാണു മാക്ക് ടൈയിൻെറ ജീവിതത്തിലെ പ്രധാനമായ ഒരു പ്രായോഗിക വിനോദം.

അമേരിക്കയിൽ മാത്രമല്ല ലോകം മുഴുവൻ ഫലിതസാമ്രാട്ട് എന്നു വിഖ്യാതനായിത്തീന്ന മാക്ക് ടൈയിൻെറ ജീവിതകഥ ചലച്ചിത്രത്തിൽ ആക്കുന്നതിനു നാലു ലക്ഷം പവനാണു ചെലവാക്കിയിട്ടുള്ളതു്. സാഹിത്യലോകത്തു്, പ്രത്യേകിച്ചു് അതിൻെറ ഫലിതശാഖയിൽ, നിസ്തുല്യമായ പ്രസിദ്ധി സമ്പാദിച്ച ഇദ്ദേഹത്തിൻെറ ബാല്യകാലജീവിതത്തിലേക്കു നമുക്കു് ഒന്നു കണ്ണോടിച്ചു നോക്കാം.

മാക്ക് ടൈയിൻ പന്ത്രണ്ടു വയസ്സു വരെ ഒരു സാധാരണ സ്കൂളിൽ പഠിച്ചു. അതു കഴിഞ്ഞു സ്കൂഠംവിദ്യാഭ്യാസം മതിയാക്കിയ ഈ ബാലനു സ്വന്ത പരിശ്രമം കൊണ്ടും സ്വാതന്ത്ര്യമായ പ്രതിഭ മൂലവും, അധികം താമസിയാതെ സാഹിത്യലോകത്തു പ്രതിഷ്ഠ ലഭിച്ചു. അങ്ങനെ ക്രമേണ സവ്വജനസമാരാദ്ധ്യനായിത്തീന്ന ഈ സാഹിത്യരസികനു ബിരുദുകഠം ദാനം ചെയ്യുന്നതിൽ ഓക്സ്ഫോഡ്, യെയിൽ എന്നീ സവ്വകലാശാലകഠം പോലും അഭിമാനം പൂണ്ടു. ലോകത്തിലേ മഹാ ജ്ഞാനികളും പണ്ഡിതന്മാരും ഇദ്ദേഹത്തിൻെറ സാഹചയ്യവും സഹവാസവും കൊതിച്ചു തുടങ്ങി. പുസ്തകങ്ങഠം എഴുതി കോടിക്കണക്കിനു പണം ടൈയിൻ സമ്പാദിച്ചു. മറെറാരു ഗ്രന്ഥകാരനും സ്വകൃതികളിൽ നിന്നു് ഇത്രത്തോളം ആദായം കിട്ടിയിട്ടുണ്ടെന്നു തോന്നുന്നില്ല.

മാക്ക് ടൈയിൻെറ ജീവിതം ആദ്യവസാനം സാഹസസമ്പൂണ്ണമായിരുന്നു. 1835-ൽ മിസൗറി ഗ്രാമത്തിൽ ജനിച്ച ഈ ശിശുവിനു സാമുവൽ ലാംഗ്ഹോൺ ക്ലെമൻസ് എന്ന പേരാണു് ആദ്യം ഉണ്ടായിരുന്നതു്. വളരെ നാഠം കഴിഞ്ഞശേഷമാണു് അതു മാക്ക് ടൈയിൻ ആയി മാറിയതു്.

ടൈയിൻ ആദ്യം കണ്ടതു വളരെ ഇടുങ്ങിയതും വൃത്തികെട്ടതുമായ ഒരു മുറിയാണു്. കന്നുകാലികളെ കെട്ടുന്നതിനുപോലും ഇപ്പോഠം ചിലർ മടിച്ചേക്കാവുന്ന ഒരു പരിസരം. രണ്ടു ചെറിയ മുറികളിൽ എട്ടു് ആളുകളാണു കഴിഞ്ഞുകൂടിയിരുന്നതു്. ആദ്യകാലത്തു വലിയ ആരോഗ്യമില്ലാതെ മന്ദനായി കഴിഞ്ഞുകൂടിയിരുന്ന ഈ കുട്ടി, കുറച്ചു പ്രായമായപ്പോഠം മട്ടു മാറി വലിയ ഫുൂജ്ജിക്കാരനായിത്തീൻ. വിദ്യാലയജീവിതം ഈ ബാലനു് ഏററം വിരസവും ചൈതന്യശൂന്യവുമായിത്തോന്നി. പ്രായോഗിക വിനോദങ്ങളിൽ അ

യാരം ശ്രദ്ധയും താല്പര്യവും അമിതമായി പ്രദർശിപ്പിക്കുകയും ചെയ്തു. മിസ്സിസിപ്പി നദിയിൽ ചാടി മറിയുന്നതു് അയാരംക്ക വലിയ രസമായിരുന്നു. പല പ്രാവശ്യവും കടിച്ചു ചാകാൻ തുടങ്ങിയിട്ടുണ്ടു്; എങ്കിലും ദൈവഗത്യാ രക്ഷപ്പെട്ടുവെന്നു മാത്രമേ പറയാനുള്ളു.

ടൈയിനിൻെറ ഫലിതരസികത്വം അമ്മയിൽ നിന്നും കിട്ടിയ ഒരു സ്വഭാവവിശേഷമാണെന്നാണു് അദ്ദേഹം ഗണിച്ചിരുന്നതു്. പിതാവു കുറെ ഗൗരവബുദ്ധി ആയിരുന്നെങ്കിലും, മാതാവു തികഞ്ഞ ഒരു വിനോദപ്രിയ ആയിരുന്നു. പന്ത്രണ്ടു വയസ്സായപ്പോരം മാക്കിൻെറ അച്ഛൻ മരിച്ചു. അങ്ങിനെ അയാരം വിദ്യാലയജീവിതവും മതിയാക്കി. ഇഷ്ടംപോലെ വളന്നു സ്വാതന്ത്ര്യമായിട്ടുള്ള വാസനാവിശേഷങ്ങരം വികസിപ്പിക്കത്തക്ക ഒരു അന്തരീക്ഷമാണു് അമേരിക്കയിലും മററുമുള്ളതു്. അതുകൊണ്ടു സാധാരണഗതിയിലുള്ള വിദ്യാഭ്യാസത്തിൻെറ കുറവു പലപ്പോഴും ഒരു ഉൽകൃഷ്ടവ്യക്തിയുടെ ഭാവിയെ സാരമായി ബാധിക്കുന്നില്ല. നമ്മുടെ നാട്ടിലെ വിദ്യാത്ഥികരം, കുപ്പിയ്ക്കകത്തു വളരുന്ന ഒരു ചെടിയേപ്പോലെയാണു്. സ്വാതന്ത്ര്യമായ വായു ശ്വസിച്ചു വളന്നു പരിലസിക്കാൻ ഇവിടെ തീരെ നിവൃത്തിയില്ലാതെയാണു കാണുന്നതു്. അതുകൊണ്ടു് അല്പമെങ്കിലും ഒന്നു തെളിയണമെങ്കിൽ പേരിനുള്ള ഉന്നത വിദ്യാഭ്യാസം കൂടിയേ കഴിയൂ എന്നു പറയേണ്ടിയിരിക്കുന്നു.

പന്ത്രണ്ടു വയസ്സു കഴിഞ്ഞപ്പോരം വിദ്യാഭ്യാസം ഉപേക്ഷിച്ച മാക്കു് ടൈയിൻ ഒരു മുദ്രണശാലയിൽ ജോലി പഠിക്കാൻ തുടങ്ങി. ആദ്യത്തെ രണ്ടു വഷം കഷ്ടിച്ചു ഭക്ഷണം, വസ്ത്രം ഇവയ്ക്കു മാത്രമേ ശമ്പളം ലഭിച്ചിരുന്നുള്ളു. ഈ പ്രായത്തിൽ മാക്കിൻെറ ജീവിതത്തേ മുഴുവൻ ഇളക്കിയ ഒരു സംഭവം ഉണ്ടായി. പക്ഷേ, ആലോചിച്ചു നോക്കിയാൽ അതു് ഒരു നിസ്സാരസംഗതിയുമാണു്. ഒരു കടലാസ്സു കഷണം വഴിയിൽ കിടന്നു കിട്ടി. അതു ജോവാൻ ആഫ് ആക്കിൻെറ ജീവചരിത്രത്തേ സംബന്ധിക്കുന്നതായിരുന്നു. വളരെ ഉത്സാഹത്തോടുകൂടെ മാക്കു് ടൈയിൻ ജോവാനേക്കുറിച്ചുള്ള പല ഗ്രന്ഥങ്ങളും കണ്ടുപിടിച്ചു വായിച്ചുതുടങ്ങി അറുപതു വയസ്സായപ്പോരം ജോവാനേ സ്മരിച്ചുകൊണ്ടു് ഇദ്ദേഹം ഒരു ഗ്രന്ഥം പ്രണയനം ചെയ്തു. അതിൽ നിന്നും അദ്ദേഹത്തിനു ആ വീരവനിതയോടു് എത്രമാത്രം മതിപ്പു തോന്നിയിരുന്നു എന്നും അവർ അദ്ദേഹത്തിൻെറ ജീവിതത്തെ എത്രത്തോളം സ്പർശിച്ചു എന്നും ഊഹിക്കാൻ കഴിയും.

മാക്കു് ടൈയിൻ ഇരുപത്തഞ്ചു പുസ്തകങ്ങരം രചിച്ചിട്ടുണ്ടെങ്കിലും, അവയിൽ ചിലതൊക്കെ വിസ്മൃതിയിൽ പെട്ടിരിക്കയാണു്. ഏററവും പ്രസിദ്ധപ്പെട്ട ഗ്രന്ഥങ്ങരം Huckleberry Finn, Tom Sawyer എന്നിവയാണു്. ആത്മകഥാസ്പർശമുള്ള ഈ രണ്ടു കൃതികളും സാഹിത്യലോകത്തിൽ അനശ്വരതയേ പ്രാപിച്ചിരിക്കുന്നുവെന്നാണു നിരൂപകമതം. പുസ്തകപ്രസിദ്ധീകരണം മൂലവും പ്രസംഗയാത്ര മൂലവും വളരെയധികം പണം ടൈയിൻ സമ്പാദിച്ചിട്ടുണ്ടു്; എങ്കിലും ബുദ്ധിപൂവ്വമായി നിക്ഷേപിക്കുന്നതി

ന് അദ്ദേഹത്തിനു സാധിച്ചിട്ടില്ല. ഇദ്ദേഹത്തിന്റെ പണം കൊടുത്തിരുന്ന പല വ്യവസായങ്ങളും പൊട്ടിത്തകൎന്നുപോകയാണു് ഉണ്ടായിട്ടുള്ളതു്. ഇങ്ങനെ നിരുത്സാഹനായിത്തീൎന്ന ടെ്വയിൻ, ടെലിഫോൺ കണ്ടുപിടിച്ച അലക്സാണ്ടർ ഗ്രഹാം ബെൽ തന്റെ പുതിയ വ്യവസായത്തിൽ കുറച്ചു പണം ഇറക്കണമെന്നു പറഞ്ഞപ്പോൾ വിസമ്മതിക്കയാണുണ്ടായതു്. അന്നു് അതിൽ ഒരു നൂറു പവൻ നിക്ഷേപിച്ചിരുന്നെങ്കിൽ ഇന്നു കോടിക്കണക്കായി അതു വൎദ്ധിച്ചേനേ. പക്ഷേ അയാൾക്കു് അതിനുള്ള യോഗമുണ്ടായില്ല.

1893-ൽ തനിക്കു 58 വയസ്സായപ്പോൾ മാൎക്ക് ടെ്വയിൻ കടം കേറി പാപ്പരാകുന്ന മട്ടായി. എങ്കിലും ധാരാളം എഴുതുകയും, പ്രസംഗങ്ങൾ നടത്തുകയും ചെയ്തു് അദ്ദേഹം അവസാനത്തെ കാശു വരെ കടം വീട്ടി. എഴുപതു വയസ്സായപ്പോൾ, ഇഷ്ടം പോലെ ചെയ്യാനുള്ള പ്രായമായി എന്നു ടെ്വയിൻ നിശ്ചയിച്ചു. അതിൽപിന്നെ അദ്ദേഹം വെള്ളവസ്ത്രം മാത്രമേ ധരിച്ചിട്ടുള്ളു. 1835-ൽ ടെ്വയിൻ ജനിച്ചപ്പോൾ ഹാലിയുടെ നക്ഷത്രം പ്രത്യക്ഷപ്പെട്ടിരുന്നു. 1910-ൽ അദ്ദേഹം മരിക്കുന്ന രാത്രിയിലും 76 വൎഷം മറഞ്ഞിരുന്ന ആ നക്ഷത്രം വീണ്ടും ആകാശത്തു തെളിഞ്ഞു ശോഭിച്ചിരുന്നു എന്നതു ഏററം ആശ്ചര്യകരമായ ഒരു വസ്തുതയത്രേ.

*(Ref: Biographical Round up.)*

———:o:———

ഒരാൾ അയാളുടെ രണ്ടു കുട്ടികളോടുകൂടി ഘനഭാവത്തിൽ ഒരു കാഫി ഹോട്ടലിൽ ചെന്നു കയറി. മൂന്നു തട്ടങ്ങളും മൂന്നു ഗ്ലാസ് പച്ചവെള്ളവും കൊണ്ടുവരാൻ ഹോട്ടൽക്കാരനോടു് ആജ്ഞാപിച്ചശേഷം അയാൾ തന്റെ പോക്കററിൽ നിന്നു് ഏതാനും ബിസ്കററുകളെടുത്തു കുട്ടികൾക്കു പങ്കിട്ടു കൊടുത്ത ശേഷം താനും ഭക്ഷിച്ചു തുടങ്ങി.

ഇതിന്റെ ഒന്നും അൎത്ഥം മനസ്സിലാക്കാതെ ഹോട്ടൽ മാനേജർ അല്പ സമയം ശ്രദ്ധിച്ചുകൊണ്ടു നിന്ന ശേഷം അല്പം ഗൗരവത്തിൽ ചോദിച്ചു. "ഹും, നിങ്ങളെന്താണ് ഈ കാണിക്കുന്നതു്?"

ആൾ—ഉം? നിങ്ങളാരു്?

മാനേജർ—ഞാനാണ് ഇവിടുത്തെ മാനേജർ.

ആൾ—ഓഹോ അങ്ങനെയോ? ഞാൻ നിങ്ങളെ ആളയച്ചു വിളിപ്പിക്കാൻ ഭാവിക്കയായിരുന്നു. ഇതെന്താ റേഡിയോ സ്വിച്ച് ചെയ്യാത്തതു്?

(വിജയഭാനു)

# നോവലിനെപ്പററി

കെ. വി. കുര്യാക്കോസ്.

1—7—'48-ലെ 'ലോകവാണി'യിൽ പ്രസിദ്ധീകരിച്ചിരുന്ന 'നോവൽ' എന്ന ലേഖനം വായിച്ചു. പ്രസ്തുത ലേഖനത്തിൻെറ ശീർഷകം കണ്ടപ്പോൾ നോവൽ പ്രസ്ഥാനത്തെപ്പററി പൊതുവായും മലയാളത്തിലെ നോവൽ സാഹിത്യത്തെപ്പററി പ്രത്യേകമായും പരാമർശിച്ചുകൊണ്ടുള്ള ഒരു ലേഖനമായിരിക്കുമതെന്നു് ഇതെഴുതുന്ന ആൾ വിചാരിച്ചു. പക്ഷേ, വായിച്ചു കഴിഞ്ഞപ്പോഴാണു മനസ്സിലായതു് തൻെറ ചില പുതിയ അഭിപ്രായങ്ങൾ, പുതുമയ്ക്കു വേണ്ടി പ്രകാശിപ്പിക്കണമെന്നേ ലേഖകനുദ്ദേശിച്ചിരുന്നുള്ളു വെന്നു്. ഞാനവയെ ഒന്നെടുത്തു കാണിച്ചു ചോദ്യം ചെയ്തുകൊള്ളട്ടെ.

മി. മേനവൻ പറഞ്ഞിരുന്ന കാര്യങ്ങൾ ഇവയാണു്:

(i) പാശ്ചാത്യ ഭാഷാസംസർഗ്ഗത്തിനു മുമ്പു് നമുക്കുണ്ടായിരുന്ന രണ്ടു നോവലുകളാണു് രാമായണവും ഭാഗവതവും.

(ii) തദനന്തരം പല സ്വതന്ത്ര നോവലുകളും മലയാളത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും അവയെ ഒന്നും ഈ ഗണത്തിൽ പെടുത്തുവാൻ ലേഖകൻ തയ്യാറില്ല. കാരണം, അവയൊന്നും ഉത്തമ നോവലുകളല്ലെന്നതു തന്നെ. സി. വി. യുടെ കഥകളിലെ അസ്വാഭാവികത അവയെ അറബിക്കഥകൾ പോലാക്കിയിട്ടുണ്ടു്. അഫൻെറ മകൾ ഒരു ചെറുകഥ മാത്രമാണു്; വിരുതൻ ശങ്കുവും ആദ്യത്തെ ഇനത്തിൽ പെടും.

(iii) മലയാളത്തിൽ നോവലുകൾ കുറവായിരിക്കാൻ കാരണം ഇവിടെ അവയ്ക്കു പററിയ വിഷയങ്ങൾ ഇല്ലാത്തതുകൊണ്ടാണു്. നമ്പൂതിരിമാരുടെ സംബന്ധവും നായന്മാരുടെ വ്യവഹാരവും അല്ലാതെ ഇവിടത്തെ സാമൂഹ്യജീവിതത്തിൽ ഗ്രന്ഥപ്രവേശാർഹമായെന്തിരിക്കുന്നു?

(iv) മലയാളത്തിൽ ഒന്നര നോവലേ ഉള്ളു: ഇന്ദുലേഖയും ശാരദയുടെ അര ഭാഗവും.

(v) പാശ്ചാത്യഭാഷകളിൽ നിന്നു തർജ്ജമ ചെയ്യപ്പെടുന്ന നോവലുകൾ പാശ്ചാത്യനോവലുകൾ തന്നെയായിരിക്കുന്നേ ഉള്ളൂ, മലയാളത്തിലായിട്ടും.

ഇനി ഞാൻ മുറയ്ക്കു ചോദിക്കാം:

(i) പണ്ടിതുപോലെ വേറൊരഭിപ്രായം കേട്ടിട്ടുണ്ടു്: കാദംബരി ഒരു ഒന്നാം തരം നോവലാണെന്നും അതിനെ അനുകരിച്ചാണു് അന്യ ഭാഷകളിൽ നോവലുകൾ ഉണ്ടായിട്ടുള്ളതെന്നും. ഷേക്സ്പീയർ മഹാകവി 'ഷേക് പരീതു്' എന്നു പേരോടു കൂടിയ ഒരു കോഴിക്കോട്ടുകാരൻ മുഹമ്മദീയനായിരുന്നുവെന്നും, അദ്ദേഹത്തെ ഇംഗ്ലീഷുകാർ പിടിച്ചുകൊണ്ടുപോയതാണെന്നും വേറൊരു

പ്രാസംഗീകൻ തട്ടിമൂളിക്കയുണ്ടായി. സാഹിത്യകാരന്മാരും നിരൂപകന്മാരുമൊക്കെ ഇങ്ങനെയെഴുതി വിടാൻ തുടങ്ങിയാൽ മററുള്ളവർ കറങ്ങി പോവുകയേ ഉള്ളു. ആകട്ടെ, നോവലിൻെറ ലക്ഷണങ്ങൾ വിവരിച്ചു മി. മേനോൻ തൻെറ അഭിപ്രായമൊന്നു വിശദീകരിക്കുമോ ?

(ii) മലയാളത്തിൽ ആകെ ഇത്ര യും നോവലുകളേ ഉള്ളോ? കെ. എം. പണിക്കർ, അപ്പൻ തമ്പുരാൻ മുതലായവരും, ഈ അടുത്ത കാലത്തു തകഴി, പൊറെറക്കാട്ട്, ദേവ്, ബഷീർ, ചങ്ങമ്പുഴ മുതലായവരും എഴുതിയിട്ടുള്ള നോവലുകളേപ്പററി മി. മേനോൻ എന്തു പറയുന്നു ? സി. വി. യുടെ നോവലുകൾ അസ്വഭാവികത കൊണ്ടു് അത്ഭുതകഥകളായിപ്പോയിട്ടുണ്ടെങ്കിൽ മി. മേനോൻ നോവലുകളുടെ ഗണത്തിൽ പെടുത്തുന്ന രാമായണഭാഗവതങ്ങളിലെ കഥകളോ? അവയാണു കൂടുതൽ 'റിയലിസ്റ്റി'ക്കെന്നു ലേഖകൻ ഒന്നു കൂടി ആലോചിച്ചിട്ടു പറയുമോ ?

(iii) ഈ അഭിപ്രായത്തോടു യോജിക്കാൻ വഴി കാണുന്നില്ല. ഇവിടെ ആററംബോംബും മററുമില്ലെന്നദ്ദേഹം പറഞ്ഞിരിക്കുന്നതു ശരിയാണ്. പക്ഷേ, ഇതൊക്കെയുണ്ടെങ്കിലേ നോവലെഴുതാനൊക്കുകയുള്ളോ ? മനുഷ്യജീവിതത്തെ കലാത്മകമായി ചിത്രീകരിക്കയാണു നോവൽകർത്താവു ചെയ്യേണ്ടതെങ്കിൽ — മി. മേനവന് ഇതിൽ പക്ഷാന്തരമുണ്ടാവുകയില്ലെന്നു വിശ്വസിക്കട്ടെ— കേരളം മനുഷ്യരില്ലാത്ത ഒരു മരുഭൂമിയായി തീൎന്നെങ്കിലേ ഇവിടെ അതിനു വേണ്ട വിഷയങ്ങളും ഇല്ലാതാവുകയുള്ളു. ആധുനികരീതിയിൽ സാമൂഹ്യജീവിതം നയിക്കുന്ന ഒരു ജനതതിയാണു കേരളത്തിലുമുള്ളതു്. പാശ്ചാത്യജീവിതത്തിലെ വൈവിദ്ധ്യവും ശാസ്ത്രീയകോളിളക്കങ്ങളും നമ്മുടെ ദൈനന്ദിനജീവിതത്തിൽ കാണുകയില്ലായിരിക്കാം. പക്ഷേ അവ വെറും ബാഹ്യോപാധികൾ മാത്രമല്ലേ ? അവയേക്കാൾ സ്ഥായിയായി കരുതപ്പെടേണ്ടവ മനുഷ്യഹൃദയവും തൽസ്വഭാവങ്ങളുമല്ലേ ? ഈ കാലത്തു മനശ്ശാസ്ത്രനോവലുകൾക്ക് പ്രാധാന്യം കൂടിവരുന്നതു് ഇതുകൊണ്ടല്ലേ ? കാമുകീകാമുകന്മാരുടെ വികാരങ്ങൾ, ദാമ്പത്യജീവിതരഹസ്യങ്ങൾ, പിതൃപുത്രബന്ധം, സ്വാമിഭക്തി, സ്വരാജ്യസ്നേഹം, എന്നിങ്ങനെ മനുഷ്യഹൃദയത്തെ ഉത്തേജനം ചെയ്യുന്ന എല്ലാ വികാരങ്ങളും നോവലുകൾക്കു പ്രതിപാദ്യമായി സ്വീകരിക്കാം. ഇനി സാമൂഹ്യവിഷയങ്ങളാണെങ്കിൽ, നമ്മുടെ നാട്ടിലെ ജന്മി കുടിയാൻ ബന്ധം, മുതലാളി തൊഴിലാളി ബന്ധം, മതഭ്രാന്തു്, വ്യക്തി സമൂഹം കുടുംബം ഇവ തമ്മിലുള്ള ബന്ധവൈചിത്ര്യം തുടങ്ങി എത്ര വേണമെങ്കിലുമില്ലേ ? "ലോകാവേക്ഷണപാടവ"മുള്ള കലാകാരന്മാരെ നമ്മുടെ നാട്ടിൽ കുറവുള്ളു എന്നെനിക്കു തോന്നുന്നു.

(iv) വേണ്ടവിധം യുക്തിവിചാരം ചെയ്തു് ലേഖകൻ തൻെറ ഈ അഭിപ്രായം സമൎത്ഥിച്ചിട്ടില്ല. അഭിപ്രായസ്വാതന്ത്ര്യം എല്ലാവൎക്കുമുള്ള ഈ കാലത്തു്, മലയാളത്തിൽ ഒന്നര നോവലേ ഉള്ളുവെന്നോ, നോവൽ തന്നെ ഇല്ലെന്നോ എന്തു വേണമെങ്കിലും ആൎക്കും പറയാം. പക്ഷേ, സോപപത്തികമായ നിരൂപണം കൂടി അതോടൊന്നിച്ചുണ്ടായിരിക്കേണ്ടതാണ്. ഇവിടെ അതും കാണുന്നില്ല.




# കടത്തുകാരൻ

നിർമ്മൽ ജേക്കബ്.

ഇനിയെത്ര നേരം ഞാനിങ്ങനെ കാത്തിരിക്കണം? സൂര്യൻ അസ്തമിച്ചു കഴിഞ്ഞു. ചന്ദ്രൻ ഉദിച്ചുയരുന്നു. എണ്ണമററ നക്ഷത്രങ്ങളും. എന്നിട്ടും അവൾ വന്നിട്ടില്ല.

ഇന്നെന്തവളിത്ര വൈകാൻ! പതിവില്ലല്ലോ ഈ താമസം.

അതാ! ഹൃദയാവർജ്ജകമായ ആ ചിരി അകലെ കേൾക്കുന്നു. കാൽചിലമ്പുകളുടെ മൃദുസ്വനവും. മനം മയക്കുന്ന മണൽപ്പുറത്ത് ആതാ ആ അനുഗ്രഹവിഗ്രഹം എത്തിക്കഴിഞ്ഞു.

....അല്ല....അതവളല്ല.

“അക്കരെയ്ക്കല്ലേ അമ്മാ? വഞ്ചിയിലേക്കു കടന്നിരിക്കു.......അതെ അരയണ ”

അല്ല, അതവളല്ലായിരുന്നു. അവൾ എങ്ങനെ വരാനാണ്. ഏതാനും ദിവസങ്ങൾക്കു മുൻപ് ഭയങ്കരമായ ആ കാഴ്ച ഞാൻ തന്നെ കണ്ടതല്ലേ? ചുടലാഗ്നി ഉയർന്നു പൊങ്ങി അവളുടെ കോമളവിഗ്രഹത്തെ കരിയും ചാമ്പലുമായി മാററുന്ന ആ അസഹനീയ കാഴ്ച.

ചുടലയിലേയ്ക്കു മററുള്ളവരുടെ പുറകെ അല്പം അകലെയായി ഞാനും ഉണ്ടായിരുന്നു. ദൂരെ നിന്നു് അതെല്ലാം ഞാൻ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. ചുടുകണ്ണുനീർ എന്റെ കവിൾത്തടത്തെ നനച്ചു. ‘ ശാന്തി ’ ലോകത്തെ വെടിഞ്ഞു.

എങ്കിലും ഈ കടവു കടക്കാൻ വരുന്ന സ്ത്രീകളുടെ ശബ്ദകോലാ

---

(V) ഈ അഭിപ്രായത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. പാശ്ചാത്യഭാഷകളിൽ നിന്നു തർജ്ജമ ചെയ്യപ്പെടുന്ന നോവലുകൾ പാശ്ചാത്യങ്ങളായി തന്നെയാണു കാണപ്പെടുന്നതു്. മറിച്ചു വരാൻ കാര്യമില്ലല്ലോ.

[ ‘വായനക്കാർ ലോകവാണിയിൽ ’ എന്ന പംക്തിയിലേക്കയച്ചിരുന്ന ഒരു കത്താണു് മേൽ ചേർത്തിരിക്കുന്നതു്. ദൈർഘ്യംകൊണ്ടു് ഒരു പ്രത്യേക ലേഖനമായി ചേത്തിരിക്കുകയാണ്—പ.]

—:o:—

ഫലത്തിനിടയിലെല്ലാം അവളുടെ മൃദുസ്വനം ഞാൻ കേൾക്കുന്നു. ഞാൻ കാണുന്ന ഏതു സ്ത്രീയിലും അവളുടെ ആകാരസൗഷ്ഠവത്തിൻെറ ഒരു പ്രതിഫലനം എനിക്കു കാണാം. ഈ ചെറുപുഴയിലെ കല്ലോലങ്ങളുടെ കളസ്വനങ്ങൾ ആ തരിവളകളുടെ സംഗീതമാണെന്നു ഞാൻ ഭ്രമിച്ചുപോകുന്നു.

ലോകമാകെയുറങ്ങി, രാത്രി പ്രശാന്ത നിശബ്ദമായി തീരുമ്പോൾ, ഞാൻ തനിയെ ഈ ചെറുവഞ്ചിയിലിരുന്നു് അവളുടെ സാമീപ്യസൗഭാഗ്യത്തെ ഇപ്പോഴും അനുഭവിക്കാറുണ്ടു്.

ആദ്യമായി ഞാനവളെ കണ്ട ദിവസം.........ഞാൻ അനുഭവിച്ചിട്ടുള്ള ക്ലേശങ്ങൾ.........പിന്നീടവൾ നല്കിയിട്ടുള്ള ദിവ്യാനുഭൂതികൾ....എന്നു വേണ്ട ആ സംഭവപരമ്പരകളെല്ലാം ഒന്നൊന്നായി എൻെറ കണ്ണിൻമുൻപിൽ വന്നു നില്ക്കുന്നു.

ചെറിയ മഴയുള്ള ഒരു പ്രഭാതം തലേ രാത്രി അച്ഛനു വാതത്തിൻെറ ഉപദ്രവം അല്പം കൂടുതലായിരുന്നതുകൊണ്ടു് ഞാനായിരുന്നു അന്നു കടത്തുകാരൻ. എനിക്കന്നു കഷ്ടിച്ചു് പതിമൂന്നു വയസ്സു കാണും. ആ പദവി ലഭിച്ചതിൽ എനിക്കു് അല്പം അഹംഭാവവും അത്യുത്സാഹവും ഉണ്ടായി. ഒരു കീറത്തുണി ചുററി, ആ ചെറുവഞ്ചിയുടെ പിന്നിൽ മൂളിപ്പാട്ടും പാടി ആളെയും കാത്തു് ഞാനങ്ങനെ ഞെളിഞ്ഞിരുന്നു.

അപ്പോഴാണു് അവർ വന്നതു്. ഒരു വൃദ്ധനും, രണ്ടു സ്ത്രീകളും, ഒരു പെൺകുട്ടിയും.

ആ വൃദ്ധനു് അറുപതിൻമേൽ വയസ്സുണ്ടായിരുന്നിരിക്കണം. പ്രായം കൂടിയ സ്ത്രീ അയാളുടെ ഭാര്യയും, മദ്ധ്യവയസ്കയായ മററെ സ്ത്രീ അയാടെ മകളും, കഷ്ടിച്ചെട്ടു വയസ്സു വരുന്ന 'ശാന്തി' അയാളുടെ കൊച്ചുമകളുമായിരുന്നു. കുറച്ചു സാമാനമൊന്നുമല്ല അവർ കൂടെക്കൊണ്ടുവന്നിരുന്നതു്. അതെല്ലാം ഞാൻ അക്കര കടത്തിക്കൊടുത്തു. അവർ പട്ടണത്തിൽനിന്നും വരികയായിരുന്നു, ഞങ്ങളുടെ ഗ്രാമത്തിൽ സ്ഥിരതാമസമുറപ്പിക്കാൻ.

അവർ കടന്നുപോയി. ഞാൻ ചിന്തിച്ചു കൊണ്ടിരുന്നു. എത്രയെത്ര സാധനങ്ങൾ—എത്ര വിലപിടിച്ച വസ്തുക്കൾ—ആ പെൺകുട്ടി—അവ്യക്തമായി എന്തൊക്കെയോ !........

ദിവസവും സായാഹ്നത്തിൽ ആയയോടൊന്നിച്ചു് അവൾ നടക്കാൻ വന്നുകൊണ്ടിരുന്നു. ഞാൻ അവരെ അക്കര കടത്തി വിടും. സന്ധ്യയാകുമ്പോഴേയ്ക്കും അവർ മടങ്ങിവരും, അപ്പോൾ തിരികെയും.

എനിക്കവളോടു വളരെ ഇഷ്ടം തോന്നി. അവൾ എൻെറ കൂട്ടുകാരിയായിരുന്നെങ്കിൽ എന്നു ഞാൻ വിചാരിച്ചു. അവൾ തനിയെ വന്നിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചു. എങ്കിൽ എനിക്കറിയാവുന്ന കഥകളെല്ലാം പറഞ്ഞു് അവളെച്ചിരിപ്പിക്കാമായിരുന്നല്ലോ, പട്ടണത്തിലെ വിശേഷങ്ങളെല്ലാം അവളോടു ചോദിക്കാമായിരുന്നല്ലോ, ഈ വഞ്ചിയിൽ എൻെറ അടുത്തിരുത്തി ഈ നദിയിലെല്ലാം കൊണ്ടുപോകാമായിരുന്നല്ലോ എന്നൊക്കെ ഞാൻ ഓർത്തു.

പക്ഷെ അവൾ എന്നെക്കുറിച്ചു ശ്രദ്ധിച്ചിരുന്നതേയില്ല. എന്തു ശ്രദ്ധിക്കാനാണു്, മുഷിഞ്ഞതും കീറിയതു

മായ തുണി ചുററിയ കടത്തുകാരൻ ചെറുക്കനെപ്പററി, കടത്തുകാരൻെറ മകനെപ്പററി.

ഒരു വർഷം അങ്ങനെ കടന്നുപോയി

ഒരു ദിവസം അവരെല്ലാവരുംകൂടെ വീണ്ടും പട്ടണത്തിലേക്ക പോകാൻ വന്നു. ശാന്തിയും, അവളുടെ അമ്മയും, വലിയച്ഛനും എല്ലാം. ഒന്നോ രണ്ടോ പെട്ടിയും ചില്ലറ സാമാനങ്ങളുമെ ഉണ്ടായിരുന്നുള്ള ആ പ്രാവശ്യം.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവർ മടങ്ങി വന്നു. ശാന്തി ഒഴികെ മറെറല്ലാവരും.

ഒരു ദിവസം ശാന്തിയുടെ ആയ ആ വഴി വന്നു. അവരിൽ നിന്നും ഞാൻ മനസ്സിലാക്കി അവളെ പട്ടണത്തിലുള്ള ഒരു പള്ളിക്കൂടത്തിൽ താമസിപ്പിച്ചു പഠിപ്പിക്കുകയാണെന്നു്.

അവൾ എന്നിൽനിന്നും അകന്നകന്നു പോകുന്നതായി എനിക്ക തോന്നി. അവളെക്കാണാൻപോലും സാധിക്കാതെയാകുമോ എന്നു ഞാൻ ഭയന്നു. അവൾ കുലീനയാണു്. ഉയൎന്ന സാഹചയ്യങ്ങളിൽ ജീവിക്കുന്നവളാണു്, വിദ്യാഭ്യാസവും കൂടിയായാൽ അടുത്തു തന്നെ.......അടുത്തു തന്നെ ഞങ്ങൾ തമ്മിലുള്ള വ്യത്യാസം വളരെയാകും.

ഇല്ല അവളേ ഞാൻ സ്വന്തമായിക്കരുതിയിരുന്നില്ല. ഒരു കാമുകനുള്ള മനോഭാവമല്ലായിരുന്നു എനിക്കവളോടുണ്ടായിരുന്നതു്. ഞാൻ ഒരുപ്രത്യേക തരത്തിലാണു് അവളെ ഇഷ്ടപ്പെട്ടിരുന്നതു്. ഒരു കുട്ടിക്കു നല്ല ഭംഗിയുള്ള കളിസാധനത്തോടു തോന്നുന്ന താല്പയ്യം. അല്ല, ഒരു കലാരസികനു നല്ല ഒരു കലാസൃഷ്ടിയോടു തോന്നുന്ന സ്നേഹം....അല്ല, അതും പോരാ.... എനിക്ക തന്നെ നല്ല നിശ്ചയമില്ലാത്ത ഒരു തരത്തിൽ.

ഞാൻ നിശ്ചയിച്ചു അവൾ എന്നിൽ നിന്നും അങ്ങനെ അകന്നകന്നു പോകാൻ അനുവദിക്കരുതെന്നു്. എന്നെത്തന്നെ അതിനു് അർഹനാക്കിത്തീക്കണമെന്നു്, അവളുടെ ഒരു പരിചയക്കാരനായിരിക്കുന്നതിനെങ്കിലും ഉള്ള അർഹത.

അതു് ഒരു ഉഗ്രനിശ്ചയമായിരുന്നു. അതിനെത്തുടൎന്നുണ്ടായതു് ഒരു കഠിനശ്രമവും.........ദാരിദ്ര്യവുമായുള്ള ഒരു മല്പിടൽ.........പ്രതികൂലസാഹചയ്യങ്ങളുമായുള്ള ഒരു പോരാട്ടം. പുതിയ ഒരു ജീവിതത്തിനുവേണ്ടിയുള്ള അത്യദ്ധ്വാനം.

അല്പസമയം കിട്ടുമ്പോഴെല്ലാം ഞാൻ വളരെ പ്രയാസപ്പെട്ടും ക്ഷമയോടുംകൂടി അക്ഷരങ്ങൾ പഠിക്കുവാൻ തുടങ്ങി. എനിക്കതിനു വളരെ സമയവും വളരെ കഷ്ടപ്പാടും വേണ്ടിവന്നെങ്കിലും ആശ വിടാതെ ഞാൻ മുൻപോട്ടു പോയി. വിധി എനിക്കനുകൂലമായിത്തോന്നി. അച്ഛൻ എന്നോടു സഹതപിച്ചു. സ്വല്പം പണമൊക്കെ എങ്ങനെയോ കഷ്ടപ്പെട്ടു സമ്പാദിച്ചു് എൻെറ പഠിത്തത്തിനായി അദ്ദേഹം തന്നു.

ഞാൻ ഒരു പള്ളിക്കൂടത്തിൽ ചേൎന്നു.......കുറച്ചു കൊല്ലങ്ങൾകൊണ്ടു് പട്ടണത്തിലുള്ള ഒരു കോളജിലും.

കോളജിൽ എന്നെ പഠിപ്പിക്കുക, അച്ഛൻെറ കഴിവിനു വളരെ അപ്പുറമായിരുന്നു. എങ്കിലും എനിക്കൊരു 'സ്കോളർഷിപ്പ്' ഉണ്ടായിരുന്നതുകൊണ്ടു് ഒരു വിധത്തിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. ഞാൻ വളരെ ചുരുക്കി ചെലവിട്ടു. ദിവസം രണ്ടു

നേരമെ ഞാൻ ഭക്ഷിച്ചിരുന്നുള്ളൂ, അതും ഉപായമായിട്ട്. പട്ടണത്തിലുള്ളതിലേയ്ക്കും താണ തരം ഹോട്ടലിലാണു ഞാൻ ഭക്ഷിച്ചിരുന്നതു്. എൻെറ കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ പല സഹപാഠികൾക്കും ഒരു പരിഹാസ കാരണമായിരുന്നു.

ഒരു ദിവസം യാദൃച്ഛികമായി ഞാൻ ശാന്തിയെക്കണ്ടു— അനേക വർഷങ്ങൾക്കുശേഷം.

അവൾ കടൽക്കരയിൽ മണൽപ്പുറത്തു സഖികളോടു ചേർന്ന് ഉലാത്തുകയായിരുന്നു. പിന്നീടു ഞാൻ മനസ്സിലാക്കി അവളും മറ്റൊരു കോളജിൽ ബി. എ. ക്കു പഠിക്കുകയാണെന്നു്.

അന്നു മുതൽ ഞാൻ കടൽപ്പുറത്തു പോവുക പതിവായിത്തീർന്നു. കൂട്ടുകാരികളോടു കൂടി അവൾ വരുമ്പോൾ അകലെ മാറിയിരുന്നു ഞാൻ നോക്കിക്കൊണ്ടേയിരിക്കും. ഹൃദയം കുളുർപ്പിക്കുന്ന ആ ചിരി കേട്ടുകൊണ്ടേയിരിക്കും....വീണ്ടും എൻെറ മുറിയിൽ എത്തി പൂർവ്വാധികം ഉത്സാഹത്തോടുകൂടെ പഠിക്കും...ആ ദർശനം, ആ മൃദുസ്പന്ദനം, അതു മതിയായിരുന്നു, ഇരുളടഞ്ഞ എൻെറ ജീവിതത്തിൽ വെളിച്ചം വിതറുവാൻ, തളർന്ന എൻെറ സിരകളിൽ ഉന്മേഷം ച്ചൊരൊഴുക്കുവാൻ.

ഈ നാലു വർഷങ്ങൾക്കിടയിൽ ഞാൻ വീട്ടിലേക്കു പോയിരുന്നതേയില്ല. പഠിത്തം പൂർത്തിയാക്കിയിട്ടേ പോവുകയുള്ളൂ എന്നു ഞാൻ തീരുമാനിച്ചിരുന്നു.

പഠിത്തമെല്ലാം കഴിഞ്ഞു. ഞാൻ വീട്ടിലേയ്ക്കു മടങ്ങി.

ശാന്തിയും പരീക്ഷ കഴിഞ്ഞു നാട്ടിൽ എത്തിയിരുന്നു.

അവൾ പലപ്പോഴും നടക്കാൻ വരാറുണ്ടായിരുന്നു. തനിയെ ആണു വന്നുകൊണ്ടിരുന്നതു്. *പക്ഷെ അച്ഛൻ തന്നെ കടത്തുകാരൻെറ ജോലി ചെയ്തുകൊണ്ടിരുന്നതിനാൽ എനിയ്ക്കവളെ അടുത്തു കാണുന്നതിനു തന്നെ സൗകര്യം ലഭിച്ചില്ല.

ഒരു ദിവസം പഴയതുപോലെ അച്ഛനു വീണ്ടും വാതോപദ്രവമുണ്ടായി. ഞാൻ കടത്തുജോലിക്കു പോകാമെന്നു പറഞ്ഞു.

ശരീരത്തിൻെറയും മനസ്സിൻെറയും വേദന ഒരുപോലെ സൂചിപ്പിക്കുന്ന മുഖത്തോടുകൂടി, "നീയോ", എന്നു മാത്രം അദ്ദേഹം അതിൻെറ ഔചിത്യത്തെ ചോദ്യം ചെയ്തു.

"അതേ അച്ഛാ— എനിക്കതിനു പ്രയാസമൊന്നുമില്ല. എനിയ്ക്കേറ്റവും ഇഷ്ടമുള്ള ജോലി അതാണു്." ഞാൻ പറഞ്ഞു.

അച്ഛനു തീരെ സുഖമില്ലാതിരുന്നതു കൊണ്ടു് സമ്മതിക്കേണ്ടി വന്നു. ഞാൻ വീണ്ടും കടത്തുകാരനായി.

അന്നു സായാഹ്നത്തിലും അവൾ വന്നു- തനിയെ.

"ഇന്നാക്കിഴവനെവിടെ" അവൾ വഞ്ചിയിലേയ്ക്കു കയറിക്കൊണ്ടു് ആത്മഗതമെന്നപോലെ പറഞ്ഞു.

"എൻെറ അച്ഛനു സുഖമില്ലാതിരിക്കുകയാണു്" ഞാൻ സാവധാനത്തിൽ പറഞ്ഞു.

അവൾ അത്ഭുതത്തോടെ എന്നെ തുറിച്ചുനോക്കി.

"നിങ്ങളുടെ അച്ഛനോ" അത്ഭുതം വ്യക്തമാക്കിക്കൊണ്ടു് അവൾ ചോദിച്ചു. "അപ്പോൾ നിങ്ങൾ... ....നിങ്ങൾ പ്രഭാകരനല്ലെ."

"അതെ."

"നിങ്ങളെപ്പററി ഞാൻ കേട്ടിട്ടുണ്ടു്....നിങ്ങളെ ഞാൻ അനുമോദിച്ചുകൊള്ളട്ടെ നിങ്ങളാണല്ലോ പരീക്ഷയിൽ ഒന്നാമതു വിജയിയായിരിക്കുന്നതു്."

അതു് എനിക്കു പുതിയ അറിവായിരുന്നു. അവളുടെ ഒരു അദ്ധ്യാപകൻ പറഞ്ഞറിഞ്ഞതതാണെന്നവർ പറഞ്ഞു.

"ഇനിയും നിങ്ങളെന്തിനീ കടത്തുജോലി ചെയ്യുന്നു" അവർ ആശ്ചര്യത്തോടെ ചോദിച്ചു.

"ഞാൻ ഒരു കടത്തുകാരൻെറ മകനല്ലേ? അതു മറന്നുപോകരുതല്ലോ. ഞാൻ തന്നെ പണ്ടു കടത്തുകാരനായിരുന്നിട്ടുമുണ്ടു്. ശാന്തി ചെറുപ്പത്തിൽ ആദ്യമായി ഈ കടവു കടക്കാൻ വന്നപ്പോഴും ഞാനായിരുന്നു കടത്തുകാരൻ." ഞാൻ ഉത്തരം പറഞ്ഞു.

"എന്നിട്ടു് ഞാൻ നിങ്ങളെ ഓക്കുന്നില്ലല്ലോ."

"അതിലെന്താണു് ആശ്ചര്യപ്പെടാനുള്ളതു്. ദരിദ്രനായ ഒരു കടത്തുകാരൻ ചെറുക്കനെ ആരോക്കാനാണു്."

അവർ നിത്യവും വന്നുകൊണ്ടിരുന്നു. ഞാൻ അക്ഷമയോടെ അവളെ കാത്തിരിക്കും. വന്നുകഴിഞ്ഞാൽ വഞ്ചിയിൽ കയററി ഈ നദിയിലെല്ലാം തുഴഞ്ഞു കൊണ്ടുപോകും. ഞങ്ങൾ പല കാര്യങ്ങളെപ്പററിയും, അല്ല എല്ലാ കാര്യത്തെപ്പററിയും ഒരറുതിയുമില്ലാത്ത തരത്തിൽ സംഭാഷിക്കുകയും ചർച്ചചെയ്യുകയും പതിവായിത്തീന്നു.

ഒരിക്കൽ ഞാനവളോടു പറഞ്ഞു, എൻെറ ജീവിതത്തിലെ ആ പരമരഹസ്യം. എൻെറ സകല ആഗ്രഹങ്ങളുടെയും, സകല വിജയങ്ങളുടെയും അടിസ്ഥാനമെന്താണെന്നു്.

"ഇതു ചില കഥകളിൽ വായിച്ചിട്ടുള്ളതുപോലെ ഇരിക്കുന്നല്ലോ." അവർ ചിരിച്ചുകൊണ്ടു പറഞ്ഞു.

അന്നവർ കൂടുതലായി ഒന്നും സംസാരിച്ചില്ല.

അടുത്ത ദിവസം അവർ പറഞ്ഞു, "പ്രഭാകര, എനിക്കു് സാമൂഹ്യസ്ഥിതിയിലുള്ള വ്യത്യാസമെന്നും കുടുംബശ്രേഷ്ഠതയെന്നുമൊക്കെപ്പറയുന്നതിൽ അത്ര വിശ്വാസമൊന്നുമില്ല. നമ്മൾ രണ്ടുപേരും വിദ്യാഭ്യാസമുള്ളവരല്ലേ? ഞാൻ നിർബ്ബന്ധമായിപ്പറയുകയാണെങ്കിൽ വലിയച്ഛനും വിസമ്മതം പറയുമെന്നു തോന്നുന്നില്ല.

"ശാന്തി", ഞാൻ ചോദിച്ചു, "എന്തുകൊണ്ടാണു നീ വലിയച്ഛനെ നിർബ്ബന്ധിച്ചു സമ്മതിപ്പിക്കാമെന്നു വിചാരിക്കുന്നതു്? എന്നോടുള്ള സഹതാപം കൊണ്ടാണോ?"

"നിങ്ങളെ ഞാൻ ഇഷ്ടപ്പെടുന്നതുകൊണ്ടു്, എനിക്കനുരൂപനായ ഭത്താവായിരിക്കും നിങ്ങളെന്നു ഞാൻ വിചാരിക്കുന്നതുകൊണ്ടു്." അവർ പറഞ്ഞു.

"ഓഹോ എൻെറ സ്വഭാവവും, പെരുമാററവും, ഒരുപക്ഷെ എൻെറ ആകൃതിയും ശാന്തിക്കിഷ്ടമാണെന്നു്- ശാന്തിയുടെ ഭത്താവാകാൻ തക്ക യോഗ്യത എനിക്കുണ്ടെന്നു് ശാന്തി വിചാരിക്കുന്നുവെന്നു്, അല്ലേ? പക്ഷേ ആ പദവിക്കായല്ല ഞാനിത്ര നാൾ കഠിനതപം ചെയ്തതു്, ഇത്ര നാൾ നിരന്തരം പ്രാത്ഥിച്ചതു്. ശാന്തിയുടെ ഹൃദയം—അതൊന്നു മാത്രമാണു് ഞാൻ അഭിലഷിച്ചതു്. ശാന്തിയുടെ സ്നേഹം – അതിനായി മാത്രമാ

ണ് ഇത്രനാറം എന്റെ ആത്മാവെരിഞ്ഞതു്. അതിലൊരു തുള്ളിയെങ്കിലും എനിക്കു നല്കുന്നതിനുണ്ടോ? അല്ലെങ്കിൽ ഞാൻ ശാന്തിയെ സ്നേഹിക്കുന്നതുപോലെ ശാന്തി എന്നെ സ്നേഹിക്കുന്നുണ്ടോ? അതാണെനിക്കറിയേണ്ടതു്."

"ആ.... അതൊന്നും എനിയ്ക്കറിഞ്ഞുകൂടാ" അവറം വീണ്ടും പറഞ്ഞു. "നിങ്ങറം എന്നെ എത്രമാത്രം സ്നേഹിക്കുന്നു, അത്രയും തന്നെ ഞാൻ നിങ്ങളെ സ്നേഹിക്കുന്നുണ്ടോ എന്നൊന്നും എനിക്കു നിശ്ചയമില്ല. നിങ്ങളെ എ ീക്കിഷ്ടമാണു്. നിങ്ങറം എന്നെ സ്നേഹിക്കുന്നതുപോലെ തന്നെ ഞാൻ നിങ്ങളെയും സ്നേഹിക്കാൻ ശ്രമിക്കാം."

"വേണ്ട.........ശാന്തി, വേണ്ട." ഞാൻ തുടന്നു. "വലിയച്ഛനേയും നിർബ്ബന്ധിയ്ക്കേണ്ട, ആരേയും നിർബ്ബന്ധിയ്ക്കേണ്ട. സ്നേഹിക്കാൻ ശ്രമിക്കാമെന്നു്. നിർബ്ബന്ധിച്ചിട്ടും പരിശ്രമിച്ചിട്ടും സ്നേഹിക്കുക. അതെന്തൊരു സ്നേഹമാണോ? സുന്ദരിയും കലീനയുമായ ശാന്തിയെ, അവളുടെ വലിയച്ഛന്റെ അളവററ ധനത്തിനു് അവകാശിനിയായ ശാന്തിയെ, വിവാഹം ചെയ്യുക എന്നുള്ളതല്ലായിരുന്നു എന്റെ ആഗ്രഹം. കേവലം ഒരു ബാലികയായി ശാന്തിയെ ഞാൻ ആദ്യം കണ്ട ദിവസം ഞാനറിയാതെ തന്നെ എന്റെ ഹൃദയം ഒന്നു പുളകം കൊണ്ടു. അതുവരെ എനിക്കജ്ഞാതമായിരുന്ന ഒരു വികാരം എന്നിൽ ഉളവായി. കാലം ചെല്ലുന്തോറും അതു വളർച്ച വന്നു് പാവനമായ പ്രണയമായിപ്പരിണമിച്ചു. സ്നേഹിക്കുന്നതിനു ഞാൻ പഠിച്ചു. സ്നേഹിക്കപ്പെടുന്നതിനുവേണ്ടി എന്റെ ഹൃദയം വെമ്പൽ കൊണ്ടു.... എന്റെ സകല കഠിനപ്രയത്നങ്ങളുടെയും അവസാനം ഞാൻ ആശിച്ചിരുന്ന പ്രതിഫലം അതൊന്നു മാത്രമായിരുന്നു. എന്റെ പ്രയത്നങ്ങറം കഴിഞ്ഞു. പ്രതിഫലം ശാന്തി നൽകുന്നുമുണ്ടു്. രത്നപദമെവിടെ? ആ സ്വപ്നങ്ങളുടെ മാത്രമാണു ശാന്തിയെനിക്കു നൽകുന്നതു്, പ്രേമഗാനമുതിക്കുന്ന ആ പൈങ്കിളി അതിലില്ല. അതു മാത്രമായി ആനാഗ്രഹിച്ചിരുന്നില്ല. എനിയ്ക്കതാവശ്യവുമില്ല.

ഞാൻ എത്ര ശ്രമിച്ചിട്ടും കണ്ണുനീർ തടയുന്നതിനു സാധിച്ചില്ല. ഞങ്ങറം നദീമദ്ധ്യത്തിലായിരുന്നു. ചന്ദ്രനം മുകളിൽ മ്ലാനവദനനായി നിന്നിരുന്നു. നിശ്ചലമായ വഞ്ചിയിൽ എനിയ്ക്കഭിമുഖമായി നിശ്ശബ്ദമായി അവറം ഇരുന്നു. എന്തുകൊണ്ടോ അവളുടെ കണ്ണുകളും നിറഞ്ഞൊഴുകുന്നതായി നേരിയ നിലാവിലൂടെ ഞാൻ കണ്ടു.

അതിന ശേഷം കുറേ ദിവസത്തേയ്ക്കു് അവറം വന്നില്ല. വീണ്ടും ഒരു ദിവസം പതിവുപോലെ വന്നു.

"പ്രഭാകരാ", ഞാൻ തുഴഞ്ഞു കൊണ്ടിരിക്കുന്നതിനിടയിൽ അവറം പറഞ്ഞു, "വീട്ടിൽ എനിക്കു കല്യാണാലോചന മുറുകി നടക്കുന്നു........ നിങ്ങറം എന്നെ വിവാഹം ചെയ്തിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു."

"ഇല്ല, ശാന്തീ," ഞാൻ ഉറപ്പിച്ചു പറഞ്ഞു. ശാന്തിയുടെ ഹൃദയശരീരങ്ങറം ഒന്നിച്ചു ലഭിച്ചാൽ ഞാൻ സന്തോഷത്തോടെ സ്വീകരിക്കും. ശാന്തിയുടെ ദേഹം മാത്രം സ്വീകരിക്കുവാൻ എനിക്കു കഴിവില്ല.

അവറം തിരിച്ചുപോയി.

ഒരു മാസത്തിനുള്ളിൽ അവരം വിവാഹിതയായി. ഭർത്താവു യൗവനയുക്തനും ധനികനും, സുന്ദരനുമായിരുന്നു. ഞാൻ തന്നെ അവരെ രണ്ടു പേരെയും ഒന്നിച്ച് അക്കര കടത്തി വിട്ടു.

ഞാൻ കടത്തുകാരനായിത്തന്നെ കഴിഞ്ഞുകൂടി.

ഏകദേശം ഒരു വഷം കഴിഞ്ഞതാണെന്നു തോന്നുന്നു, അവരം തിരികെ വന്നു.

സമയം അദ്ധരാത്രിയോടടുത്തിരുന്നു. ഞാൻ ഈ വഞ്ചിയിൽ തന്നെ പൂനിലാവു പുരണ്ട മധുരസ്മരണകളിൽ മുഴുകി അങ്ങനെ ഇരുന്നു.

"പ്രഭാകരാ" അവരം ചോദിച്ചു, "നിങ്ങരം ഇന്നും എന്നെ സ്നേഹിക്കുന്നുവോ? പ്രഭാകരാ, ഞാൻ നിങ്ങളെ അളവില്ലാതെ സ്നേഹിക്കുന്നു........എന്നും ഞാൻ നിങ്ങളെ സ്നേഹിച്ചിരുന്നു....പക്ഷെ അന്നു ഞാൻ തന്നെ അതറിഞ്ഞിരുന്നില്ല. എനിയ്ക്കെന്റെ ഭർത്താവിനെ സ്നേഹിക്കാൻ സാധ്യമല്ല. നിങ്ങരം എന്നെ സ്നേഹിക്കണം. എന്നെ വെറുക്കരുതേ. പ്രഭാകരാ....പ്രിയ പ്രഭാകരാ അവിടുന്ന് എന്നെ വെറുക്കുന്നുവോ?"

ഞാൻ ഞെട്ടിപ്പോയി. ഇതു വെറും സ്വപ്നമോ എന്നു ഞാൻ കുറെ നേരത്തേയ്ക്കു സംശയിച്ചുപോയി. അവളുടെ ദയനീയമായ സ്ഥിതി എന്നെ വേദനിപ്പിച്ചു....പക്ഷെ....

"ശാന്തി!" ഞാൻ സാവധാനമായിപ്പറഞ്ഞു. "ഞാൻ ഇപ്പോഴും നിന്നെ സ്നേഹിക്കുന്നു. എപ്പോഴും സ്നേഹിക്കുകയും ചെയ്യും. എന്റെ ഹൃദയം സ്പന്ദിക്കുന്നിടത്തോളം കാലം അതു നിലനില്ക്കുകയും ചെയ്യും. പക്ഷെ നീയിന്നൊരുവന്റെ ഭാര്യയാണ്. നിനക്കൊരു നിലയൊക്കെ പാലിക്കേണ്ടതുണ്ട്. ഈ വിധത്തിൽ ഇനിമേൽ ശാന്തി വരരുതേയെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അതു് അപവാദങ്ങരംക്കിടകൊടുക്കും."

"അങ്ങു് ഇപ്പോഴും എന്നെ സ്നേഹിക്കുന്നുവോ?" അശ്രുകലുഷിതമായ മുഖം എന്റെനേക്കുയർത്തിക്കൊണ്ടു് ഇടറിയ സ്വരത്തിൽ അത്ഭുതത്തോടെ അവരം ചോദിച്ചു.

"ഉവ്വ്" ഞാൻ പറഞ്ഞു.

തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടു് അവരം തിരികെപ്പോയി. അവളുടെ ഹൃദയം തകന്നുപോകുമെന്നു തോന്നി.

ഒരാഴ്ചയ്ക്കുള്ളിൽ ആ ഭയങ്കരവാർത്ത ഞാൻ കേട്ടു...ശാന്തി ലോകം വെടിഞ്ഞു! എങ്ങനെ? പനിയായിരുന്നു പോലും....... ഏതാനും ദിവസത്തെ പ്പനി............

*　　*　　*

"അതെ, അതെ....വഞ്ചിയിലേക്കു കടന്നിരിക്കണം സാർ....അതെ, അര അണ"

(Reproduced from 'Caravan')

—*—

പത്രപ്രതിനിധി മി. ഹെൻറി ഫോർഡിനോട്—

ചോദ്യം:—അങ്ങയുടെ വിവാഹബന്ധം വിജയകരമായതെങ്ങിനെ?

ഉത്തരം:—വിജയകരമായ മോട്ടോർ കാർ നിമ്മാണത്തിനുപയോഗിക്കുന്ന തത്വം തന്നെയാണതിലും—'ഒരേ മാതൃക വിടാതെ പിടിക്കുക'.

# കുറുപ്പിന്റെ ഭാഗ്യം

'സർവ്വവ്യാപി'

രംഗം 1.

[ കുറുപ്പ് മാസ്റ്ററുടെ ചെറുഗൃഹത്തിന്റെ പൂമുഖം. മാസ്റ്റർ ചിന്താമഗ്നനായി ഒരു കസേരയിൽ കിടക്കുന്നു. സമയം, വൈകുന്നേരം നാലുമണി കഴിഞ്ഞു ]

[ നാരായണിയമ്മ (കുറുപ്പിന്റെ ഭാര്യ) രൌദ്രഭാവത്തിൽ പ്രവേശിക്കുന്നു. ]

കുറുപ്പ്:— എന്തിനാ നാരായണീ ഈ ഭദ്രകാളിവേഷൊക്കെ കെട്ടീണ്ടു്?

നാ. അ:— ദാ ഞാൻ പറഞ്ഞേതല്ലാം, ഒന്ന് ഭാഗത്തു മിണ്ടാതെ ഇരുന്നുകൊള്ളണം. വെറുതേ എന്നേക്കൊണ്ടു് ഓരോന്നു പറേപ്പിയ്ക്കണ്ട.

കു:— പറയൂ നാരായണി, എന്താണിത്ര ദേഷ്യം? എപ്പളും സമയവും നിനക്കു ദേഷ്യമായിരിക്കും. അങ്ങോട്ടൊന്നും പറയാനും നിവൃത്തിയില്ല. ശിവനേ, വല്ലാത്തൊരു തലേലെഴുത്തു്!

നാ. അ:— എന്നെ ദേഷ്യം പിടിപ്പിക്കുന്നതു നിങ്ങളാണു്. ഇന്നു ഞാൻ എത്രാളുടെ ചീത്ത കേട്ടു! പാൽക്കാരനു രണ്ടുറുപ്പിക ബാക്ക്യാ. അവനിന്നു പറഞ്ഞേതൊന്നും കണക്കില്ല. വാടക തീക്കാഞ്ഞിട്ടു നാണുമേനോൻ എന്തൊക്കെയോ പറഞ്ഞു്. എല്ലാററിനും നിങ്ങളാ കാരണം. ബാക്കിള്ളോളു് ചീത്ത കേക്കാനും.

കു:— സാരമില്ല നാരായണി. ശമ്പളം കിട്ടാൻ ഒരാഴ്ചകൂടി താമസമുണ്ടു്. അപ്പോ എല്ലാം തീക്കാം.

നാ:— എല്ലാക്കുറീം ശമ്പളം കിട്ടുമ്പോ അതിനൊക്കെ തൊലയ്ക്കാനേ ഉണ്ടാവുള്ളു. ഒരു കോടി ബ്ളൗസ് കണ്ടിട്ടു കൊല്ലം ഒന്നായി. ലളിതയ്ക്കും ശാരദയ്ക്കും ഒററ ഗൌണില്ല. ശിവനേ, വല്ലാത്തൊരു തലേലെഴുത്തു്!

കു:— എല്ലാം ശരിയാവും നാരായണീ, നീ സമാധാനമായിട്ടിരിയ്ക്കു്. ആട്ടെ, ചായ കൊണ്ടുവാ.

നാ:— ചായണ്ടാക്കീട്ടില്ല. പഞ്ചാര ഒരു തരിണ്ടായിരുന്നില്ല.

കു:— ഇല്ലെങ്കിൽ വേണ്ടാ സാരമില്ല.

(കർട്ടൻ)

രംഗം 2.

[ കുറുപ്പ് ഒരു പുസ്തകം വായിച്ചുകൊണ്ടു പൂമുഖത്തിരിക്കുന്നു. ഫുൾസ്ലീവ് ഷർട്ടും പാൻറും ധരിച്ചു കൈയ്യിൽ ഒരു സൂട്ട്കെയിസുമായി ഒരു ചെറുപ്പക്കാരൻ പ്രവേശിക്കുന്നു. ]

ആഗതൻ :- ഗുഡ്മോൺ, ഐ മീൻ ഗുഡ് ഈവിനിംഗ്.

[ കുറുപ്പിന്റെ അടുത്തു് ഒരു കസേരയിൽ ഇരിക്കുന്നു. ]

ആ :— പരിചയമുണ്ടാവില്ല. ഞാനൊരു പാമിസ്റ്റാണു്. ഇന്നു ഞാൻ

കണ്ടിട്ടുള്ള ആളുകളിൽവെച്ച് ഏററ വും ഭാഗ്യവാൻ നിങ്ങളാണ്. യുവർ ഫെയിസിററ്സെൽഫ് ഷോസ് ഓററ്.

ക:— നിങ്ങൾ കൈനോക്കാൻ വന്നതാണല്ലേ? വേണ്ട.......നിങ്ങൾ ഒന്നാമതായി പറഞ്ഞതു തന്നെ തെററാണ്. എന്നേപ്പോലെ ഭാഗ്യം കെട്ട ഒരാൾ ഇപ്പോളില്ല.

ആ:— യൂ മിസണ്ടർസ്റ്റേൻറ് മിസ്റ്റർ. ഞാൻ നിങ്ങളുടെ കൈനോക്കാൻ വന്നതാണെന്നു പറഞ്ഞോ? നിങ്ങൾ വേണ്ടെന്നുവെയ്ക്കാൻകാരണം?

ക:- പ്രത്യേകിച്ചു കാരണമൊന്നുമില്ല. വേണ്ട.

ആ:— (ചിരിച്ചുകൊണ്ടു്) ഓ! നിങ്ങൾ എനിയ്ക്കു പ്രതിഫലം തരണമെന്നു വിചാരിച്ച് വേണ്ടെന്നുവെയ്ക്കുന്നു. ഞാൻ പറഞ്ഞതു ശരിയായാൽ മാത്രം എൻെറ ഫീസ് തന്നാൽ മതി. നിങ്ങളേപ്പോലെ ഭാഗ്യവാനായ ഒരാൾ ഇങ്ങിനെ പറഞ്ഞാലോ?

ക:— ദുർഭാഗ്യവാന്മാരിൽവെച്ച് ദുർഭാഗ്യവാനാണു ഞാൻ!

ആ:— ഞാൻ പറയുന്നതു് ഇപ്പോഴത്തെ കാര്യമല്ല. അയാം ടെല്ലിംഗ് ഫ്യൂച്ചർ. അധികം താമസിയാതെ നിങ്ങൾക്കാ മഹാഭാഗ്യമുണ്ടാകും.

ക:— (ഉല്ക്കണ്ഠയോടെ) പറയൂ എന്താണാ കാര്യം?

ആ:- വെയററ് പ്ലീസ്, അതു സംഭവിച്ചാൽ നിങ്ങൾ എനിക്ക് എൻെറ ഫീസ് തരുമോ?

ക:- തീർച്ച. എന്താണു ഫീസ്.

ആ:- ഏ സിംഗിൾ റപ്പീ. ഒരു റുപ്പിക മാത്രം.

ക:— എന്നാൽ പറയൂ. [കുറുപ്പ് വലതുകൈ നീട്ടുന്നു. പാമിസ്റ്റ് കൈപ്പത്തിയിൽ തന്നെ ഉററു നോക്കുന്നു]

ആ:— നാളെ നിങ്ങൾക്കു കുറെ പണം കണ്ടുകിട്ടും. നൂററുറുപ്പികയോളം ഉണ്ടാവും.

ക:— (ആനന്ദഭരിതനായി) തീർച്ചയോ സാർ?

ആ:- തീർച്ച.

ക:- എന്നാൽ തീർച്ചയായും നിങ്ങൾക്ക് ഒരുറുപ്പിക തരാം.

(പാമിസ്റ്റ് പോകുന്നു. കുറുപ്പ് സഹർഷം ചിന്തിക്കുന്നു.)

കർട്ടൻ.

## രംഗം 3.

[പിറേറന്നു പ്രഭാതം. പാമിസ്റ്റും ഒരു കൺസ്റ്റബിളും ഇരുന്നു സംസാരിക്കുന്നു.]

പാ:- ഞാനൊരു പുതിയ പദ്ധതിയുണ്ടാക്കീട്ടുണ്ടു്.

കൺ:- എന്താണ്?

പാ:- നമുക്ക് കുറച്ചു പൈസയ്ക്കു് വഴിയുണ്ടു്. ഇന്നലെ വൈകുന്നേരം ഞാൻ ആ കുറുപ്പിൻെറ വീട്ടിൽപോയി. അയാൾക്കിന്നു പണം കിട്ടുമെന്നു ധരിപ്പിക്കുകയും ചെയ്തു. കണ്ടുകിട്ടിയാൽ എനിക്ക് ഒരുറുപ്പിക തരാമെന്നു പറഞ്ഞിട്ടുമുണ്ടു്.

കൺ:- അതുകൊണ്ടു് എനിയ്ക്കെന്തു കാര്യം?

പാ:- അതോ പറയാം. അയാൾ സ്കൂളിലേക്കു പോകുന്ന വഴിക്ക് ഒരു പേഴ്സിൽ കുറച്ചു പണമാക്കി ഇടണം. അതു തന്നെയാണു ഞാൻ പറഞ്ഞ പണമെന്നു കരുതി അയാൾ

എടുക്കും. നിങ്ങൾക്ക് അപ്പോൾ അയാളെ കുതിരകയറിയാൽ വല്ലതും കിട്ടും. എന്റെ കാര്യം ഞാനും നോക്കീട്ടുണ്ടു്.

കൺ:– നല്ല പ്ലാൻ.

പാ:- അതാ അയാൾ റോഡിലൂടെ വരുന്നു. പോയ്ക്കോളൂ.

(കൺസ്റ്റബിൾ പോകുന്നു.)

കർട്ടൻ.

രംഗം 4.

(കറുപ്പിന്റെ വീട്ടിലെ പൂമുഖം. നാരായണിയമ്മ മേശ ചാരിക്കൊണ്ടു നിൽക്കുന്നു.)

(കറുപ്പു പ്രവേശിക്കുന്നു.)

നാ. അ:- അയാളു പറഞ്ഞതു് ശര്യായോ.

ക:- (വിഷാദത്തോടെ) സ്കൂളിലേക്കു പോകുമ്പോൾ വഴീല് ഒരു പേഴ്സ് കെടക്ക്ണതു കണ്ടു. എടുത്തു പോക്കററിലിട്ടപ്പഴക്ക് ഒരു പോലീസുകാരൻ ചാടിവീണു. ഒരാളുടെ പേഴ്സ് അവിടെ വീണുപോയതാണത്രെ. പേഴ്സ് അയാൾ വാങ്ങി. അയാള് പിന്നീം മേലുന്നു് പോയില്ല. ഞാൻ ചെയ്തതു തെററാണെന്നും കേസാക്കുമെന്നും ഒക്കെ അയാൾ പറഞ്ഞു.

നാ. അ:– എന്നിട്ട്?

ക:- എന്നിട്ടെന്താ, കുട പണയം വെച്ചിട്ടു രണ്ടുറുപ്പിക വാങ്ങി. അയാൾക്ക് ഒരുറുപ്പിക കൊടുത്തു പറഞ്ഞയച്ചു.

നാ. അ:– മററാളെ കണ്ടോ?

ക:- ഉവ്വ്. അയാൾ ഫീസു കിട്ടാതെ നിവൃത്തിയില്ല, പറഞ്ഞതു സംഭവിച്ചില്ലേ എന്നൊക്കെ വാദിച്ചു. ഒടുവിൽ ബാക്കിയുള്ള ഉറുപ്പിക അയാൾക്കും കൊടുത്തു.

(രണ്ടുപേരുടെയും മുഖത്തു വിഷണ്ണത വ്യാപിക്കുന്നു.)

കർട്ടൻ.

‘ശങ്കുവോ കുഞ്ചുവോ’ പംക്തിയാണു ‘സർവ്വവ്യാപി’ കവർന്നെടുത്തതു്. അതുകൊണ്ടു ശങ്കുവോ കുഞ്ചുവോ “ആത്മഹത്യ” മാററിവച്ചിരിക്കയാണ്.

— o —


## "Students' Companion"

A high class educational English Magazine reaching every home.

Highly useful to students, their parents and teachers alike.

Deals with every branch in Art, Science, Industry and Commerce.

Excellent services and opportunities to all students.


Annual Subscription Rs /3- Single copy Annas FIVE

*Apply to: THE MANAGER*

**Students' Companion**

Royapettah High Road, MADRAS. 14.

# കഷായം



ചാശ്ടൻ

" കോൺഗ്രസ്സ ഗവണ്മെൻറുകൾ ന്യായമായിട്ടല്ല പ്രവർത്തിക്കുന്നതു്."

കമ്യൂണിസ്റ്റ്കാരുടെ ആരോപണമല്ല ഇതു്. മഹാത്മജി പറഞ്ഞതാണു്. എന്നു്? മരിച്ചതിന്നുശേഷം—ആ! മരിച്ചതിനുശേഷം തന്നെ.

ഈയ്യിടെ അദ്ദേഹത്തിൻെറ 'ദർശ നമുണ്ടായി ഒരു മാന്യനു്. മദിരാശിക്കാരനാണു പുള്ളി. സ്വപ്നത്തിൽ അയാറം കണ്ടു— മഹാത്മാവുണ്ടു് വടിയും കുത്തി അയാളുടെ മുമ്പിൽ, " രഘുപതിരാഘവരാജാറാം പതിത പാവനസീതാറാം " എന്നു പാടിക്കൊണ്ടു്.

അല്പം ഭയത്തോടെ തമിഴൻ ചോദിച്ചു " കാന്തിയടികളേ വരുങ്കോ. എന്ന ഇന്ത അസമയത്തു്....? "

" ഒന്നുമില്ല. കോൺഗ്രസ്സ ഗവണ്മെൻറുകറം ശരിക്കു ഭരിക്കുന്നില്ല.

" ഉണ്മെ താൻ. അതുക്കെന്ന ശെയ്യലാം." .

" ഉണ്ണാവ്രതം "

തമിഴൻ സ്വപ്നത്തിൽ നിന്നുണൎന്നു. പിറേറന്നു കാലത്തു പത്തു മണിക്കു മദിരാശി സിക്രട്ടേറിയററിൻെറ മുമ്പിൽ ഒരു കുടാരം വെച്ചുകെട്ടി. ഇപ്പോറം നിരാഹാര വ്രതാനുഷ്ഠാനമാണു്!

ഇതൊരു കഥയല്ല; സിക്രട്ടേറിയററിന്നു മുമ്പിലിപ്പോഴുമുണ്ടു്; വാഗ്ദാനം കണ്ടു. എന്നാ പപ്പുപിള്ള സാറേ ഇന്ത മാതിരിയും ഉലകത്തിൽ ചമ്പവിക്കുമാ?

* * *

ഈ വിദ്വാൻ എത്രനാറം പട്ടിണി കിടക്കും? വിശപ്പു സഹിക്കാനാവാഞ്ഞാൽ എഴുനേൽക്കും, കുറച്ചു നാരങ്ങവെള്ളം കുടിക്കും. പിറകെ ഭക്ഷണവും. കുർമ, ചാപ്പ്സ്, ബിരിയാണി, ഓമ്ലററ് അങ്ങനെ പല 'കറി'കളും.

"മി. ഉണ്ണാവ്രതം എന്ന ആൾ?" നിങ്ങൾ ചോദിച്ചുവെന്നിരിക്കട്ടെ.

അയാൾ പറയും " വിട്ടട്ടേൻ ചാമീ വിട്ടട്ടേൻ." എന്നിട്ട കയ്യിൽ താളം പിടിച്ച് ആലാപിക്കും:

" മകാത്മാ കാന്തി വന്താർ—
അവർ
പൂന്തി വാങ്കി തന്താർ—ർ—ർ
ചുമ്മാ ചാപ്പെട് എൻറ്—
ചൊന്നാർ"

അതുകൊണ്ട അയാൾ നിരാഹാരവ്രതം നിർത്തി എന്ന കേൾക്കുമ്പോൾ നിങ്ങൾ പരിഭ്രമിക്കേണ്ട. മൂപ്പക്ക് ഒരു മുട്ടന്യായം പറയുവാനുണ്ടാവും അടുത്ത തവണയും.

* * *

എത്ര നേരാണ് അതു്! കുരങ്ങൻ മനുഷ്യനെ അനുകരിക്കുമെന്ന വാക്യം! അഹമ്മദബാദിൽ ഈയിടെ ഒരു വാനരവനിത (പച്ചമലയാളത്തിൽ 'കുരങ്ങത്തിയാർ' എന്നായാലോ?) നിരാഹാരവ്രതമെടുത്തു. സ്വപ്നം കണ്ടിട്ടല്ല. സ്വാതന്ത്ര്യം കിട്ടാനുമല്ല. അതിലുമൊക്കെ വലിയ കാര്യത്തിന്നു്. പെൺകിടാവു തൻെറ മകനെ മാറോടണച്ചുപിടിച്ചു സൽക്കീട്ടടിക്കുകയായിരുന്നു. കുട്ടി വീണു; ആരോ തട്ടിക്കൊണ്ടുപോയി. പരവശയായ വാനരമാതാവു് ഏഴു ദിവസം ആധിയോടേ പട്ടിണി കിടന്നു ; ഒടുവിൽ മരിച്ചു.

ഇന്ത്യയിൽ വേണമെന്നു വെച്ചു നിരാഹാരവ്രതമനുഷ്ഠിച്ചവരുടെ സംഖ്യ എത്രയാണ് ? ഒരു ലക്ഷത്തോളമുണ്ടാവും കണക്കു കൂട്ടിയാൽ. പക്ഷെ അവരിൽ മൃതരായവരോ ?

ഒന്നു യതീന്ദ്രദാസ്. ഇപ്പോൾ ശ്രീമതി കുരങ്ങത്തിയാരും.

* * *

" ഇന്നത്തെ ഉദ്യോഗസ്ഥന്മാർ ഭാഗ്യം പിറന്നവരാണ്. സ്വാമി ഉണ്ടായിരുന്നപ്പോൾ അദ്ദേഹത്തെ പേടിക്കണമായിരുന്നു. തെററുപോലും ശരിപോലും ആജ്ഞാപിച്ചാൽ അക്ഷരംപ്രതി അനുഷ്ഠിച്ചോളണം. ഇന്നോ? ആജ്ഞാപിക്കാൻപോലും ആളില്ല. എന്തൊരു സ്വർഗ്ഗം !! ഉത്തരവാദഭരണം കീജേ !! "

തിരുവിതാംകൂറിലെ മന്ത്രിസഭാകുഴപ്പത്തെക്കുറിച്ചു് മി. ചിന്താമണി " ഗ്രാമസ്വരാജി "ൽ.

അല്ല സാറേ, സ്വാമി പറഞ്ഞതു എട്ടൊമ്പതു കൊല്ലം മുമ്പ് സാറ് അനുസരിച്ചില്ല്യോ ? സ്റ്റേററ് കോൺഗ്രസ്സ് ഗാന്ധിജിയുടെ ഇടപെടൽ മൂലം നശിച്ചെന്നുംപറഞ്ഞ കാലം മാറിയില്ലേ തത്രഭവാൻ ! സ്വാമി പോയി ; കോൺഗ്രസ്സിൽ കുഴപ്പമുണ്ടായപ്പോൾ താൻ ശരിയായിരുന്നു എന്നു വാദിക്കുക, അല്ലേ ? വേവില്ല സാറേ ഈ പരുപ്പ് വേവില്ല !

* * *

ആക്ഷൻ പ്രഭുവാണല്ലേ ഇങ്ങിനെ പറഞ്ഞതു്: " അധികാരം മനുഷ്യനെ ദുഷിപ്പിക്കുന്നു ; പരമാധികാരം പരമമായി ദുഷിപ്പിക്കുന്നു."

ഇയ്യിടെക്കഴിഞ്ഞ സംഭവങ്ങൾ ഈ വചനം സാർത്ഥമാക്കുന്നു. കേരളത്തിലെങ്ങും കുഴപ്പം— മലബാറിൽ കേളപ്പമാധവമേനോൻ സംഘട്ടനവും അതിനെത്തുടൎന്നു " സി. കെ. ഗോവിന്ദൻ നായർ നാരായണക്കുറുപ്പ് സംവാദവും" ; കൊച്ചിയിൽ ദാമോദരൻ കേസും; ടി. കെ. നായർ-പനമ്പള്ളി കലഹവും — സാക്ഷാൽ

അനന്തപത്മനാഭൻെറ നാട്ടിലോ ? തദൈവ !

അധികാരം കിട്ടിയതു പുലത്താൻ ഒരു വടംവലി ; അധികാരത്തിലെ ത്താൻ മററൊരു വക്കാണം. ഒട്ടു വിൽ പദവിയുയറിയാലോ ?

പത്രങ്ങളിൽ പ്രസ്താവനകറം കൊണ്ടു് ഒരു കശപിശ. വോട്ടു വാങ്ങാൻ കാലത്തു് എല്ലാം ജനങ്ങളുടെ പിന്നാലെ ; കാര്യം സാധിച്ചാലോ....

*　　*　　*

പേരു തർജ്ജമ ചെയ്യണമെന്നുള്ള അഭിപ്രായം നിങ്ങളിഷ്ടപ്പെടുന്നുണ്ടോ ? മാതൃഭാഷയ്ക്കു് അധിക പ്രാധാന്യം ലഭിക്കുന്ന ഇക്കാലത്തു് അതും വേണമെന്ന വാദക്കാരുണ്ടു്.

ദ്രാവിഡ കഴകക്കാരില്ലേ, രാമസ്വാമിനായ്ക്കരുടെ ആറംക്കാർ ? അവരതു നടപ്പിൽ വരുത്തി. ഒന്നുരണ്ടു സാമ്പിറം കാണിക്കാം . നാമവിവർത്തനത്തിൻെറ—

1. സ്വാമി വേദാചാലം (ആര്യൻ പേരായതുകൊണ്ടു തനി ദ്രാവിഡത്തിൽ 'മൊഴിപകത്തി'യിരിക്കുന്നു) = മറമലഅടികറം— വേദം = മറ + അചലം = മല + സ്വാമികറം = അടികറം.

2. നടരാജൻ = കൂത്തരശ് (നടനം = കൂത്തു് + രാജൻ = അരശ്)

ഇങ്ങനെ ചില ഇംഗ്ലീഷു പേരുകറം നമുക്കും വിവർത്തനം ചെയ്യാം.

മിസ്സ് പീക്കോക്ക് = ശ്രീമതി മയിൽ.

മി. വൂറംഫ് = ശ്രീമാൻ ചെന്നായി.

ഷേക്സ്പീയർ = കുന്തംകുലുക്കി സാമി.

ലോങ്ങ്ഫെല്ലോ = നീട്ടാംതോട്ടിമേറ.

മി. അണ്ടർവുഡ്ഡ് = ശ്രീമാൻ മരച്ചോട്ടിൽ.

മലയാളത്തിലോ ?

ഗോവിന്ദൻ = ഇടയൻ.

വേലായുധൻ = കുന്തക്കാരൻ.

വിശാലാക്ഷി = വട്ടക്കണ്ണി.

എന്തു പറയുന്നു ? നമ്മുടെ ഭാഷാസ്നേഹം ഇത്രത്തോളം പുരോഗമിക്കണമോ ?

*　　*　　*

പേരിൻെറ കാര്യം പറഞ്ഞപ്പോറം മറെറാന്നുംകൂടി ഓർമ്മ വരുന്നു. തൂലികാനാമം. കള്ളപ്പേരുവെച്ചു് ചിലരെഴുതാറില്ലേ അതു തന്നെ. അതിപ്പോറം സാധുമല്ലെന്നായിരിക്കുന്നു. എത്ര സഞ്ചാരികളാണു തൂലികാനാമക്കാർ ? 'ജയകേരള' ത്തിലൊരു സഞ്ചാരിയുണ്ടു് ; മററു പത്രങ്ങളിൽ പലതിലും. എന്തിനാണു പേരു് അനുകരിക്കുന്നതു്. വല്ല 'കുറുന്തോട്ടി' എന്നോ 'ചകിരിപ്പിഞ്ഞാം' എന്നോ സ്വന്തമായി ഒരു പേരിട്ടുകൂടേ ?

ഇതുമല്ല; ചിലർ മററുള്ളവരുടെ തൂലികാനാമം അപഹരിച്ചു കരിഞ്ചന്തക്കച്ചവടത്തിനും മുതിരുന്നു. "സഞ്ചാരി മി. നായരാണെന്നു കേട്ടല്ലോ'' ഒരാറം പറയുന്നു. "ആയാറം തന്നെ പറഞ്ഞു താനാണെന്നു് '' "അല്ല, സഞ്ചാരി മി. വാരിയരാണു് " മറെറാരാറം തിരുത്തുന്നു.

മൂന്നാമതൊരുത്തൻ : "അല്ല, ആ ഭാഷയിൽ ഒരു നമ്പൂരിച്ചുവയുണ്ടു്.

നാലാമൻ : '' വിഡ്ഢിത്തം - അതു നായരും വാരിയരും നമ്പൂരിയുമൊ

നുമല്ല. നമ്മുടെ ഹെഡ്മിസ്റ്റ്റസ്സിന്റെ ഒളിസേവക്കാരനില്ലേ, ശുപ്പാംമണി അയ്യര് ആ സ്വാമിയാണ്."

അഞ്ചാമത്തവൻ : വിസ്തരിത്തം പറഞ്ഞാലുണ്ടല്ലോ ? എന്റെ മിസ്സിസിന്റെ ആദ്യത്തെ ഭത്താവിന്റെ അനുജന്റെ അളിയനാണ സഞ്ചാരി- രജിസ്റ്റ് ചെയ്ത പേരാണത്."

അങ്ങനെ വാദങ്ങൾ.

ഒരക്ഷരത്തിൽച്ചുരുങ്ങുന്ന പേരുകളുണ്ട്— 'ജി', 'ശ്രീ' എന്നിങ്ങനെ. അവക്കും പൊറുതിയില്ല.

''പ്രഭാത"ത്തിലെ 'ശ്രീ'യല്ല ''മാതൃഭൂമി"യിലെ 'ശ്രീ'.

''പ്രതിധ്വനി"യിലെ 'ജി'യല്ല സാക്ഷാൽ 'ജി'.

പേരു മോട്ടിക്കുന്നവരെ ! നരകരാജ്യം നിങ്ങൾക്കുള്ളത്. മോഷണം നിത്തുവിൻ !

നിത്തിയില്ലെങ്കിലോ ? ഓ൦൦ ! പിന്നെയ് ഒരു കാര്യം! വാഗ്ഭടന്റെ പേര് മോട്ടിക്കരുതേ, പപ്പുപിള്ളയുടെയും.

കുററക്കാരുടെ നേക്ക "കെ. പി. ആർ. ഗ്യാസ്" പ്രയോഗിക്കുമെന്നു ഇതിനാൽ അറിയിപ്പു തന്നിരിക്കുന്നു.

* * *

മി. ടി. എം. വറുഗീസും, സി. കേശവനും തന്റെ ശിഷ്യന്മാരും നല്ല വക്കീൽമാരുമാണെന്നു മള്ളൂർ മലബാർ മെയിലിൽ എഴുതിയ ലേഖനത്തിൽ 'സർട്ടിഫൈ' ചെയ്യുന്നു.

മള്ളൂർ വാദിക്കുന്ന കാര്യത്തിൽ കണിശക്കാരനാണ്; കക്ഷികളെ വഞ്ചിക്കുകയില്ല. പക്ഷെ അങ്ങതേ, പ്രതീക്ഷിച്ച മാതിരി മന്ത്രിസഭാക്കഴപ്പം ക്രിമനൽവക്കീലന്മാക്കു വലിയ മെച്ചമൊന്നുമുണ്ടാക്കിയില്ല !!

—: o :—

ഒരു സിഗററു വലിക്കാരൻ മാക്ക് ടൈ്വനിനോട്—

ചോദ്യം:—ഈ സിഗററ്റുവലി നിത്താനെന്താണ മാർഗ്ഗം? എനിക്കിതു നിത്താൻ കഴിയുന്നില്ലല്ലോ.

ഉത്തരം:— ഛീ, അബദ്ധം! സിഗററ്റുവലി നിത്തുന്നതുപോലെ എളുപ്പമായ വല്ലതും ഞാൻ ചെയ്തിട്ടുണ്ടോ എന്നു സംശയമാണ്. എനിക്കിതു നല്ലതുപോലെ അറിയാം; കാരണം, ഞാൻ തന്നെ ഒരായിരം പ്രാവശ്യം സിഗററ്റുവലി നിത്തീട്ടുണ്ട്.

# തോമ്മസ് ഡ്യൂയി

## (റിപ്പബ്ലിക്കൻ പാർട്ടി സ്ഥാനാർത്ഥി)

അടുത്ത തെരഞ്ഞെടുപ്പിൽ യുണൈററഡ്സ്റ്റെയിററ്സു പ്രസിഡണ്ടായി തോമസ് ഡ്യൂയി തെരഞ്ഞെടുക്കപ്പെടുമെന്നുള്ളതിനെപ്പററി വലിയ സംശയം ഒന്നും ഇല്ലെന്നു തന്നേ പറയാം. റിപ്പബ്ളിക്കൻ പാർട്ടിയിലെ ഒരു പ്രമുഖനേതാവായ അദ്ദേഹത്തിനു് 1944-ൽ തന്നെ വിജയം ഉണ്ടാകാൻ ഇടയുണ്ടെന്നു പലരും വിചാരിച്ചിരുന്നു. എങ്കിലും യുദ്ധസംബന്ധമായ ചില പ്രത്യേക സാഹചര്യങ്ങളാൽ റൂസ്‌വെൽട്ടിനു തന്നേ പ്രസിഡണ്ടുസ്ഥാനം നാലാം പ്രാവശ്യമായി ലഭിക്കുകയാണുണ്ടായതു്. എന്നാൽ അടുത്ത നവമ്പറിൽ നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിൽ, പല കാരണങ്ങളാലും വിജയശ്രീലാളിതനാകാൻ പോകുന്നതു ഡ്യൂയി തന്നെ ആയിരിക്കും.

നാലു വർഷത്തിലൊരിക്കലാണു അമേരിക്കയിൽ പ്രസിഡണ്ടു സ്ഥാനത്തിനുള്ള തെരഞ്ഞെടുപ്പു നടത്തുന്നതു്. ആ കണക്കിൻപ്രകാരം 1948 നവമ്പർ 2-ാം തീയതി ആണു അടുത്ത തെരഞ്ഞെടുപ്പു നടക്കാൻ പോകുന്നതു്. ഇത്രത്തോളം രാഷ്ട്രീയപ്രാധാന്യമുള്ള മററാരു സംഭവം യുണൈററഡ് സ്റ്റെയിററ്സിൽ ഇല്ല. ഏകദേശം ഒൻപതു കോടി പൗരന്മാരാണു തങ്ങളുടെ അവകാശസംരക്ഷണത്തിനായി മികച്ച ഉൽക്കണ്ഠയോടും തികഞ്ഞ ഉത്സാഹത്തോടും ആ മഹാസംരംഭത്തിൽ പങ്കുകൊള്ളുന്നതു്. നവമ്പർ മാസം അടുക്കുന്നതോടുകൂടി ആകാംക്ഷകളുടെയും, ആശങ്കകളുടെയും തിരമാലകൾ ഉയർന്നുയർന്നു അടിച്ചുകൊണ്ടിരിക്കും.

യുണൈററഡ് സ്റ്റെയിററ്സിൽ ഡെമോക്രാററിക്ക് എന്നും, റിപ്പബ്ളിക്കൻ എന്നും രണ്ടു പ്രധാന രാഷ്ട്രീയ കക്ഷികളാണു് ഉള്ളതു്. 19-ാം ശതകത്തിന്റെ മദ്ധ്യഘട്ടം മുതൽ ഇങ്ങനെ രണ്ടു കക്ഷികളാണു പ്രാബല്യത്തിൽ ഇരിക്കുന്നതു്. വുഡ്റോവ് വിൽഡൺ, ഫ്രാങ്കലിൻ റൂസ്‌വെൽററ് എന്നീ രണ്ടു മഹാന്മാരേ ഡിമോക്രാററിക് പാർട്ടി എന്ന പേരു കേൾക്കുമ്പോൾ തന്നെ ആരും സ്മരിക്കാതിരിക്കയില്ല. അതുപോലെ ഏബ്രഹാം ലിങ്കണും, തിയഡോർ റൂസ്‌വെൽററും റിപ്പബ്ളിക്കൻ പാർട്ടിയുടെ ജീവനാഡികളായിരുന്നു. ഇവ കൂടാതെ താരതമ്യേന അപ്രധാനങ്ങളായ ചില പാർട്ടികളും ഇല്ലാതില്ല. ഹെൻറി വാലസിന്റെ മൂന്നാം പാർട്ടി അത്തരത്തിലൊന്നാണു്. വാലസ് അടുത്ത തെരഞ്ഞെടുപ്പിൽ 'പ്രോഗ്രസീവ് പാർട്ടി' എന്ന പുതിയ പേരോടുകൂടിയ മൂന്നാം പാർട്ടിയുടെ സ്ഥാനാർത്ഥിയായി നിന്നു മത്സരിക്കാൻ പോകുന്നു എന്നു പത്രങ്ങ

ളിൽ കാണുന്നുണ്ട്. ഏതായാലും ഈ പ്രാവശ്യം റിപ്പബ്ളിക്കൻ പാർട്ടിയേ ജയിക്കാൻ മററു പാർട്ടികൾക്ക സാധിക്കുമെന്നു തോന്നുന്നില്ല.

ഭാഗ്യവശാൽ ഡ്യൂയി റിപ്പബ്ളിക്കൻ പാർട്ടിയുടെ വിശ്വാസഭാജനമായിത്തീൻ എന്നു ഗണിക്കുന്നതു ശരിയല്ല. അദ്ദേഹം ഇക്കഴിഞ്ഞ പത്തു വഷങ്ങളായി അമേരിക്കൻ ജനതയുടെ ഒരു അനിഷേദ്ധ്യനേതാവുതന്നെ ആയിരുന്നു. കേവലം 45 വയസ്സു മാത്രം പ്രായമുള്ള ഇദ്ദേഹം ചെറുപ്പത്തിൽ തന്നെ പ്രസിദ്ധനായിത്തീൻ. അമേരിക്കൻ രീതിയിലുള്ള സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞശേഷം ഡ്യൂയി സ്വകുടുംബത്തിലെ വ്യവസായാദികളിൽ അല്പനാൾ വ്യാപൃതനായി കഴിഞ്ഞു. അതിൻെറ ശേഷമാണു നിയമപാഠനത്തിനു ഉദ്യമിച്ചതു്. സംഗീതവാസന ജന്മനാ ഉള്ള ഇദ്ദേഹം ഒരിക്കൽ പാട്ടുകച്ചേരിയിൽ വെച്ചു പാടാൻ തുടങ്ങിയപ്പോൾ ശബ്ദം പതറിപ്പോയെന്നും, അതുമൂലമാണു നിയമപാഠനം മതി എന്നു തീരുമാനിച്ചതു് എന്നും ഒരു കഥയുണ്ടു്. ഏതായാലും ആ തീരുമാനം ഒരു മഹാഭാഗ്യമായിട്ടാണു വന്നു കലാശിച്ചതു്. 1935-ൽ അദ്ദേഹത്തെ സ്പെഷ്യൽ പ്രോസിക്യൂട്ടറായി നിയമിച്ചു. അവിശ്രമമായ പരിശ്രമം മൂലവും, ഭയരഹിതമായ പ്രവത്തനങ്ങൾ മൂലവും ഡ്യൂയി നല്ല പേരെടുത്തു. അടുത്തുതന്നെ പൊതുക്കായ്യങ്ങളിൽ കൂടുതൽ ശുഷ്കാന്തിയും ഉത്സാഹവും പ്രദശിപ്പിച്ചു. 1940-ൽ റിപ്പബ്ളിക്കൻ ചീട്ടു ലഭിക്കുന്നതിനായി ശ്രമിച്ചുവെങ്കിലും, വെൻഡൽ വിൽക്കിയുടെ അവസാന നാഴികയിലുള്ള പ്രവേശത്താൽ ഡ്യൂയി പുറന്തള്ളപ്പെട്ടു പോയി. 1942-ൽ അദ്ദേഹം ന്യൂയോക്ക ഗവണ്ണരായി. വീണ്ടും 1944-ൽ പ്രസിഡണ്ടു സ്ഥാനത്തിനു ശ്രമിച്ചുവെങ്കിലും, ഡിമോക്രാററിക്ക പാർട്ടിക്കാണു വിജയം ഉണ്ടായതു്.

മുമ്പേ സൂചിപ്പിച്ചതുപോലെ റൂസ്‌വെൽററ് എതിർസ്ഥാനാത്ഥിയായി നില്ക്കാതിരുന്നുവെങ്കിൽ, ഡ്യൂയി 1944-ൽ തന്നെ പ്രസിഡണ്ടു സ്ഥാനത്തെ അധിരോഹണം ചെയ്യേനേ. യുദ്ധസംബന്ധമായ ചില വാടംവലികളാൽ ഡിമോക്രാററിക്ക പാർട്ടിക്ക തന്നേ വിജയം ലഭിച്ചു. വൈസ് പ്രസിഡണ്ടായി ഹാരി ട്രൂമാനും തിരഞ്ഞെടുക്കപ്പെട്ടു. റൂസ്‌വെൽട്ടു മരിച്ചപ്പോൾ ട്രൂമാൻ നിബ്ബന്ധമായി പ്രസിഡണ്ടു സ്ഥാനത്തേക്ക പ്രവേശിക്കുകയും ചെയ്തു. അതിനാൽ ഇപ്പോൾ വൈസ്പ്രസിഡണ്ടുസ്ഥാനം ഒഴിഞ്ഞുകിടക്കുകയാണു്. ട്രൂമാൻ പ്രതിനിധീകരിക്കുന്ന പാട്ടിയിൽ ഈ അടുത്ത കാലത്തു ചില ശൈഥില്യങ്ങൾ സംഭവിച്ചിരിക്കയാൽ അദ്ദേഹത്തിനു വിജയം കിട്ടുമെന്നു പ്രതീക്ഷിക്കുക പ്രയാസമാണു്. അതും ഡ്യൂയിയുടെ വിജയത്തിനു ഉറപ്പു നല്കുന്ന മറെറാരു കാരണമാണു്.

—:o:—

# ലോകാവലോകം

[രണ്ടാഴ്ചയ്ക്കുള്ളിൽ നടക്കുന്ന പ്രധാന സംഭവങ്ങളെ വിമർശിച്ചുകൊണ്ട് ഈ പംക്തിയിൽ ഡാക്ടർ പി. സി. അലക്സാണ്ടർ തുടർച്ചയായി എഴുതുന്നതായിരിക്കും—പ.]

ഡാക്ടർ പി. സി. അലക്സാണ്ടർ എം.എ., ഡി. ലിററ്.

## "സ്വതന്ത്രഹൈദ്രബാദ്"

സ്വതന്ത്രഹൈദ്രബാദിന്റെ ദിവസങ്ങൾ എണ്ണപ്പെട്ടുതുടങ്ങിയിരിക്കുകയാണ്. ഓരോ ആഴ്ച കഴിയുന്തോറും ഹൈദ്രബാദ് പ്രശ്നത്തിനുള്ള ഏക മാർഗ്ഗം വെടിയുണ്ടയും രക്തച്ചൊരിച്ചിലുമാണെന്നുള്ള അഭിപ്രായം സ്ഥിരീകരിക്കപ്പെടുകയാണു ചെയ്യുന്നത്. മതഭ്രാന്തന്മാരായ ചില റസാക്കർ റൌഡികളുടെ സഹായം കൊണ്ടോ, ചർച്ചിലിനെപ്പോലെയുള്ള ചില സാമ്രാജ്യവാദികളുടെ സഹതാപം കൊണ്ടോ ഭാരതത്തിന്റെ മർമ്മസ്ഥാനത്ത് ഒരു സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കാമെന്നു വ്യാമോഹിക്കുന്ന നൈസാം ഓടൽ ചുള്ളികൾകൊണ്ടു പുതമണലിൽ കൊട്ടാരം പണിയാനാണു ശ്രമിക്കുന്നത്. വെളിയിലുള്ള ലോകവുമായി സമ്പർക്കം നശിച്ച്, ഗതാഗതമാർഗ്ഗങ്ങൾ തടഞ്ഞ്, വ്യാപാരം മുടങ്ങി, വ്യവസായങ്ങൾ കുഴങ്ങി ആകെപ്പാടെ താറുമാറായി കിടക്കുന്ന ഈ "സ്വതന്ത്രരാഷ്ട്രത്തെ" രക്ഷിക്കുന്നതിനു കാസിം റസ്വിയുടെ ഭീഷണപ്രഭാഷണങ്ങൾക്കോ, വിൻസ്റ്റൺ ചർച്ചിലിന്റെ മുതലക്കണ്ണുനീരിനോ ശക്തിയില്ലെന്നു നൈസാം ഇതിനകം മനസ്സിലാക്കേണ്ടിയിരിക്കുന്നു. സ്വതന്ത്ര ഹൈദ്രബാദിന്റെ ചക്രവർത്തിയായ നൈസാം യഥാർത്ഥത്തിൽ ഇന്നു ഇന്ത്യൻ യൂണിയനിലെ ഒരു ജയിൽപ്പുള്ളിയാണ്, ഹൈദ്രബാദ് നൈസാമിന്റെ കാരാഗൃഹവുമാണ്. നൈസാം ഈ പരമാർത്ഥം മനസ്സിലാക്കുന്നതിനു ഇനിയും ഏതാനും ആഴ്ചകൾ കൂടെ മതിയാകും.

സിഡ്നി കോട്ടന്റെ ആ വിമാനയാത്ര നമ്മുടെ രാഷ്ട്രീയരംഗത്ത് ഒരു വലിയ കോളിളക്കം ഉണ്ടാക്കുക തന്നെ ചെയ്തു. കറാച്ചിയിൽ നിന്നും നേരിട്ടു ഹൈദ്രബാദിലേക്കു പറക്കാൻ ആർക്കും അവകാശമുണ്ടെന്നു സ്ഥാപിക്കാനായിരുന്നു ആ ആസ്ട്രേലിയൻ സാഹസപ്പെട്ടത്. അയാളുടെ ഈ "വീര"കൃത്യത്തെ അഭിനന്ദിക്കാനോ അനുകരിക്കാനോ വേറെ ആരും കാണുകയില്ലെന്നു അയാൾ പ്രതീക്ഷിച്ചിരുന്നിരിക്കുകയില്ല. ഈ സംഭവത്തെ തുടർന്നു, ഇന്ത്യാഗവർമ്മെന്റിന്റെ വിമാനങ്ങൾ ഒന്നും ഹൈദ്രബാദ് സംസ്ഥാനത്തിനു മുകളിൽ പറക്കാൻ പാടില്ലെന്നുള്ള വാദവുമായി നൈസാം മുന്നോട്ടു വന്നിരിക്കുകയാണ്. ഹൈദ്രബാദ് സംസ്ഥാനം മാത്രമല്ല അതിനു മുകളിലുള്ള വായുവും ആകാശവും കൂടെ

നൈസാമിൻെറ സ്വന്തമാണെന്നാണ് ഈ പുതിയ വാദത്തിൻെറ അർത്ഥം. സർവ്വരാജ്യനിയമമനുസരിച്ച ഒരു രാഷ്ട്രമെന്ന സ്ഥാനം ലഭിച്ചിട്ടില്ലാത്ത ഹൈദ്രബാദ് ഇങ്ങനെയുള്ള വിചിത്രവാദങ്ങൾ ഉന്നയിക്കുന്നതു രസകരമായിരിക്കുന്നു. മുങ്ങിത്താഴാൻ പോകുന്ന നൈസാം ഓലത്തുരുമ്പുകളെ ആശ്രയിക്കുന്നതിൽ ഒരുപക്ഷേ അത്ഭുതപ്പെടാനില്ലായിരിക്കാം.

* * *

## പക്കിസ്ഥാൻെറ തലവേദന.

പക്കിസ്ഥാനിൽ ഏതു കുഴപ്പമുണ്ടായാലും അതിന് എപ്പോഴും ഒരു കാരണം പറയാനുണ്ട്—അതായതു പക്കിസ്ഥാൻെറ ശത്രുക്കൾ ഈ പുതിയ മുസ്ലീം രാഷ്ട്ര ശിശുവിനെ ഞെക്കിക്കൊല്ലാനായി ആരംഭിക്കുന്ന ശ്രമമാണതു് എന്നു്. പൂർവ്വബംഗാളിലെ മുസ്ലീങ്ങൾ 'ബംഗാളി' ദേശീയഭാഷയാക്കണമെന്നു ആവശ്യപ്പെട്ടാൽ അതു പക്കിസ്ഥാൻെറ ശത്രുക്കൾ ഇളക്കി വിട്ട പ്രക്ഷോഭണമായി തീരും. ഡാക്കായിലെ പോലീസുകാർ പണിമുടക്കിയാൽ അതു മുസ്ലീം രാഷ്ട്രത്തെ നശിപ്പിക്കാനായി ഹിന്ദുക്കൾ നടത്തുന്ന ശ്രമത്തിൻെറ ഒരു ഫലമാണെന്നു പറയും. കറാച്ചി സിൻഡുപ്രോവിൻസിൽനിന്നും വേർതിരിക്കുന്നതിനെ പ്രതിഷേധിച്ചുകൊണ്ടു സിൻഡുകാർ പ്രമേയങ്ങൾ പാസ്സാക്കിയാൽ അതിൻെറയും ഉത്തരവാദിത്വം ഹിന്ദുക്കൾക്കാണ്. അബ്ദുൽഗാഫർ ഖാനെയും അദ്ദേഹത്തിൻെറ അനുയായികളെയും തുറുങ്കിലയച്ചതിനു ശേഷം അതിർത്തിയിലെ മുസ്ലീങ്ങൾ അസ്വസ്ഥരായിരിക്കുന്നതിനും ഇതേ കാരണം തന്നെയാണു പക്കിസ്ഥാനു പറയാനുള്ളതു്. ഇപ്പിയിലെ ഫക്കീർ ഇന്ത്യൻ യൂണിയൻെറ വേതനം വാങ്ങുന്ന അഞ്ചാംപത്തിക്കാരനാണെന്നും, ഗാഫർ ഖാനും ചെങ്കുപ്പായക്കാരും ഇന്ത്യൻ നേതാക്കന്മാരുടെ ആജ്ഞാനുവർത്തികളാണെന്നുമാണു പക്കിസ്ഥാൻെറ പുതിയ പ്രചരണവാദം. മുസ്ലീങ്ങളുടെ അഭിവൃദ്ധിക്കും ഇസ്ലാമിൻെറ മഹത്വത്തിനും വേണ്ടി നിലകൊള്ളുന്നുവെന്നു സ്വയം പ്രഖ്യാപിക്കുന്ന പക്കിസ്ഥാനാണ്, കഴിഞ്ഞയാഴ്ചയിൽ വിമാനങ്ങളെ അയച്ച് അതിർത്തിയിലെ അനവധി മുസ്ലീങ്ങളെ ബോംബെറിഞ്ഞു കൊന്നതു്. ബ്രിട്ടീഷ് ഗവമ്മെൻറ് അതിർത്തിദേശത്തു ബോംബെറിഞ്ഞപ്പോൾ വലിയ ബഹളങ്ങളും, പ്രതിഷേധപ്രക്ഷോഭണങ്ങളും നടത്തിയ മുസ്ലിം നേതാക്കന്മാരാണ് ഇന്നു ഈ വിമാനവേട്ട നടത്തിയതു്. ഒരു പക്ഷേ മുസ്ലീംലീഗുകാർ മുസ്ലിങ്ങളെ കൊന്നാൽ അതൊരു അധമ്മമല്ല എന്നായിരിക്കാം കൈായിദി ആസ്സാമിൻെറ വിധി. ഏതായാലും അതിർത്തിയിലെ അസ്വസ്ഥത പക്കിസ്ഥാൻെറ മാറാത്ത തലവേദനയായിരിക്കും.

* * *

## "മലയാളികളുടെ ഭരണം"

ഇന്ത്യാ ഗവമ്മെൻറിൻെറ ഉത്തരവാദിത്വമുള്ള പല ജോലികളും മലയാളികൾക്ക ലഭിക്കുന്നുവെന്നതു ചിലക്കെല്ലാം മനോവേദനയുണ്ടാക്കുന്നതുപോലെ തോന്നുന്നു. "ഇസ്റ്റേൺ ഇക്കണോമിസ്റ്റ് " എന്ന മാസികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:-

"മേനോന്മാരുടെ വംശത്തിൽപ്പെട്ട അഞ്ചു പേർ ഇന്നു ഗവമ്മെ

ങ്ങിൻെറ സിക്രട്ടറിപദങ്ങൾ അലങ്ക രിക്കുന്നുണ്ട്. അവരിൽ പ്രധാനി നാട്ടുരാജ്യവകുപ്പിൻെറ സെക്രട്ടറി മി. വി. പി. മേനോനാണ്. മി. കെ. പി. എസ്. മേനോൻ മി. ബാജ്പൈയുമൊന്നിച്ചു വിദേശവകുപ്പിൻെറ ആധിപത്യം വഹിക്കുന്നു. ധനകാര്യവകുപ്പിൽ മി. കെ. ആർ. കെ. മേനോനും, ആരോഗ്യവകുപ്പിൽ മി. പി. എം. മേനോനും, ഗതാഗതവകുപ്പിൽ മി. വി. കെ. ആർ. മേനോനും ഉണ്ട്."

പണ്ഡിററ് നെഹ്റുവിനു മലയാളികളോടു പ്രത്യേക ഒരു പ്രതിപത്തിയുണ്ടെന്നാണു പലരുടെയും ആരോപണം. അദ്ദേഹത്തിൻെറ സിക്രട്ടറി മി. എം. ഒ. മത്തായി മലയാളിയാണ്. ലണ്ടനിലെ ഹൈക്കമ്മീഷണർ മി. വി. കെ. കെ. മേനോൻ മലയാളിയാണ്. ജോൺ മത്തായി, പി. ജെ. തോമസ്, വെള്ളോടി, രാഘവൻ ഇവരെല്ലാം മലയാളികളാണ്. ഇങ്ങനെ മുമ്പോട്ടു പോയാൽ ഇന്ത്യാഗവമ്മെണ്ടിൻെറ എല്ലാ പ്രധാനസ്ഥാനങ്ങളിലും മലയാളിയുടെ ഭരണം സ്ഥാപിതമാകുമെന്നു പലരും ഭയപ്പെടുന്നു !! മലയാളികൾക്ക് എതിരായി പ്രക്ഷോഭണം നടത്താതെ, നിഷ്പക്ഷബുദ്ധിയായ പണ്ഡിററ് നെഹ്റുവിനെതിരായി പിറുപിറുക്കാതെ, തലച്ചോറ് എല്ലാ രാജ്യവിഭാഗങ്ങൾക്കും ഒരുപോലെ പങ്കിട്ടുകൊടുക്കണമെന്നു ദൈവത്തോട് അപേക്ഷിക്കുകയായിരിക്കും നല്ലതു്.

*   *   *

## ട്രൂമാൻ ജയിക്കുമോ ?

അമേരിക്കയിൽ പ്രസിഡണ്ടു സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പു പ്രചാരണം കൊടുമ്പിരികൊണ്ടു നടക്കുകയാണ്. നാലു വഷത്തിൽ ഒരിക്കൽ അമേരിക്കൻ ഐക്യനാടുകളെ മുഴുവൻ ഇളക്കി മറിക്കുന്ന ഒരു സംഭവമാണ് ഈ തെരഞ്ഞെടുപ്പ്. പ്രതിഭാശാലിയായിരുന്ന റൂസ്വെൽററിൻെറ നേതൃത്വത്തിൽ കഴിഞ്ഞ 16 വഷങ്ങളായി ഡിമോക്രാററ് കക്ഷിക്കു അമേരിക്കയിൽ ലഭിച്ചിരുന്ന രാഷ്ട്രീയനേതൃത്വം മിക്കവാറും നഷ്ടപ്പെടുന്ന ലക്ഷണങ്ങളാണു കാണുന്നതു്. രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ആരും പ്രസിഡണ്ടുസ്ഥാനം സ്വീകരിക്കരുതെന്നുള്ള ഉറച്ച മാമൂലിനെ വകവയ്ക്കാതെ മൂന്നാമതും നാലാമതും മത്സരിച്ചു വിജയം കൈവരിച്ച റൂസ്വെൽററ് ഇന്നു ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ഈ തെരഞ്ഞെടുപ്പിലും ഡിമോക്രാററു കക്ഷിയുടെ വിജയം നിശ്ചയമായിരുന്നേനേ. വാഷിങ്ടൻ, ലിങ്കൺ, വിൽസൺ, മുതലായ വിഖ്യാതരായ പ്രസിഡണ്ടന്മാരെപ്പോലെ തന്നെ സുപ്രധാനമായ ഒരു സ്ഥാനമാണു അമേരിക്കൻ ചരിത്രത്തിൽ റൂസ്വെൽററിനുള്ളതു്. പക്ഷേ യാദൃച്ഛികമായി പ്രസിഡണ്ടു സ്ഥാനത്തേക്കു അവരോധിക്കപ്പെട്ട ട്രൂമാൻ ഒരു വലിയ സ്ഥാനത്തിരിക്കുന്ന ചെറിയ മനുഷ്യനാണ്. ഒരു വലിയ രാഷ്ട്രീയകക്ഷിയുടെ നേതൃത്വം വഹിക്കുന്നതിനോ, അമേരിക്കയെപ്പോലെയുള്ള ഒരു മഹാ രാഷ്ട്രത്തിൻെറ ഭരണാധിപസ്ഥാനം അലങ്കരിക്കുന്നതിനോ ആവശ്യമായ വ്യക്തിമഹാത്മ്യവും ശേഷിയും ട്രൂമാന് ഇല്ലെന്നതു സകലക്കും അറിയാം. കക്ഷിയുടെ അടിസ്ഥാനത്തിലാണു തെരഞ്ഞെടുപ്പു നടക്കുന്നതെങ്കിലും മത്സരിക്കുന്ന ആളുകളുടെ സ്വാധീനശക്തിയും നിപു

ണതയും തെരഞ്ഞെടുപ്പിന്റെ വിജയം നിശ്ചയിക്കുന്ന പ്രധാന ഘടകങ്ങളാണ്. അമേരിക്കയിലെ രണ്ടു രാഷ്ട്രീയകക്ഷികൾ തമ്മിൽ പറയത്തക്ക യാതൊരു വ്യത്യാസവുമില്ല; രണ്ടു ലേബലുകൾ പതിച്ച ഒഴിഞ്ഞ കുപ്പികളാണവ. തെരഞ്ഞെടുപ്പുകാലത്തു ഓരോപരിപാടികൾ സ്വീകരിച്ചവ്യക്തികൾക്ക മത്സരംനടത്തുന്നതിനുമാത്രമേ അവ സഹായിക്കുന്നുള്ളു. തെരഞ്ഞെടുപ്പിന്റെ ഫലം മത്സരിക്കുന്ന വ്യക്തികളെ കാര്യമായി ആശ്രയിച്ചിരിക്കുമെന്നുള്ളതുകൊണ്ടു് ട്രൂമാൻ ജയിക്കുമെന്നു പ്രവചിക്കുവാൻ പ്രയാസമായിരിക്കുന്നു. ഡിമോക്രാറ്റ് കക്ഷിയിൽ സാരമായ അഭിപ്രായഭിന്നതകൾ മുഴച്ചുകണ്ടുതുടങ്ങിയിരിക്കുന്നു. ട്രൂമാന്റെ നീഗ്രോപ്രതാപത്താൽ തെക്കൻ നാടുകളിൽ ഡിമോക്രാറ്റകക്ഷിക്കുള്ള സ്വാധീനതയും ശക്തിയും നശിക്കുന്നതിനു് കൂടുതൽ കാരണമായിത്തീർന്നിരിക്കയാണു്. വാല്ലസിന്റെ സ്വതന്ത്രകക്ഷി രൂപവൽകരണവും പ്രസിഡണ്ടു സ്ഥാനത്തേക്കുള്ള മത്സരവും ഡിമോക്രാറ്റകക്ഷിയെ കാര്യമായി സ്പർശിച്ചിട്ടുണ്ടു്. ആകെപ്പാടെനോക്കുന്നപക്ഷം റിപ്പബ്ളിക്ക കക്ഷിയുടെ ജയം മിക്കവാറും നിശ്ചയമാണെന്നതന്നെ പറയാം.

—o—

ഒരു സന്ദർശകൻ ഒരു ക്ലബ്ബിൽ ചെന്നു് കാര്യദർശിയോടു്—

ചോദ്യം:— ഇവിടെ രാമൻനായരെന്നു പേരായി ഒരു കണ്ണുള്ള ആളെ നിങ്ങൾക്കറിയാമോ?

ഉത്തരം:— അദ്ദേഹത്തിന്റെ മറേറ കണ്ണിന്റെ പേരെന്താണാവോ?

## നേർ വിപരീതം No. 3.




സ്ഥിരശമ്പളക്കാരൻ




Courtesy : Sankar's Weekly.

# വായനക്കാർ ലോകവാണിയിൽ

[കഴിഞ്ഞ ലക്കത്തിൽ ഈ പംക്തിയിൽചേർത്ത അന്ത്യോപഹാരം എന്ന കത്തു ശ്രീ. ജി. ആർ. എടക്കാട്ട് എന്ന ഒരാൾ അയച്ചുതന്നതാണ്. പേരു ചേർക്കാൻ വിട്ടുപോയതിനു ക്ഷമാപണം.]

ശ്രീമൻ,

ഏഴാംലക്കത്തിൽ ശ്രീ: കേശവമേനോൻ പറയുന്ന വിധം ഭാരതത്തിൽ നോവൽ പ്രസ്ഥാനം തഴച്ചോത്തതു സാമുദായിക സംഭവങ്ങളുടെ ബാഹുല്യം ഇല്ലാത്തതുകൊണ്ടാണെന്നു തോന്നുന്നില്ല.

ഇംഗ്ലീഷിൽ ഈയ്യിടെ ഞാൻ രണ്ടു നോവലുകൾ കണ്ടു. ഒന്നു 13-ാം നൂററാണ്ടിലെ കഥയാണ്. നാം ഇന്നു അതിലും പിന്നിലല്ലല്ലൊ. മറെറാന്നു ഒരു ചീന നോവലാണ്. —റിക്ഷാബോയ്. നമ്മുടെ ഒരോ റിക്ഷാക്കാരനേയും പററി അത്തരം ഒരു നൊവലെഴുതാം. എന്തിന്, മുൾക്‌രാജിൻെറ കൂലി, അസ്പൃശ്യൻ തുടങ്ങിയവയില്ലെ.

മലയാളത്തിൽ തന്നെ കഴിഞ്ഞ 30 കൊല്ലം എന്തെല്ലാം നടന്നു — മലബാർലഹള, ഉപ്പുസത്യഗ്രഹം, വൈക്കം ഗുരുവായൂർ, നമ്പൂതിരി വിധവാവിവാഹം, കയർതൊഴിലാളി സമരങ്ങൾ, തിരുവിതാംകൂർ കൊച്ചി രാഷ്ട്രീയ സമരങ്ങൾ, എന്നിങ്ങിനെ എത്രയെത്ര.

പൊളിഞ്ഞു പാളീസ്സായ ജന്മിതറവാടുകൾ, ആസ്സാം, തൃക്കണ്ണാമല, ബോംബെ, കൽക്കത്ത, മദിരാശി പിനാങ്ക്, സിങ്കപ്പൂർ മലയാളികളുടെ ചരിത്രം : ഇതെല്ലാം എത്ര നോവലുകൾക്കു വകതരുന്നു.

പാലിയം സത്യാഗ്രഹത്തിൽ പാലിയത്ത് സംബന്ധക്കാരൻ അനുഭാവം കൊടുത്തതും പൊന്നുതമ്പുരാൻ കുട്ടികൾ പങ്കെടുക്കുന്നതും അവരിനും കൊട്ടാരബന്ധനത്തിൽ കഴിയുന്നതും സംഭവങ്ങളല്ലെ.

പതിനൊന്നായിരവും ഇരുപതിനായിരവും പറനെല്ല് പാട്ടംവരാനുണ്ടായിരുന്ന കുടുംബങ്ങൾ പൊളിഞ്ഞ് അതിലെ പെൺകിടാങ്ങൾ അളഗപ്പാടെക്സ്റ്റൈൽസിലും സീതാറാംമില്ലിലും നൂലെടുക്കുന്ന തൊഴിലാളികളായതും, പിക്കററു ചെയ്യുന്നതും അടികൊള്ളുന്നതും ജയിലിൽ പോകുന്നതും സംഭവങ്ങളല്ലെ ?

പുന്നപ്രവയലാർ എത്ര ഗ്രന്ഥത്തിനും, മദറിനും ഇംഗ്ലീഷ് എപ്പിസോഡിനും വകതരുന്നുണ്ട്.

അപ്പോൾ സംഭവങ്ങൾ വേണ്ടതുണ്ട്. എഴുത്തുകാർ ഇല്ല. അഥവാ എഴുത്തുകാരുമുണ്ട്. പക്ഷെ അവരിനും കൊട്ടാരവാതുക്കലാണ്, കൊട്ടാരംവിട്ട അല്പംപേർ മുതലാളിവാതുക്കലും. ജനങ്ങളോ അവിടുന്നെല്ലാം പോന്നും കഴിഞ്ഞു. സാഹിത്യകാരന്മാർ അവിടെ എത്തണം. അത്രേ വേണ്ടു. സംഭവങ്ങൾ സുലഭമുണ്ട്. ഇതു കേരളത്തിനെന്നപോലെ ഇന്ത്യക്കൊട്ടാകെയും ബാധകമാണ്.

നോവൽ മാത്രമല്ല, പദ്യസാഹിത്യത്തിൻെറ കഥയെന്താണ്? നല്ലൊരു കവിത എത്ര ദുർല്ലഭമായിരിക്കുന്നു. മഹാകാവ്യം കണികാണാനേയില്ല. വിമർശന സാഹിത്യമോ? സ്വദേശാഭിമാനിയുടെ പിൻമുറക്കാരാണ് നാം എന്നു പറഞ്ഞറിയിക്കേണ്ടേ? സി. പി. അച്യുതമേനോനും ആ തലമുറക്കാരും എഴുതിയതല്ലാതെ ഒരു ശാസ്ത്രഗ്രന്ഥമോ ചരിത്രമോ ഈ ഇരുപത്തഞ്ചുകൊല്ലക്കാലം പുറത്തുവന്നിട്ടുണ്ടോ? ഇന്നു ധാരാളമെന്നു പറയുന്ന ചെറുകഥ തന്നെ എടുത്തുനോക്കു? കുറച്ചെങ്കിലും ആഴമുള്ളതെത്രയുണ്ട്. തമ്മിൽ ഭേദം അവരാണെന്നു മാത്രം. (അതിനും കാരണമുണ്ട്. അവർ കുറച്ചെങ്കിലും ജനങ്ങളുടെ കൂടെ എത്തിയവരാണ്.)

വാസ്തവത്തിൽ ചന്തുമേനോൻെറയും അച്യുതമേനോൻെറയും തമ്പുരാക്കന്മാരുടെയും കാലത്തേക്കാൾ കഴിഞ്ഞ 25 കൊല്ലക്കാലം സംഭവബഹുലമായിരുന്നില്ലേ? അന്നു ഒന്നര നോവലെങ്കിലും—അതു കുറെ കടന്ന കയ്യാണേ!—ഉണ്ടായ സ്ഥിതിക്കു ഈ കഴിഞ്ഞ കാൽനൂററാണ്ടിൽ അരച്ചന്തുമേനോൻ ഉണ്ടായിരുന്നെങ്കിൽ 'എന്തെല്ലാം' കൈരളിക്കു കിട്ടുമായിരുന്നു! എന്തുകൊണ്ടു ആ അരച്ചന്തുമേനോനെങ്കിലും ഉണ്ടായില്ല എന്നതാണു സാഹിത്യചിന്തകന്മാർ അത്ഭുതപ്പെടേണ്ടതും ചുഴിഞ്ഞാലോചിക്കേണ്ടതും.

തൃശ്ശൂർ. കെ. അയ്യപ്പൻ.

—:o:—

ശ്രീമൻ,

സകരുണം അയച്ചുതന്ന 'ലോകവാണി' രണ്ടു ലക്കങ്ങളും യഥാകാലം കിട്ടി. വൈവിധ്യവും വൈചിത്ര്യവും കലർന്ന അതിൻെറ ഉള്ളടക്കവും പുറം ചിത്രവും എന്നെ നല്ലപോലെ ആകർഷിച്ചു. ഡാക്ടർ ചേലനാട്ടു അച്യുതമേനോനെപ്പോലെയുള്ള സഹൃദയാഗ്രണികളുടെ തൂലികാവിലാസത്തിനു ഭാജനമായ 'ലോകവാണി' എല്ലാത്തരം വായനക്കാരേയും സമാകർഷിക്കുവാൻ പോറിയതാണെന്നു കാണുന്നതിൽ സന്തോഷിക്കുന്നു. വിജ്ഞാനവും വിനോദവും ഏകകാലത്തു നൽകുന്ന ഇത്തരം പ്രസിദ്ധീകരണങ്ങൾ നമ്മുടെ ഭാഷയിൽ അപൂർവ്വമാണ്. ജീവചരിത്രസരണിയും പുസ്തകാഭിപ്രായവും നന്നായിരിക്കുന്നു. നമ്മുടെ പുരാതനചരിത്രത്തെ സ്പർശിക്കുന്ന ലേഖനങ്ങൾകൂടി പതിവായി പ്രസിദ്ധപ്പെടുത്തിയാൽ കൊള്ളാം. 'ലോകവാണി'യുടെ സാഹിത്യനായകൻ പഴമയിലും പുതുമയിലും ഒന്നുപോലെ തല്പരനാണെന്നു കാണാൻ വിഷമമില്ല. "തിരുവിതാംകൂറും ഐക്യകേരളവും" എന്ന ലേഖനം സന്ദർഭോചിതവും സാരവത്തുമായിരിക്കുന്നു. 'നഖലേഖന'ത്തെപ്പോലുള്ള പ്രബന്ധങ്ങൾ വായനക്കാർക്കു തീർച്ചയായും പ്രയോജനപ്രദങ്ങളാണ്. ധൂമാങ്കുരചിന്തകൾ രസകരമായിരിക്കുന്നു. 'ലോകവാണി'ക്കു എൻെറ ഹൃദയംഗമമായ മംഗളാശംസകൾ!

വി. ആർ. പരമേശ്വരൻ പിള്ള
ക്യൂറേട്ടർ.

Printed by V. Balasubramanian at The Jaya Kerala Press 1/16 Royapetta High Road. Edited and published by K. M. George M. A. 1/16 Royapetta High Road, Madras.

*Approach*

# The Navajeevan Type Foundry

★

for quality types in English, Tamil, Telugu and Malayalam.

New type-casting machines also for sale.

★

For further particulars

***Contact*:**

The Proprietor,

**The Navajeevan Type Foundry,**

73, Sala Vinayagar Koil Street,

MADRAS 1.

Regd. No M. 5100

# ലോകവാണി

(പ്രതിപക്ഷ പത്രിക)

## ആവശ്യമുണ്ട്.

1. കൊല്ലം, ആലപ്പുഴ, തൊട്ടപ്പുഴ, മാവേലിക്കര, കുന്നംകുളം, ആലുവാ, തലശ്ശേരി, പാലക്കാട് എന്നീ സ്ഥലങ്ങളിലേക്ക ഏജൻ്റന്മാരെ ആവശ്യമുണ്ട്. വ്യവസ്ഥകൾക്ക എഴുതുക.

2. സാമർത്ഥ്യവും പരിചയവുമുള്ള ഒരു സബ് എഡിറററെ ആവശ്യമുണ്ട്. യോഗ്യതകളും, സ്വീകരിക്കാവുന്ന കുറഞ്ഞ ശമ്പളവും കാണിച്ചു എഴുതുക.

The Editor,
LOKAVANI Office
Tambaram.

**P. V. John & Bros**

(TAILORS AND OUTFITTERS)

The Most up to date Fashions in tailoring both for Ladies and Gents.

**P. V. John & Bros**
No. 13, High Road
Royapettah, Madras.

Cover Printed at Lodhra Press, Madras.